വാല്യം 110


മലമ്പുഴ ബ്ലോക്ക്
(പാലക്കാട് ജില്ല)

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

പെരുവെമ്പ് ഗ്രാമ പഞ്ചായ


ജനകീയാസൂത്രണ

സമഗ്ര വികസന രേഖ



പെരുവെമ്പ് ഗ്രാമ പഞ്ചായത്ത് ഓഫീസ്
പാലക്കാട് - 678531

കേരളം




ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പെരുവെമ്പ് ഗ്രാമ പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ



ആമുഖം

ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. ഏന്നിട്ടും നമ്മുടെ രാജ്യത്തിന് അതികഠിനമായ ഭക്ഷ്യക്ഷാമത്തെ നേരിടേണ്ടിവന്നിട്ടുണ്ട്. ലക്ഷക്കണക്കിന് ആളുകൾ പട്ടിണികൊണ്ട് മരിക്കാനിടയായിട്ടുണ്ട്. ഇനി ഒരിക്കലും ഇങ്ങിനെ സംഭവിക്കാതിരിക്കാൻ എന്ത് ചെയ്യണം എന്ന ചോദ്യത്തിനു മുൻപിൽ നെഹ്റു കണ്ടെത്തിയ മാർഗമാണ് പഞ്ചവത്സര പദ്ധതികൾ. 1917നു ശേഷം സോവിയറ്റ് യൂണിയനിൽ വന്നമാറ്റം അദ്ദേഹം ശ്രദ്ധിച്ചു. അതേ മാതൃകയിൽ രാജ്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാമെന്നു കരുതുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. കാർഷികാഭിവൃത്തിക്കുവേണ്ടിയുള്ള പദ്ധതികളാണ് ആദ്യപരിഗണനയ്ക്കർഹമായത്. ഇന്ത്യയിലെ കർഷകർ കഠിനാദ്ധ്വാനികളാണ്. അവർക്ക് ആദ്യം നല്കേണ്ടത് ജലമാണ്. നീരൊഴുക്കുകൾ തടഞ്ഞ് വൻകിട ജല സേചന പദ്ധതികളിലൂടെ ലക്ഷ്യം കാണാൻ നാടൊട്ടുക്ക് വൻകിട അണക്കെട്ടുകൾ ഉയർന്നു വന്നു. ജലസേചനം ലഭിക്കുക മാത്രം കർഷകനു നല്കിയാൽ പോര, അത്യുല്പാദന ശക്തിയുള്ള വിത്തിനങ്ങൾ അവക്കാവശ്യമാണ്. അതിനുള്ള ഗവേഷണ പദ്ധതികൾ കാർഷിക സർവ്വകലാശാലാതലങ്ങളിലും ഗവൺമെണ്ട് നേരിട്ടും നടത്തി കാലാവസ്ഥയ്ക്കനുയോജ്യമായ വിത്തുകൾ ഉല്പാദിപ്പിക്കുവാൻ പദ്ധതി വിഭാവനം ചെയ്തു. വിത്തുകൾ ലഭ്യമാകുന്നതോടൊപ്പം അതിന്റെ വളർച്ചയ്ക്കും വിളവിനും രാസവളം ലഭ്യമാക്കണം. വൻകിട രാസവള ഫാക്ടറികൾ പദ്ധതിയിൽ ലക്ഷ്യമിട്ടു. അവയ്ക്കാവശ്യമായി വരുന്ന അസംസ്കൃത സാധനങ്ങൾ വിദേശരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടതിനാൽ കർഷകനു അതു വാങ്ങാൻ കഴിയാത്ത സാമ്പത്തിക ബാദ്ധ്യതയുണ്ടാവും. അതു തരണം ചെയ്യാൻ സബ്സിഡികൾ ഏർപ്പെടുത്തി, രോഗ പ്രതിരോധത്തിനു കീടനാശിനികൾക്കും ഇത്തരം സബ്സിഡികൾ നല്കേണ്ടതാണെന്നു ഗവൺമെണ്ട് തീരുമാനിച്ചു. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിനുള്ള വിപണനവും ഗവൺമെണ്ട് ഏറ്റെടുത്തു. സിവിൽ സപ്ലൈസ് കോർപറേഷനും മറ്റും അക്കാര്യം ഏറ്റെടുക്കുകയുണ്ടായി. മൊത്തത്തിൽ സമഗ്രമായ കാർഷിക വികസനം ലക്ഷ്യമിട്ട പദ്ധതി ഒരു പുതിയ ഉണർവാണ് ഈ രംഗത്തുണ്ടാക്കിയത്. ക്ഷാമം എന്നതു ഇന്ത്യ മറന്നു.

വ്യവസായിക വികസന പദ്ധതികൊണ്ടുവന്നു. ഇരുമ്പുരുക്കു മേഖലയിൽ വൻ മുന്നേറ്റമാണു് ഉണ്ടാക്കിയെടുത്തതു്. ഖനന പദ്ധതികളും, കോച്ചു് ഫാക്ടറികളും, ഇൻസ്ട്രുമെൻറേഷൻ പോലുള്ള സ്ഥാപനങ്ങളും, സിവിൽ എവിയേഷൻ സംരംഭങ്ങളും എന്നിവയിലെല്ലാം സ്വയം പര്യാപ്തയുണ്ടാക്കുവേണ്ടിയുള്ള ശ്രമങ്ങളാണു് തുടർന്നുവന്ന പഞ്ചവത്സര പദ്ധതികൾ വിഭാവനം ചെയ്തതു്.

എന്തുകൊണ്ടോ ഈ പദ്ധതികളെല്ലാം മറ്റു് സ്വകാര്യമേഖലാ സംരംഭങ്ങൾക്കു് വഴിമാറികൊടുക്കുവാനും, അവക്കു് ലാഭമുണ്ടാകുമ്പോൾ പൊതുമേഖല നഷ്ടത്തിന്റെ കണക്കുകൾ നിരത്തുവാനും ഇടവന്നു. അശ്രദ്ധയും, വേണ്ടത്ര കാഴ്ചപ്പാടില്ലായ്മയും അഴിമതിയും പദ്ധതികളെ പരാജയത്തിന്റെ പടിവാതിലിലെത്തിച്ചു. ശരിയായ ആസൂത്രണത്തിന്റെ അഭാവം, ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ കാണിക്കേണ്ട കാഴ്ചപ്പാടു് എന്നിവ ഈരംഗത്തെയാകെ തളർത്തുകയായിരുന്നു.

ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജിന്റെ സ്വപ്നം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല. ആസ്വപ്നത്തിനു് ചിറകുമുളയ്ക്കുവാൻ അമ്പതു വർഷത്തെ കാത്തിരുപ്പു് ആവശ്യമായിവന്നു. അടിത്തട്ടിൽ നിന്നുംഉള്ള വികസനം എന്ന കാഴ്ചപ്പാടു് ഒന്പതാംപദ്ധതിയിലെങ്കിലും നടപ്പാക്കുക എന്ന കേരളത്തിന്റെ ആസൂത്രണ വിഭാഗം ഏറ്റെടുത്തു. ജനകീയ പങ്കാളിത്തത്തോടെ ജാതി-മത-വർഗ്ഗപരിഗണനകൾ കൂടാതെ, രാഷ്ട്രീയ പാർട്ടികളുടെ ഇടവും നിറവും നോക്കാതെ ജനസേവനത്തിന്റെ അത്യുന്നത മേഖലയിലേയ്ക്കുള്ള ഈവിരൽ ചൂണ്ടലിനു് അത്ഭുതപൂർവ്വമായ സ്വീകരണമാണു് ഗ്രാമപഞ്ചായത്തുകളിൽനിന്നും ഉണ്ടായതു്. അഴിമതിയും ഇടത്തട്ടും ഇല്ലാത്ത ജനങ്ങളുടെ കൂട്ടായ്മ വികസനത്തിന്റെ വേഗത വർദ്ധിപ്പിക്കും എന്നതു് തർക്കമറ്റകാര്യമാണു്.

നിരന്തര പ്രവർത്തനത്തിലൂടെ, അക്ഷീണ യത്നങ്ങളുടെ ഒരു കാലഘട്ടമാണിതു്. അലസത ഉപേക്ഷിച്ചു് സർവ്വ വിധ അർത്ഥവ്യാപ്തിയിലും ആസൂത്രണം താഴെ തട്ടിൽ നിന്നു തന്നെ ഉണ്ടാവുന്നു. ഒരു ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര ചരിത്രവും പഠനവും നാളിതുവരെ ഉണ്ടാവാത്ത ഒന്നാണു്. ജൈവ വൈവിദ്ധ്യങ്ങളുടെ കലവറകൾ തുറക്കാനുള്ള ശ്രമം ഒരു പരിധിവരെ വിജയിക്കുകയാണു്.

ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മോചനവും മേലേത്തട്ടിൽ നിന്നും ഇന്നുവരെ നടത്തിവന്ന ആസൂത്രണവും, ഉദ്യോഗസ്ഥന്മാരുടെ മാത്രം ഉത്തരവാദിത്തവും ഒഴവാക്കി ജനകീയ ജനാധിപത്യ പ്രക്രിയയിലൂടെ സർവ്വരേയും സമന്വയിപ്പിക്കുന്ന ഈ ആസൂത്രണ പ്രക്രിയ ഇന്ത്യയ്ക്കാകെ മാതൃകയാണെന്ന് നമ്മുടെ പ്രധാനമന്ത്രിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ചു നടത്തിയ പ്രഖ്യാപനം അത്ഥവത്തും അവസരോചിതവും, സത്യസന്ധവും മാത്രമല്ല, നമുക്കെല്ലാം ആവേശം നൽകുന്നതുമാണ്. ഈ കൊച്ചു കേരളത്തിന്റെ കണ്ണും കാതും ഇവിടെ തുറക്കുകയാണ്. പെരുവെമ്പ് പഞ്ചായത്തിന്റെ സാദ്ധ്യതകളും വിലയിരുത്തി വരും നാളുകളിലേയ്ക്കുള്ള സ്കീമുകളും ശ്രദ്ധയോടെ രൂപീകരിക്കാൻ വേണ്ട അസംസ്കൃത സാധനങ്ങളും നമ്മളും കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. അതിന്റെ പരിണാമം വളച്ചയിലേയ്ക്കുള്ള കുതിച്ചുചാട്ടമാവും എന്നു നമുക്കു പ്രതീക്ഷിക്കാം. 1997 മാച്ച് മാസത്തിൽ 8-ാം പഞ്ചവത്സര പദ്ധതി പൂർത്തിയാവുകയും 9-ാം പഞ്ചവത്സര പദ്ധതി തുടങ്ങുകയും ചെയ്യും. അഞ്ചു വർഷത്തെ ആ പദ്ധതികാലം അതിന്റെ എല്ലാ അർത്ഥത്തിലും അത്ഭുതങ്ങളുടേതാവുമെന്നു നമുക്കു പ്രതീക്ഷിയ്ക്കാം.



ഉള്ളടക്കം

ആമുഖം

പഞ്ചായത്തു് ഒറ്റനോട്ടത്തിൽ

ചരിത്രം

ജനകീയാസൂത്രണ പരിശീലനം

1. കൃഷിയും ജലസേചനവും 24
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും 44
3. വിദ്യാഭ്യാസം 49
4. കുടിവെള്ളവും പൊതുജനാരോഗ്യവും 54
5. വ്യവസായം 63
6. ഗതാഗതം ഊർജ്ജം 74
7. പാർപ്പിടവും സാമൂഹ്യക്ഷേമവും 83
8. സംസ്കാരം 89
9. വനിത 93
10. സഹകരണമേഖല 101
11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം 108
12. വിഭവ സമാഹരണം 115



പഞ്ചായത്ത്–ഒറ്റനോട്ടത്തിൽ


പഞ്ചായത്തിന്റെ പേര്	:	പെരുവെമ്പ് ഗ്രാമപഞ്ചായത്ത്
പഞ്ചായത്തിന്റെ ഗ്രേഡ്	:	ഒന്നാം ഗ്രേഡ്
ഉൾപ്പെടുന്ന വില്ലേജ്	:	പെരുവെമ്പ
ബ്ലോക്ക് പഞ്ചായത്ത്	:	മലമ്പുഴ
ജില്ലാ പഞ്ചായത്ത്	:	പാലക്കാട്
താലൂക്ക്	:	പാലക്കാട്
അസംബ്ലി മണ്ഡലം	:	മലമ്പുഴ
പാർലിമെന്റ് മണ്ഡലം	:	പാലക്കാട്
വിസ്തീർണ്ണം	:	2049.14 ഹെക്ടർ
അതിരുകൾ	;	കിഴക്ക് : ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി, പൊൽപ്പുള്ളി പഞ്ചായത്ത്. പടിഞ്ഞാറ് : കൊടുവായൂർ പഞ്ചായത്ത്. തേങ്കുറുശ്ശി പഞ്ചായത്ത്, കണ്ണാടി പഞ്ചായത്ത്. തെക്ക് : പുതുനഗരം പഞ്ചായത്ത്, കൊടുവായൂർ പഞ്ചായത്ത്. വടക്ക് : കണ്ണാടി പഞ്ചായത്ത് കൊടുമ്പ് പഞ്ചായത്ത്.
ജനസംഖ്യ	:	17,384
പുരുഷന്മാർ	:	8,452
സ്ത്രീകൾ	:	8,932
അക്ഷരാഭ്യാസം ഉള്ളവർ	:	11425
വാർഡുകൾ	:	9
പ്രസിഡണ്ടിന്റെ പേര്	:	ശ്രീ. C. ഈച്ചരൻ
വൈസ് പ്രസിഡണ്ടിന്റെ പേര്	:	ശ്രീ. C. കൃഷ്ണൻകുട്ടി
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	:	ശ്രീ. C. C. വിജയൻ

പഞ്ചായത്ത് ഒറ്റനോട്ടത്തിൽ


പഞ്ചായത്തു് കിണർ	—	31 എണ്ണം
വലിയ അമ്പലങ്ങം	—	14 എണ്ണം
മുസ്ലീം പള്ളികം	—	3 എണ്ണം
സക്കാർ ഓഫീസ്സുകം	—	7 എണ്ണം
സക്കാർ ആശുപത്രികം	—	2 എണ്ണം (അലോപതി 1, ആയുർവ്വേദം 1)
മൃഗാശുപത്രികം	—	1 എണ്ണം
വായനശാലകം	—	16 എണ്ണം
ലൈബ്രറികം	—	1 എണ്ണം
മരുന്നു കടകം	—	3 എണ്ണം
ചായ പീടികകം	—	43 എണ്ണം
ഇറച്ചി കടകം	—	5 എണ്ണം
സിനിമ തിയേറ്റർ	—	1 എണ്ണം
എൽ. പി. സ്കൂം	—	5 എണ്ണം
ഹൈസ്കൂം	—	1 എണ്ണം
റോഡുകം	—	44 എണ്ണം
ശ്മശാനങ്ങം	—	9 എണ്ണം
പുഴകം	—	1 എണ്ണം
തോടുകം	—	6 എണ്ണം
വഴിയോര വൃക്ഷങ്ങം	—	46 എണ്ണം
പൊതു വാട്ടർ ടാപ്പുകം	—	261 എണ്ണം
ബസ്സ്റ്റോപ്പുകം	—	7 എണ്ണം



C. ഈച്ചരൻ
പ്രസിഡണ്ട്.



C. കൃഷ്ണൻകുട്ടി,
വൈസ് പ്രസിഡണ്ട്.




C. C. വിജയൻ,
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



P. രാധാമണി.
മെംബർ.




C. കമലാക്ഷി,
മെംബർ.




P. ചെന്താമരാക്ഷൻ,
മെംബർ



V. K. കുമുദം,
മെംബർ.



M. സുദേവൻ,
മെംബർ



R. വെങ്കിടാചലം,
മെംബർ.

പെരുവെമ്പ്
പഞ്ചായത്ത്

ചരിത്രം

ചരിത്രം

പാലക്കാട് പട്ടണത്തിനു തെക്കുവശത്തായി പന്ത്രണ്ടു കിലോ മീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഒരു ചെറിയ ഗ്രാമമാണ് 'പെരുവെമ്പ്'. പെരുവെമ്പ് എന്ന പേരു് ഈ പ്രദേശത്തിനു ലഭിച്ചതിനു പിറകിൽ പല കാരണങ്ങളും പഴമക്കാർ പറഞ്ഞു കേൾക്കാറുണ്ടു്. ഈ പേരു് ലഭിക്കാനിടയായതിനു് പ്രധാനമായി പറയാനുള്ള കാര്യങ്ങളും മൂന്നെണ്ണമാണു്. ഒന്നു് ഈ ഗ്രാമത്തിൽ ചേരമാൻ പെരുമാളും മഹാരാജാവു് ഓരോ ദിവസം വീതം നൂറിലധികം ദിവസം നൂറിലധികം പ്രദേശത്തു താമസിച്ചു എന്നും താമസിച്ച പ്രദേശത്തെല്ലാം ഓരോ കുളവും ഓരോ അമ്പലവും നിർമ്മിച്ചു എന്നും അങ്ങിനെ മൊത്തം നൂറിയൊന്നു് കുളങ്ങളും നൂറിയൊന്നു് അമ്പലങ്ങളും നിർമ്മിച്ചു എന്നാണു് ഐതിഹ്യം. അങ്ങിനെ പെരുമാളും എന്ന പേരിൽ നിന്നും പെരുവെമ്പ് എന്ന പേരു് വന്നു എന്നു് പറയപ്പെടുന്നുണ്ടു്.

അതുപോലെതന്നെ 'പെരുവെമ്പ്' എന്ന പേരു് ഈ പ്രദേശത്തിനു് ലഭിക്കാനിടയായതിനു മറ്റൊരു കാര്യം ഇതാണു്. ഇവിടെ പണ്ടു് ധാരാളം പെരുത്ത വലിപ്പത്തിലുള്ള വേപ്പു് മരങ്ങളും ഉണ്ടായിരുന്നു എന്നും പെരും വേപ്പു് എന്നതിൽ നിന്നു 'പെരുവെമ്പ്' എന്ന പേരു് വന്നു എന്നും പറയപ്പെടുന്നു.

'പെരുവെമ്പ്' എന്ന പേരു് ഈ പ്രദേശത്തിനു് ലഭിക്കാനിടയായതിനു പിന്നിലുള്ള മറ്റൊരു കാര്യം ഇതാണു്. ഈ പ്രദേശത്തെ പ്രധാനപ്പെട്ട ക്ഷേത്രമാണു് ശ്രീ ഊട്ടുകുളങ്ങര ഭഗവതി ക്ഷേത്രം. ഭഗവതിയുടെ പ്രതിഷ്ഠയാണു് അമ്പലത്തിലുള്ളതു്. തമിഴിൽ ഭഗവതിയെ അംബാളം എന്നാണു് വിളിക്കുക. അങ്ങിനെ പെരിയ അംബാളം എന്ന വിശേഷണത്തിൽ നിന്നും 'പെരുവെമ്പ്' എന്ന പേരു് വന്നതായി പഴമക്കാർ പറഞ്ഞു കേൾക്കാറുണ്ടു്.

ഇന്ത്യയ്ക്കു് സ്വാതന്ത്ര്യം ലഭിക്കുന്നതിനു് മുമ്പു് അറുനൂറോളം നാട്ടുരാജ്യങ്ങളും ഉള്ള ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലുള്ള നാടുവാഴിത്ത ഭൂപ്രഭുക്കന്മാരുടെ ഭരണമായിരുന്ന നിലനിന്നിരുന്നതു്.

നമ്മുടെ ഈ പെരുവെമ്പ് പ്രദേശം ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. അതായത് മലബാർ ബ്രീട്ടിഷ് കലക്ടരുടെ ഭരണത്തിലായിരുന്നു.

സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് നാടുവാഴി ദുഷ്പ്രഭുത്വം ഈ പ്രദേശത്തും നിലനിന്നിരുന്നു. താഴ്ന്ന ജാതിക്കാരൻ എന്നും ഉയർന്ന ജാതിക്കാരൻ എന്നുമുള്ള അന്തരം നിലനിന്നിരുന്നു. വസ്ത്രധാരണത്തിൽ തന്നെ ഈ അന്തരം വ്യക്തമായിരുന്നു. അന്നു കാലങ്ങളിൽ ഈ പ്രദേശത്തുള്ള താഴ്ന്ന ജാതിക്കാരായ ഈഴവരും പട്ടികജാതിക്കാരും കച്ചമുറിയോ കറുപ്പു വസ്ത്രമോ മാത്രമെ ധരിക്കാവൂ. അതുപോലെതന്നെ പട്ടികജാതിയിൽപ്പെടുന്ന സ്ത്രീകളും നിർബന്ധമായും രണ്ടു കൈകളിലും മുട്ടോളം പിച്ചളവളകളും ധരിച്ചിരിക്കണം. ഇതു അവരെ സമൂഹത്തിൽ തിരിച്ചറിയാനായിരുന്നു. ഇതുപോലെ തന്നെ പട്ടികജാതിക്കാരായ സ്ത്രീകളും ബ്ലൗസിനു പകരം മുഞ്ഞാപ്പുകെട്ടുന്ന സമ്പ്രദായം നിലനിന്നിരുന്നു. ഉയർന്ന ജാതിക്കാരനെ കണ്ടാൽ താഴ്ന്ന ജാതിക്കാരൻ വഴി മാറി നടക്കണം, ഉയർന്ന ജാതിക്കാർ താമസിക്കുന്ന തെരുവുകളിൽ താഴ്ന്ന ജാതിക്കാക്ക് പ്രവേശനം നിഷേധിച്ചിരുന്നു. അതുപോലെതന്നെ ഉയർന്ന ജാതിക്കാർക്കു മാത്രമായി കുളങ്ങളും അമ്പലങ്ങളും ഉണ്ടായിരുന്നു. ഉയർന്ന ജാതിക്കാരുടെ മുറ്റത്തുകൂടെ താഴ്ന്ന ജാതിക്കാർ ഏൽക്കേണ്ടിവന്നു.

അന്നുകാലങ്ങളിൽ ഈ പ്രദേശത്തു് ധാരാളം അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നതായി പറയപ്പെടുന്നുണ്ടു്. ഉദാഹരണത്തിനു് മോഷണം തെളിയിക്കുന്നതിനു് ചുട്ടപഴുപ്പിച്ച മഴു കൈകൊണ്ടു് എടുപ്പിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നതായി പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ടു്. മുകളിൽ പറഞ്ഞ അനാചാരങ്ങൾക്കും അനീതിക്കും അന്ധവിശ്വാസത്തിനും എതിരായി അന്നുകാലത്തുണ്ടായിരുന്ന പുരോഗമന പ്രസ്ഥാനങ്ങൾ പ്രതിഷേധം പ്രകടിപ്പിക്കുകയും ജാഥകളും സമരങ്ങളും സംഘടിപ്പിച്ചിരുന്നു. ഈ സമരങ്ങൾ എല്ലാം തന്നെ വിജയം കൈവരിച്ചിട്ടുണ്ടു്

വളരെ പണ്ടു് ഈ പ്രദേശത്തു് പുരോഗമന പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചു വന്നിരുന്നു എന്നതിനു തെളിവാണു് 1939-ൽ ഇവിടെ നടന്ന രണ്ടു മുക്കാൽ സമരം. അന്നു് ഈ പ്രദേശത്തുള്ള ബീഡി തൊഴിലാളികൾക്കു് 1000 ബീഡി നിർമ്മിച്ചാൽ ഏഴു് അണയായിരുന്നു കൂലി. ഏഴണയുടെ പകരം 7½ അണകൂലി ആവശ്യപ്പെട്ടു കൊണ്ടായിരുന്നു സമരം.

എന്നാൽ ആ സമരത്തെ അന്നത്തെ ഭരണാധികാരികളായ സാമ്രാജ്യ ശക്തികളും അടിച്ചമർത്തുകയാണുണ്ടായതു്. എന്നിരുന്നാലും ബീഡി തൊഴിലാളികളും രഹസ്യമായി സംഘടിക്കാറുണ്ടായിരുന്നു. ഇവർ ജനങ്ങളിൽ അക്ഷരജ്ഞാനവും ബോധവൽക്കരണവും നടത്തുന്നതിനായി ഈ പ്രദേശത്തു് വിവിധ ഭാഗങ്ങളിലായി ഓലപ്പുരകളും നിർമ്മിച്ചു് ക്ലാസ്സുകളും സംഘടിപ്പിച്ചു. ഇതിനു നേതൃത്വം നല്കിയതു് പെരുവെമ്പു് ചുങ്കത്തിലെ ശ്രീ. P.M. നൂർമുഹമ്മദു്, ഇല്ലിയംകാട്ടിലെ ശ്രീ. M. കിട്ട, ശ്രീ. M. രാമനാഥൻ, പുളിന്നിരക്കോട്ടിലെ ശ്രീ, കുപ്പുണ്ണി എന്നിവരായിരുന്നു.

1957-ൽ ഒഴിപ്പിക്കൽ നിരോധനം നിയമം പാസ്സാക്കുന്നതിനു മുമ്പു് ഈ പ്രദേശത്തു് പാട്ട കുടിയാൻമാരായിരുന്നു. ഇവരായിരുന്നു കൃഷിഭൂമിയിൽ വിളയിറക്കുകയും മറ്റും ചെയ്തു വന്നിരുന്നതു്. രേഖകളോ പ്രമാണങ്ങളോ ഇല്ലാതെ ജന്മിമാർ അവരുടെ കൃഷിഭൂമി പാട്ടത്തിനു് കുടിയാന്മാരെ ഏല്പിക്കുകയും താങ്ങാനാവാത്ത പാട്ടം ജന്മിയ്ക്കു നല്കി കുടിയാൻ പൊളിഞ്ഞു പാപ്പരാവുകയും പിന്നീടു് പാട്ടബാക്കി കൊടുക്കാത്തതിന്റെ പേരിൽ തൽക്ഷണം കുടിയാനെ കൃഷിഭൂമി ഒഴിപ്പിക്കുന്നതും പതിവു കാഴ്ചയായിരുന്നു. 1957-ൽ ഒഴിപ്പിക്കൽ നിരോധന നിയമം പാസ്സായതോടെയാണു് കൃഷിഭൂമി കർഷകനു് ലഭിച്ചതും സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങളും ഉണ്ടായതും. അന്നുകാലത്തു് പുന്ന പ്രവയലാർ സമരത്തിലെ രണ്ടാം പ്രതി രാജൻ എന്ന അബ്ദുവും ഖാദർ ആറു വർഷ കാലം ഈ പ്രദേശത്തു് ഒളിവിൽ കഴിഞ്ഞതായി പറയപ്പെടുന്നുണ്ടു്.

ഈ പ്രദേശത്തു് 1928 മുതൽ അഞ്ചലാപ്പീസു് (തപാൽ ആപ്പീസു്) പ്രവർത്തിച്ചുവരുന്നു. പഴയ അഞ്ചലാപ്പീസു് പെരുവെമ്പു് ചുങ്കത്തു നിന്നു് പടിഞ്ഞാറോട്ടു് അമ്പതു മീറ്റർ അകലെ മന്ദത്തുകാവു് റോഡിനരികിലുള്ള കെട്ടിടത്തിലാണു് പ്രവർത്തിച്ചിരുന്നതു്. 1947നു് മുമ്പുതന്നെ പഞ്ചായത്തു് പ്രദേശമായ പുതുനഗരത്തിൽ റെയിൽവേ സ്റ്റേഷൻ സ്ഥാപിച്ചു് തീവണ്ടി ഗതാഗതം നിലവിൽ വന്നിരുന്നു. പക്ഷേ ടെലിഫോൺ സൗകര്യം മുപ്പതു വർഷം മുമ്പു് മാത്രമാണു് ലഭ്യമായതു്

1915-ൽ ആണു് ആദ്യമായി ഈ പ്രദേശത്തു് ഒരു വിദ്യാലയം സ്ഥാപിക്കപ്പെട്ടതു്. ഗ്രാമസമാജം വകയായ വിദ്യാലയമായിരുന്നു അതു്. പെരുവെമ്പു് ചുങ്കത്തു് സ്ഥാപിക്കപ്പെട്ടിരുന്ന ഈ വിദ്യാലയത്തിൽ ഉയർന്ന ജാതിക്കാർക്കു മാത്രമെ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ.

താഴ്ന്ന ജാതിക്കാർക്ക് വിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കാത്തതുകൊണ്ട് അവർ എഴുത്തശ്ശൻമാരുടെ ശിക്ഷണത്തിൽ പൂഴിയിൽ എഴുതി പഠിക്കുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം മാത്രമാണ് താഴ്ന്ന ജാതിക്കാർക്ക് വിദ്യാലയങ്ങളിൽ ചേർന്ന് പഠിക്കാനുള്ള ഭാഗ്യം കൈവന്നതു. 1951-ൽ ഈ പ്രദേശത്ത് ആദ്യമായി ഒരു ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടു.

തണ്ണിശ്ശേരി, പെരുവെമ്പ്, പാലത്തുള്ളി എന്നീ മൂന്നു പ്രദേശങ്ങൾ ഉൾപ്പെട്ട ഈ പ്രദേശത്തു് പാലത്തുള്ളി ദേശം മാത്രം ഉൾകൊള്ളിച്ച് 1956നു മുൻപ് പാലത്തുള്ളി പഞ്ചായത്തു് നിലവിൽവന്നു. തണ്ണിശ്ശേരി ദേശവും പെരുവെമ്പ് ദേശവും ജില്ലാ ബോർഡിന്റെ ഭരണത്തിലായിരുന്നു. പിന്നീട് 1956ൽ പാലത്തുള്ളി പഞ്ചായത്തിനേയും, ജില്ലാ ബോർഡിന്റെ ഭരണത്തിൻ കീഴിലായിരുന്ന പെരുവെമ്പ് തണ്ണിശ്ശേരി ദേശങ്ങളേയും ഉൾകൊള്ളിച്ചുകൊണ്ട് പെരുവെമ്പ് പഞ്ചായത്ത് രൂപീകരിച്ചു. ഇതോടനുബന്ധിച്ച് സർക്കാർ വിജ്ഞാപനം ഇറങ്ങുകയും ചെയ്തു. 1956നു ശേഷം 1961 വരെ വീണ്ടും പെരുവെമ്പ് എന്നും പാലത്തുള്ളി എന്നും രണ്ടു പഞ്ചായത്തുകൾ പ്രവർത്തിച്ചുവന്നു. യഥാർത്ഥത്തിൽ പെരുവെമ്പ് പഞ്ചായത്ത് നിലവിൽവന്നതു് 1962 ലാണ്. 1956ൽ പെരുവെമ്പ് പഞ്ചായത്തിന്റെ പ്രസിഡണ്ട് ശ്രീ. സി. സി. ശങ്കരനും പാലത്തുള്ളി പഞ്ചായത്തിന്റെ പ്രസിഡണ്ട് ശ്രീ അക്കയൻ ചെട്ടിയാരുമായിരുന്നു. എന്നാൽ 1962ൽ പുനസ്ഥാപിക്കപ്പെട്ട പെരുവെമ്പ് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ. സി. വി. സീതാരാമയ്യർ M. A അവർകളായിരുന്നു.

മഹാത്മാഗാന്ധിയുടെ ശിക്ഷ്യനായ വിനോഭാജിയുടെ ഭൂദാനത്തോടനുബന്ധിച്ചുള്ള പെരുവെമ്പ് സന്ദർശനം, മറെറാരു ഗാന്ധിയായ കാമരാജ് നാടാരുടെ പെരുവെമ്പ് സന്ദർശനം പെരുവെമ്പ് കിഴക്കേ ഗ്രാമത്തിലെ ശ്രീ ശേഷഅയ്യരുടെ ഇംഗ്ലണ്ടിൽ ചെന്നു് ഗണിതശാസ്ത്രത്തിലുള്ള റാവു ബഹദൂർ പട്ടം ഏറ്റുവാങ്ങൽ എന്നിവ, പെരുവെമ്പ് പഞ്ചായത്തിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളാൽ കുറിക്കപ്പെടേണ്ടവയാണ്.



പെരുവെമ്പ് പഞ്ചായത്ത് ഭരണസമിതി

12-5-56 to 31-12-61 പ്രസിഡൻറ് ശ്രീ. C. C. ശങ്കരൻ

1-1-1964 to 13-8-1979

1. ശ്രീ. P. V. സീതാരാമയ്യർ — കിഴക്കേഗ്രാമം — പ്രസിഡൻറ്
2. ശ്രീ. K. തീത്തൻ — ആലംകോട്
3. ശ്രീ. C. വേലായുധൻ — കുന്നക്കാട്
4. ശ്രീ. P. M. നൂർമുഹമ്മദ് — ചുങ്കം
5. ശ്രീ. N. വേലായുധൻ — നെടുവഞ്ചിറ
6. ശ്രീ. M. മുഹമ്മദലി റാവുത്തർ — പാലത്തുള്ളി
7. ശ്രീ. C. T. അപ്പു — ചോറക്കോട്

വൈസ്പ്രസിഡൻറ്

8. ശ്രീ P.S. രാമചന്ദ്രഅയ്യർ, കിഴക്കേഗ്രാമം

ശ്രീ P.V. സീതാരാമയ്യർ അവർകളുടെ നിര്യാണത്തെ തുടർന്ന് 9-9-1965 മുതൽ 13-8-1979 വരെ ശ്രീ C.T. അപ്പു അവർകൾ പ്രസിഡൻറ് സ്ഥാനം വഹിച്ചു.

1-10-1979 to 30-9-84

1. ശ്രീ. P. M. നൂർമുഹമ്മദ് — ചുങ്കം — പ്രസിഡൻറ്
2. ശ്രീ. K. നാരായണൻ നായർ — മന്ദത്തുകാവ്
3. ശ്രീ. R. ജനാർദ്ദനൻ — പടിഞ്ഞാറെത്തറ
4. ശ്രീ. T. S. ശിവദാസൻ — വാഴക്കോട്
5. ശ്രീമതി. A. S. രാജലക്ഷ്മി — കിഴക്കേഗ്രാമം
6. ശ്രീ. C. വേലായുധൻ — കുന്നക്കാട്
7. ശ്രീ. K. A. ചന്ദ്രൻ — കറുകമണി

വൈസ്പ്രസിഡൻറ്

6-2-88 to 30-9-95

1. ശ്രീ. P. M. നൂർമുഹമ്മദ് — ചുങ്കം – പ്രസിഡൻറ്
2. ശ്രീ. P. S. സേതുമാധവൻ — തണ്ണിശ്ശേരി
3. ശ്രീ. C. K. ചാമുണ്ണി — ചോറക്കോട്
4. ശ്രീ. C. C. വിജയൻ — ചോറക്കോട് വൈസ് പ്രസിഡൻറ്
5. ശ്രീ. C. കൃഷ്ണൻകുട്ടി — ഇല്ലിയംകാട്
6. ശ്രീമതി. P. E. സുഭദ്ര — കിഴക്കേത്തറ
7. ശ്രീമതി. A. രുഗ്മണി — കറുകമണി
8. ശ്രീ. C. രാധാകൃഷ്ണൻ — മാവുക്കാട്
9. ശ്രീ. C. ഈച്ചരൻ — വെളുംകാട്

നിലവിലുള്ള ഭരണ സമിതി

2-10-1995 മുതൽ

1. ശ്രീ. C. ഈച്ചരൻ — വെളുംകാട്-പ്രസിഡൻറ്
2. ശ്രീ. C. C. വിജയൻ — ചോറക്കോട് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
3. ശ്രീ. C. കൃഷ്ണൻകുട്ടി — ഇല്ലിയംകാട് വൈസ് പ്രസിഡൻറ്
4. ശ്രീമതി. P. രാധാമണി — പടിഞ്ഞാറെത്തറ
5. ശ്രീമതി. C. കമലാക്ഷി — പുളിന്നിരക്കോട്
6. ശ്രീ. P. ചെന്താമരാക്ഷൻ — ചുങ്കം
7. ശ്രീമതി. V. K. കുമുദം — രാമൻകുളം
8. ശ്രീ. M. സുദേവൻ — വാരിക്കാട്
9. ശ്രീ. R. വെങ്കിടാചലം — പാലത്തുള്ളി

പരിതസ്ഥിതി അവലോകനം

വിള	വിസ്തീർണ്ണം
നെല്ല് ഒന്നാം വിള	1255 ഹെക്ടർ
നെല്ല് രണ്ടാം വിള	1255 ഹെക്ടർ
നെല്ല് മൂന്നാം വിള	15 ഹെക്ടർ
പയർ	30 ഹെക്ടർ
തെങ്ങ്	317 ഹെക്ടർ
വാഴ	25 ഹെക്ടർ
മരച്ചീനി	8 ഹെക്ടർ
കുരുമുളക്	1 ഹെക്ടർ
പ്ലാവ്	2 ഹെക്ടർ
മാവ്	10 ഹെക്ടർ
കവുങ്ങ്	1 ഹെക്ടർ
ഇഞ്ചി	2 ഹെക്ടർ
മഞ്ഞൾ	1 ഹെക്ടർ

പഞ്ചായത്ത് പ്രദേത്തുള്ള ഓഫീസുകൾ

1. പെരുവെമ്പ് ഗ്രാമ പഞ്ചായത്ത് ഓഫീസ്
2. വില്ലേജ് ഓഫീസ്
3. പെരുവെമ്പ് പോസ്റ്റ് ഓഫീസ്
4. തണ്ണിശ്ശേരി സബ് പോസ്റ്റ് ഓഫീസ്
5. ലാൻറ് റെക്കോർഡ് ഓഫീസ് (മന്ദത്തുകാവ്)
6. V. E. O. ഓഫീസ്
7. കൃഷിഭവൻ

ജനകീയാസൂത്രണ പരിശീലനം

I പഞ്ചായത്ത് പ്രദേശത്തുള്ള രാഷ്ട്രീയ പാർട്ടി പ്രതിനിധികളെയും ഉദ്യോഗസ്ഥരേയും സന്നദ്ധ സേവ സംഘടനാ പ്രതിനിധികളെയും പൊതു പ്രവർത്തകരേയും ക്ഷണിച്ചു വരുത്തി 12-9-96ന് 39 പേരുംപ്പെട്ടുത്തി സംഘാടക സമിതി രൂപീകരിച്ചു.

II പഞ്ചായത്തിലെ ഒമ്പതു വാർഡുകളിലും 21.9.96 മുതൽ 6-10-96 വരെ ഗ്രാമസഭകളും വിളിച്ചു കൂട്ടി വാർഡു തലത്തിലുള്ള പ്രശ്നങ്ങളും പരാതികളും ചർച്ച ചെയ്ത് രേഖപ്പെടുത്തി. ഗ്രാമസഭകളിൽ 900 പേർ പങ്കെടുത്തു.

III 19-9-96ന് ഒന്നാംഘട്ട പരിശീലനം പെരുവെമ്പ് സാംസ്കാരിക നിലയത്തിൽ സംഘടിപ്പിച്ചു 65 പേർ പങ്കെടുത്തു.

IV 13-10-96ന് ആലോചനാ യോഗം ചേർന്നു. 20 പേർ പങ്കെടുത്തു.

ജനകീയാസൂത്രണത്തിന്റെ ഭാഗമായിട്ടുള്ള 12 വിഭാഗത്തിനും വിദഗ്ധരെ തെരഞ്ഞെടുത്തു. ഇവർ അതാതു വിഭാഗത്തിനും ആവശ്യമായിട്ടുള്ള Data Collection നടത്തുവാൻ നിയോഗിക്കപ്പെട്ടു.

V രണ്ടാം ഘട്ട പരിശീലനം 31-10-96 ന് സാംസ്കാരിക നിലയത്തിൽ സംഘടിപ്പിച്ചു. വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു. രണ്ടാം ഘട്ട പരിശീലനത്തിൽ പങ്കെടുത്തവർ ഏഴുപത്തി മൂന്നു പേരാണ്. (പുരുഷന്മാർ-59 ഉം സ്ത്രീകളും 14 ഉം) 7-8-96, 8-8-96, 9-8-96 എന്നീ തീയതികളിൽ അകത്തെത്തറ കല്യാണ മണ്ഡപത്തിൽ വെച്ചു നടത്തിയ ജില്ലാതല റിസോഴ്സ് പേഴ്സൺ ക്യാമ്പിൽ പഞ്ചായത്തിൽ നിന്നും മൂന്നുപേർ പങ്കെടുത്തു. 22-10-96, 23-10-96 24-10-96 എന്നീ തീയതികളിൽ അകത്തെത്തറ കല്യാണ മണ്ഡപത്തിൽ വെച്ച് നടത്തിയ രണ്ടാംഘട്ട ജില്ലാതല റിസോഴ്സ് പേഴ്സൺ ക്യാമ്പിൽ പഞ്ചായത്തിൽ നിന്നും പന്ത്രണ്ടുപേർ പങ്കെടുത്തു.

ഭൂപ്രകൃതിയും വിഭവങ്ങളും

പെരുവെമ്പ് പഞ്ചായത്തിന്റെ ഭൂപ്രകൃതി പൊതുവായി പരിശോധിച്ചാൽ, കുന്നും താഴ്ന്ന പ്രദേശങ്ങളും ഇല്ലാത്ത സമതലപ്രദേശമാണ്. ഒട്ടുമുക്കാലും കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചെറിയ തോതിൽ ചരിഞ്ഞാണ് ഭൂമിയുടെ കിടപ്പ്. ആകെ ഭൂമിയുടെ വിസ്തീർണ്ണം 204914 ഹെക്ടർ വരും.

മൺതരങ്ങൾ

പഞ്ചായത്തിൽ പ്രധാനമായും മൂന്നുതരം മൺതരങ്ങളാണ് കാണുന്നത്. 1. മണൽ കലർന്ന പശിമരാശി മണ്ണ് 2. ചെമ്മണ്ണ് കലർന്ന പശിമരാശി മണ്ണ് 3. കളിമണ്ണ് കലർന്ന പശിമരാശിമണ്ണ്. പഞ്ചായത്തിന്റെ പടിഞ്ഞാറെ ഭാഗത്തുള്ള പ്രദേശങ്ങളിൽ ചരൽ മണ്ണും കണ്ടു വരുന്നുണ്ട് ഏകദേശം 60% സ്ഥലത്ത് ചെമ്മണ്ണ് കലർന്ന മണ്ണാണ് കാണാൻ സാധിക്കുന്നത്. മണ്ണിന്റെ അമ്ലത്വം പരിശോധിച്ചാൽ 5.5 മുതൽ 7 വരെ PH ഉള്ള മണ്ണാണ് കാണുന്നത്. മണ്ണിന്റെ ഫലപുഷ്ടി പരിശോധിച്ചാൽ 90%വും എല്ലാ വിളകൾക്കും അനുയോജ്യമായ മണ്ണാണ്. എല്ലാ മൺതരങ്ങളുടെയും നീർവാച്ച് പൊതുവെ നല്ല രീതിയിൽ ആണ്.

കാലാവസ്ഥ

പൊതുവെ രണ്ട് കാലവഷ്ങ്ങളിലാണ് ഇവിടെ മഴ ലഭിക്കുന്നത്. ഒന്ന് ഇടവപ്പാതിയും മറെറാന്ന് തുലാവഷ്വും. ഇടവപ്പാതി കാലവഷ്ം ജൂൺ മദ്ധ്യത്തിൽ ആരംഭിച്ച് സെപ്തംബറിൽ അവസാനിക്കുന്നു. തുലാവഷ്ം ഒക്ടോബറിൽ തുടങ്ങി നവംബറിൽ അവസാനിക്കുന്നു. ഏപ്രിൽ മാസത്തിൽ ഇട മഴയും ലഭിക്കാറുണ്ട്. മറ്റുള്ള മാസങ്ങളിൽ വരണ്ട കാലാവസ്ഥയാണ്.

വെള്ളത്തിന്റെ ലഭ്യത

വറ്റാത്തകുളങ്ങളും ഈ പ്രദേശത്ത് നാല്പതെണ്ണമുണ്ട്. ചിറ്റൂർ പുഴ പ്രോജക്ടിന്റെ വിളയൻചാത്തന്നൂർ കനാൽ, മീൻകര കനാൽ, മലമ്പുഴ കനാൽ എന്നിവയാണ് കൃഷി ആവശ്യത്തിന് ജലസേചനം നടത്തുന്നത്. പാലത്തുള്ളി പുഴയും, അഞ്ച് തോട്ടുകളും ആണ് മറ്റു പ്രധാന ജല ലഭ്യതാ ഉറവിടങ്ങളും. പക്ഷേ തോട്ടുകളിൽ എല്ലാ കാലത്തും വെള്ളം ഉണ്ടാകാറില്ല.

ജൈവസമ്പത്ത്

പ്രത്യേകിച്ച് പറയത്തക്ക ജൈവ സമ്പത്തുകളും ഈ പ്രദേശത്ത് ഇല്ല എന്നു പറയാം. എന്നാലും വീട്ടുകളിലെ പരിസരങ്ങളിലും മാവും തുളസി, കീഴാർനെല്ലി എന്നീ ഔഷധച്ചെടികളും കണ്ടുവരുന്നു.



കൃഷിയും ജലസേചനവും

പെരുവെമ്പ് പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിസ്ഥലങ്ങളും മുൻകാലങ്ങളിൽ നാടുവാഴികളായ സാമൂതിരി കോവിലകം, കുതിരവട്ടം, പൂവ്വുള്ളിമന, ദേവസ്വം എന്നിവരുടെ ഉടമസ്ഥതയിലായിരുന്നു. ശേഷം അതു് നാടുവാഴികളുടെ വിശ്വസ്ത സേവകർ മുഖാന്തിരം നാട്ടുപ്രമാണിമാക്ക് ഭൂമി കൈവശം കൊടുക്കുന്നതോടൊപ്പംതന്നെ, ക്ഷേത്രങ്ങളുടെ ക്ഷേമകാര്യങ്ങൾക്കായി പ്രതിഫലമില്ലാതെ കുറെഭൂമിയും നൽകിയിരുന്നു. ക്ഷേത്രംനടത്തിപ്പിനു് നിശ്ചയിയ്ക്കപ്പെട്ട ഊരാളന്മാർ മുഖേന ക്ഷേത്ര ഭൂമികൾ കാണംപാട്ട വ്യവസ്ഥയിൽ കുടിയാന്മാർക്കു് നൽകിയിരുന്നു. ക്ഷേത്രഭരണം നടത്തികൊണ്ടിരുന്ന രാജാക്കന്മാരുടെ ഭൂമികൾ ബ്രാഹ്മണരുടെ കൈവശത്തിൽ വരികയും, ഈഭൂമിയാണു് പിൻകാലത്തു് ദേവസ്വം ഭൂമിഎന്നു് അറിയപ്പെടുകയും ചെയ്തതു്.

നാട്ടുപ്രമാണിമാരിൽ നിന്നും, നാടുവാഴികൾ പ്രതിഫലമായി മിച്ചവാരം, വെറുംപാട്ടം, കരിയവകാശം, തറികൂത്തു് അവകാശം എന്നീ വ്യവസ്ഥകളിൽ ഏറ്റുവാങ്ങിയ കൃഷിക്കാരാണു് ഈ പഞ്ചായത്തിൽ ഭൂരിഭാഗവും. 'മിച്ചവാരം' കൊടുത്തു് കൃഷിനോക്കി നടത്തി വന്നിരുന്ന കർഷകരെ 'കാണക്കുടിയാന്മാർ' എന്നു് വിളിച്ചിരുന്നു. ജന്മിയും, കുടിയാനും തമ്മിൽ എഴുതിനടപ്പിലാക്കുന്ന വ്യവസ്ഥയെ കാണാധാരംഎന്നും, അതുപ്രകാരം വർഷംതോറും ജന്മിക്കു് കൊടുക്കേണ്ട പ്രതിഫലം ഭൂവ്യമായോ, പണമായോ, നിശ്ചയിച്ചു് നൽകുകയും ചെയ്തുവന്നിരുന്നു. ഇപ്രകാരം എഴുതി രജിസ്റ്റർ ചെയ്തു് കാണാധാരം 12 വർഷം കൂടുമ്പോഴും പുതുക്കി എഴുതുകയും ആസമയം കാണസംഖ്യയിൽ കൂട്ടുവാനും കുറയ്ക്കുവാനും ഉള്ള അധികാരം ജന്മിയിൽ നിക്ഷിപ്തമായിരുന്നു.

പാട്ടശീട്ട വ്യവസ്ഥയിൽ ഭൂമിയുടെ ഗുണനിലവാരം അനുസരിച്ചു് പ്രതിഫലം നിശ്ചയിയ്ക്കുന്ന വ്യവസ്ഥയാണു് ''വെറും പാട്ടം''. ആ രീതിയനുസരിച്ചു് ജന്മിക്കു് മുൻകൂറായി നൽകുന്ന സംഖ്യയ്ക്കു് 'മുപ്പാട്ടം' എന്നുപറയുന്നു. കുടിയാൻ, ഭൂമി ജന്മിയ്ക്കുഒഴിഞ്ഞു കൊടുക്കുമ്പോഴും മുപ്പാട്ട സംഖ്യ പലിശയില്ലാതെ ജന്മി തിരിച്ചു നൽകേണ്ടതാണു്. മദിരാശി സർക്കാർ 'കുടിയാൻ' നിയമം കൊണ്ടുവരുന്നതു വരെ ഈ വ്യവസ്ഥ നിലനിന്നിരുന്നു. കുടിയാൻ നിയമം വന്നതിനുശേഷം കുടി

യാന്മാർ ജന്മിയ്ക്ക് കൊടുക്കേണ്ട പ്രതിഫലം പാട്ടകോടതിമുഖേന ഭൂമിയുടെ തരാതരം അനുസരിച്ച് കുറവുവരുത്തുവാൻ കോടതിയെ സമീപിയ്ക്കുകയും ഇതു കർഷകർക്കു വളരെയധികം ആശ്വാസം നൽകുകയും ചെയ്തിരുന്നു. പിന്നീടു നിലവിൽ വന്ന കേരള സർക്കാരിന്റെ കാർഷിക ബന്ധബിൽ പ്രകാരം കുടിയാന്മാരുടെ കൈവശമുള്ള ഭൂമി ജന്മിയുടെ നിർബന്ധ പ്രകാരം ഉള്ള ഒഴിപ്പിക്കൽ നിർത്തലാക്കുകയും മര്യാദ പാട്ടം നിജപ്പെടുത്തുകയും ചെയ്തു. ശേഷം വന്ന കേരള സർക്കാരിന്റെ 1970 ജനുവരി ഒന്നിന്റെ ഭൂപരിഷ്കരണ നിയമ പ്രകാരം കുടിയാന്മാരുടെ കൈവശ ഭൂമിയുടെ യഥാർത്ഥ അവകാശം അവർക്കു ലഭിച്ചു.

ആദ്യ കാലങ്ങളിൽ നെൽകൃഷികൾ മഴയെ മാത്രം ആശ്രയിച്ചാണു നടത്തിയിരുന്നതു. അന്നു ഒന്നാം വിളയ്ക്കു കഴമ, അന്നച്ചമ്പാൻ, ആനക്കൊമ്പൻ, ഇരപ്പുപൂച്ചമ്പാൻ, നവര, ചീര മുതലായ വിത്തുകളാണു ഉപയോഗിച്ചിരുന്നതു. രണ്ടാം വിളയ്ക്കു ചിറേറനി, ചെറുമണിയൻ, ചന്നിനായകം മുതലായ വിത്തുകളാണു ഉപയോഗിച്ചിരുന്നതു. ഏപ്രിൽ ആദ്യം കിട്ടുന്ന പട്ടമഴയോടു കൂടി ഒന്നാം വിളയുടെ പ്രാരംഭ പണികൾ ആരംഭിക്കുന്നു. തുടർന്നു മെയ്, ജൂൺ മാസങ്ങളിൽ ലഭിക്കുന്ന മഴയിൽ പട്ട പണി (പൊടിവിത) തുടങ്ങുന്നു. അന്നു പൂണ്ണുമായും കന്നുകാലികളെ ഉപയോഗിച്ചാണു ഉഴവു നടത്തിയിരുന്നതു. ഈ കാലഘട്ടങ്ങളിൽ കന്നുകാലി വളവും പച്ചില വളങ്ങളും മാത്രമെ ഉപയോഗിച്ചിരുന്നുള്ളു. തുടർന്നു കിട്ടുന്ന ഇടവപ്പാതിയിൽ മഴ ശക്തി പ്രാപിക്കുന്നതോടു കൂടി വിരിപ്പു പണികൾ തുടങ്ങുന്നു. നാട്ടറിവു പ്രകാരം പെരുവെമ്പു പഞ്ചായത്തിൽ നൂറിരുന്നു കുളങ്ങളും നൂറിരുന്നു ക്ഷേത്രങ്ങളും ഉണ്ടെന്നാണറിവു. ഈ കുളങ്ങളിൽ വഷ്കാലത്തു വെള്ളം സംഭരിച്ചു കൃഷിക്കു യഥാസമയം ഉപയോഗിക്കുന്ന സംവിധാനമാണു നിലനിന്നിരുന്നതു. ആ കാലഘട്ടങ്ങളിൽ ഒന്നാം വിള തൊണ്ണൂറു ശതമാനവും. രണ്ടാവിള അൻപതു ശതമാനവും മാത്രമെ ലഭിച്ചിരുന്നുള്ളു. രണ്ടാം വിള ഇറക്കുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കൊള്ളു, എള്ളു, കോറ, ചാമ മറു പയറു വർഗ്ഗങ്ങൾ മുതലായവ കൃഷി ചെയ്തുവരുന്നു. ഈ കാലഘട്ടത്തിൽ ഏറ്റവും നല്ല നെൽ കൃഷിയിൽ നിന്നും ഏക്കറിൽ പത്തു മേനി (തന്നയ്ക്കു) വിളവിനു താഴെയാണു ലഭിച്ചിരുന്നതു.

ശേഷം നടപ്പിൽ 13-7-1967 ൽ വന്ന മലമ്പുഴ ജലസേചന പദ്ധതിയിലൂടെ പെരുവെമ്പു പഞ്ചായത്തിന്റെ 123 ഹെക്ടർ സ്ഥലത്തു

ജലസേചന സൗകര്യം ലഭിച്ചു. ഒന്നു്, ആറു്, എട്ടു് എന്നീ വാർഡുകളിലെ കുറച്ചു കൃഷിക്കാക്കു മാത്രമേ ഇതിന്റെ പ്രയോജനം ലഭിച്ചിരുന്നുള്ളു. അതിനുശേഷം 18.6.1967 ൽ മീൻകര ജലസേചന പദ്ധതിയുടെ ഒരു കനാലിന്റെ നിർമ്മാണം പഞ്ചായത്തിന്റെ മദ്ധ്യ ഭാഗത്തുകൂടി തെക്കു നിന്നും വടക്കെ അറ്റം വരെ പൂർത്തീകരിക്കുകയും അതിലൂടെ ലഭിക്കുന്ന വെള്ളം ഉപയോഗിച്ചു് വാർഡു്, രണ്ടു്, മൂന്നു്, നാലു്, അഞ്ചു് എന്നിവിടങ്ങളിലെ 180 ഹെക്ടർ സ്ഥലത്തും ജലസേചനം ലഭിച്ചുവരുന്നു, 1977-78 വർഷങ്ങളിൽ ചിറ്റൂർ പുഴജലസേചന പദ്ധതിയുടെ വിളയഞ്ചാത്തന്നൂർ കനാലിന്റെ പണി പൂർത്തീകരിക്കുകയും 1979-മുതൽ ഈ കനാലിലൂടെ പഞ്ചായത്തിന്റെ 755 ഹെക്ടർ സ്ഥലത്തു് ജലസേചന സൗകര്യം ലഭിക്കുകയും ചെയ്തു. അതോടു കൂടി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ജല ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടു. എന്നിരുന്നാലും നിലവിലുള്ള ജലസേചന പദ്ധതികളിലൂടെ വെള്ളം വിതരണം ചെയ്യുന്നതിന്റെ അപാകതകളും മൂലം പഞ്ചായത്തിന്റെ മിക്ക പ്രദേശത്തും ഒന്നാംവിളയ്ക്കും, രണ്ടാം വിളയ്ക്കും ഭീമമായ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തു് 9-ാം വാർഡിൽകൂടി ഒഴുകുന്ന പാലത്തുള്ളി പുഴയിൽ 15 ഓളം മോട്ടോർ സ്ഥാപിച്ചു് ഏകദേശം 100 ഹെക്ടർ സ്ഥലത്തു് ഒന്നാം വിളയും രണ്ടാംവിളയും ചെയ്തുവരുന്നു.

ജലസേചന പദ്ധതികളുടെ മുൻപു് കൃഷിയാവശ്യങ്ങൾക്കു് കുളങ്ങളിൽ നിന്നു് വെള്ളം എടുക്കുന്നതു് തേക്കുകൊട്ട, ഏത്തം എന്നിവ ഉപയോഗിച്ചായിരുന്നു. അതിനുശേഷം ഓയിൽ എൻജിൻ ഉപയോഗിച്ചു് വെള്ളം എടുക്കുന്നതിനുള്ള സൗകര്യം നിലവിൽ വന്നു. കുഴൽമന്ദം N.E.S ബ്ലോക്കിന്റെ കീഴിൽ 1968-69ൽ ഏലാ പദ്ധതി ഓഫീസു് മുഖേന ഊർജ്ജിത നെല്ലുല്പാദന (I. P. D.) യൂണിറ്റു് ഉദ്യോഗസ്ഥന്മാർ അവരുടെ പ്രചാരണം ആരംഭിയ്ക്കുകയും 1972-73ൽ ഈ പഞ്ചായത്തിൽ ഒരു ഓഫീസു് തുറന്നു് പ്രവർത്തിയ്ക്കുകയും ചെയ്തു. ആദ്യം 500 ഏക്കർ നെൽ കൃഷി ചെയ്യുന്ന പാടശേഖരങ്ങളാണു് പ്രവർത്തന മേഖലയായിരുന്നതു്. 1983ൽ ഈ ഓഫീസിന്റെ പ്രവർത്തനം ഇവിടെ നിർത്തലാക്കുകയും, അതു് തത്തമംഗലം കൃഷി വികസന ഓഫീസ്സിന്റെ അധികാര പരിധിയിൽ കൊണ്ടു വരികയും ചെയ്തു. 1987 സെപ്തംബർ 1 മുതൽ പെരുവെമ്പു് പഞ്ചായത്തിൽ കൃഷിഭവന്റെ ഓഫീസ്സു് പ്രവർത്തനം ആരംഭിച്ചു. കൃഷിഭവന്റെ കീഴിൽ 22 പാടശേഖര സമിതികളും പ്രവർത്തിച്ചു വരുന്നു.

1967-68ൽ ഏലാ വികസന സമിതികളിൽ നിന്നും മെതിയന്ത്രം, ട്രാക്ടർ എന്നിവയുടെ പ്രചാരണം കർഷകർക്ക് ലഭിച്ചു തുടങ്ങി. മെതിയന്ത്രം കൃഷിക്കാരുടെ ഇടയിൽ വേണ്ടത്ര ഫലപ്രദമായില്ല. ട്രാക്ടർ, പവ്വർ ടില്ലർ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാകുകയും, കന്നുകാലികളെ ഉപയോഗിച്ച് ഉഴവു നടത്തുന്ന സമ്പ്രദായം ക്രമാതീതമായി കുറഞ്ഞു വരികയും ചെയ്തു. വെള്ളം പമ്പു ചെയ്യുന്നതിനും ഓയിൽ എഞ്ചിനെ കൂടാതെ ധാരാളം ഇലക്ട്രിക്ക് മോട്ടോറുകളും പ്രവർത്തിച്ചു വരുന്നു.

സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉരുത്തിരിച്ചെടുത്ത പുതിയ നെൽവിത്തുകളുടെ ആവിർഭാവത്തോടുകൂടി പഴയ നെൽവിത്തിനങ്ങൾ ക്രമേണ കർഷകർ ഉപേക്ഷിച്ചു തുടങ്ങി. പുതിയ വിത്തിനങ്ങളോടൊപ്പം രാസവള പ്രയോഗങ്ങളും കൃഷിയിടങ്ങളിൽ വ്യാപിച്ചു തുടങ്ങി. ആ സമയത്തു് നിലവിൽ വന്ന പുതിയതരം നെൽവിത്തുകളാണു് തൈനാൻ-3, ഐ. ആർ. 8, ജയ, മസൂരി മുതലായവ. പുതിയ നെൽവിത്തുകളും, അമിതമായ രാസവള പ്രയോഗവും മൂലം നെല്ലുല്പാദനം ക്രമാതീതമായി വർദ്ധിച്ചു.

ഈ സമയങ്ങളിൽ അസംഘടിതരായ കർഷക തൊഴിലാളികൾ സംഘടിതരാകുകയും, അവരുടെ ജീവിത രീതികളിൽ മാറ്റങ്ങൾ പ്രകടമാകുകയും ചെയ്തു. ഉല്പാദനം വർദ്ധിച്ചതോടെ കർഷകരുടെ ജീവിതരീതിയിലും വ്യത്യാസങ്ങൾ കണ്ടു തുടങ്ങി. ഉല്പന്നങ്ങൾക്കു് ഗവൺമെണ്ടു് തലത്തിൽ വിപണനവും സംസ്കരണവും കേന്ദ്രങ്ങൾ ഇല്ലാത്തതുകൊണ്ടു് ഇടത്തട്ടുകാർ ഈ മേഖലകളിൽ ആധിപത്യം സ്ഥാപിയ്ക്കുകയും കൃഷിക്കാരെ ചൂഷണത്തിനു് വിധേയരാക്കുകയും ചെയ്തു. തുടർന്നു് വന്ന അമിതമായ രാസവള വിലവർദ്ധനവു്, വിലക്കയറ്റം, കാർഷിക മേഖലയിൽ വന്ന കൂലി വർദ്ധനവു്, ഉല്പന്നങ്ങൾക്കു് ന്യായമായ വില ലഭിയ്ക്കായ്ക എന്നിവ മൂലം കൃഷിക്കാർക്ക് ഈ മേഖലയിൽ പിടിച്ചു നില്ക്കാൻ പറ്റാത്ത അവസ്ഥ വന്നു തുടങ്ങി. അതോടുകൂടി മറ്റു വിളകളായ തെങ്ങു്, വാഴ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ കൃഷികൾ ചെയ്യുവാൻ നിർബന്ധിതരായി.

നമ്മുടെ പഞ്ചായത്തിൽ നാലു്, ഒമ്പതു്, അഞ്ചു് എന്നീ വാർഡുകളിൽ ചില കർഷകർ പരീക്ഷണാടിസ്ഥാനത്തിൽ കരിമ്പു കൃഷിയും ചെയ്തുവന്നിരുന്നു.

കൃഷികളെ സംബന്ധിച്ച പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത ഹെക്ടറിൽ
നെല്ല് 1-ാം വിള	1,255 ഹെക്ടർ	3,586 ടൺ	2.3 ടൺ/ഹെക്ടർ
നെല്ല് 2-ാം വിള	1,255 ,,	4,000 ,,	2.5 ,, ,,
നെല്ല് 3-ാം വിള	15 ,,	30 ,,	2.0 ,, ,,
പയറ്	30 ,,	15 ,,	500 kg ,,
പച്ചക്കറി	27 ,,	81 ,,	3 ടൺ ,,
തെങ്ങ്	317 ,,	18,30,200എണ്ണം	50 തേങ്ങ തെങ്ങിനു്
വാഴ	25 ,,	220 ടൺ	4kg/1. വാഴയിൽ
മരച്ചീനി	8 ,,	64 ,,	8 ടൺ / ഹെക്ടർ
കുരുമുളക്	1 ,,	150 kg	150 kg ,,
പ്ലാവ്	2 ,,	500 ടൺ	25 ടൺ ,,
മാവ്	15 ,,	3,000 kg	300 kg ,,
കവുങ്ങ്	1 ,,	1,50,000 എണ്ണം	1,50,000 ,,
ഇഞ്ചി	2 ,,	5,000 kg	2,500 kg ,,
മഞ്ഞൾ	1 ,,	2,000 kg	2,000 kg ,,

മലമ്പുഴ കനാൽ, മീൻകര കനാൽ, ചിറ്റൂർ പുഴയുടെ വിളയൻ ചാത്തന്നൂർ കനാൽ എന്നീ ജലസേചന പദ്ധതികളും, പാലത്തുള്ളി പുഴയിൽനിന്നു് മോട്ടോർ ഉപയോഗിച്ചു് പമ്പുചെയ്യും ആണു് ഇവിടത്തെ കൃഷിയ്ക്കു് വേണ്ട വെള്ളം ലഭ്യമാക്കുന്നതു്. കൂടാതെ തോട്ടകളിൽ വെള്ളം തടഞ്ഞുനിത്തിയും കൃഷിയ്ക്കുവേണ്ട ജലം വിനിയോഗിയ്ക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ജലസേചന സംവിധാനങ്ങളെപ്പറ്റിയുള്ള വിവരങ്ങളം താഴെചേർക്കുന്നു.

വാർഡു് നമ്പർ	കഴൽകിണർ	കുളം	തടയണ	തോടു് എണ്ണം
1	7	22		1
2	7	26		—
3	2	17	1	1
4	7	21		—
5	9	14		2
6	38	3		1
7	9	5		1
8	10	42		2
9	6	15		2

പെരുവെമ്പ് പഞ്ചായത്തിൽ ഇന്നുവരെ പൊതുവിപണന കേന്ദ്രം ഇല്ല. ഇവിടെ ഉല്പാദിപ്പിക്കുന്ന എല്ലാ കാഷ്ിക വിളകളും വില്ക്കുന്നതു് ഇടത്തട്ടുകാരെ ഉപയോഗിച്ചാണു്. ഇവിടെ ഉല്പാദിപ്പിക്കുന്ന നെല്ല് ഇവിടെത്തന്നെയുള്ള 26(ഇരുപത്തിയാറു്) സഹകാര്യ മില്ലുടമകൾക്കും, നാളികേരം, വാഴ തുടങ്ങി മറ്റു വിഭവങ്ങൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ള കുത്തക വ്യാപാരികൾക്കു് എത്തിച്ചു കൊടുത്തുമാണു് വില്പന നടത്തി വരുന്നതു്, അതു മൂലം ഇവിടെ ഉല്പാദിപ്പിക്കുന്ന വിളകൾക്കു് ന്യായമായ വില ലഭിക്കാതിരിക്കുകയും തന്മൂലം കൃഷിക്കാർക്കു് ഭീമമായ നഷ്ടം സംഭവിക്കുകയും ചെയ്യുന്നു. ഈ വ്യവസ്ഥിതി കാരണം കൃഷിക്കാർക്കു് കിട്ടേണ്ടുന്ന വിലയുടെ പാതിയും ഇടത്തട്ടുകാർക്കും കച്ചവടക്കാർക്കുമാണു് ലഭിക്കുന്നതു്.

ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ചെറുകിട നാമമാത്ര കർഷകരാണു്. മൊത്തം 1682 കർഷക കുടുംബങ്ങൾ ഉള്ളതിൽ 1212 കുടുംബങ്ങൾ നാമമാത്ര കർഷകരാകുന്നു. അവർ അവരുടെ കൈവശ ഭൂമികളിൽ മാത്രം പണിചെയ്തു് ജീവിക്കുന്നവരാണു്. ബാക്കിയുള്ളവരിൽ 366 ചെറുകിട കർഷകരും 104 വൻകിട കർഷകരുമാകുന്നു. അതിൽ ചെറുകിട കർഷകർ അവരുടെ പങ്കാളിത്തത്തിനു പുറമെ കർഷകത്തൊഴിലാളികളെ ഉപയോഗിച്ചും, വൻകിട കർഷകർ മുഴുവനായും കർഷകത്തൊഴിലാളികളെ ആശ്രയിച്ചുമാണു് കൃഷിപ്പണികൾ നടത്തുന്നതു്. ഈ പഞ്ചായത്തിൽ മൊത്തം 3000 (മൂവായിരം) കർഷകത്തൊഴിലാളികളാണു് ഉള്ളതു്. മൊത്തം ജനസംഖ്യയുടെ 28% കർഷകത്തൊഴിലാളികളാണു്.

കൃഷി പണികളുടെ രൂപത്തിനനുസരിച്ചു് പ്രത്യേകം പ്രത്യേകം കൂലികളാണു് കൊടുത്തുകൊണ്ടിരിക്കുന്നതു്. കിളക്കുവാൻ ആൺ തൊഴിലാളികൾക്കു് 60-70 രൂപയും, മരുന്നുതളിക്കുന്നതിനു് രാസവള പ്രയോഗത്തിനും 100 രൂപയും കൂലി കൊടുത്തുവരുന്നു. സ്ത്രീ തൊഴിലാളികൾക്കു് ഞാറു നടുന്നതിനും കളപറിക്കുന്നതിനും 30-35 രൂപയും കൊടുക്കുന്നു. ഉഴവു് പൂണ്ണുമായും ട്രാക്ടറും ടില്ലറും ഉപയോഗിച്ചാണു് നടത്തുന്നതു്. പഞ്ചായത്തിൽ മൊത്തം 27 ട്രാക്ടറും 3 ടില്ലറുമാണു് ഉള്ളതു്. ട്രാക്ടറിനു് മണിക്കൂറിനു് 180 രൂപയും ടില്ലറിനു് 100 രൂപയും ആയി വാടക നിശ്ചയിച്ചിരിക്കുന്നു. തെങ്ങുകയറുന്നതിനു് തെങ്ങൊന്നിനു് 5 രൂപയും കൂലിയായി കൊടുത്തുവരുന്നു. കൊയ്ത്തിനും മെതിക്കും 6നു് 1 പതവും ആണു് നല്കിവരുന്നതു്. കാർഷിക മേഖലയിൽ കർഷകത്തൊഴിലാളികളുടെ സമയം എട്ടു മണി

ക്കുറായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും, സ്ത്രീ തൊഴിലാളികളും 6½ മണിക്കൂറും ആൺ തൊഴിലാളികളും 6 മണിക്കൂറുമാണ് പണിയെടുക്കുന്നത്. കൊസ്റ്റിനു് സ്ഥിരം തൊഴിലാളികളും ഉള്ള കളങ്ങളിൽ അവരെക്കൊണ്ടും സ്ഥിരം തൊഴിലാളികളും ഇല്ലാത്ത കളങ്ങളിൽ കിട്ടാവുന്ന താല്ക്കാലിക തൊഴിലാളികളെ ഉപയോഗിച്ചും ആണ് നടത്തുന്നത്. കാർഷിക മേഖലയിൽ പരമ്പരാഗതമായി പണിചെയ്യുവരുന്ന കർഷകരും കർഷകത്തൊഴിലാളികളും കൃഷിതൊഴിലിനോടു മാന്യത കാണിക്കാതെ മറ്റു തൊഴിലുകളും അന്വേഷിച്ചു പോകുകയാണ് ചെയ്യുന്നതു്. ഇപ്പോളും കാർഷിക പണികൾക്കു് സ്ത്രീ തൊഴിലാളികളെ മാത്രമാണു് ആശ്രയിച്ചു കൊണ്ടിരിയ്ക്കുന്നത്.

ട്രാക്ടറുകളുടെ വരവോടെ കാഷ്ടിക മേഖലകളിൽ നിന്നും ഉഴവുകന്നുകാലികളും അപ്രത്യക്ഷമാകുകയും, കഷ്ക ഭവനങ്ങളിൽ കന്നുകാലികളുടെ എണ്ണം കുറയുകയും ചെയ്തു. അത്യുല്പാദന ശേഷിയുള്ള വിത്തുകളും വന്നതോടെ ശാസ്ത്ര സാങ്കേതിക രംഗത്തു് പ്രവർത്തിയ്ക്കുന്നവരുടെ ഉപദേശവും കൊണ്ടു് കാഷ്ടിക രംഗത്തു് രാസവളങ്ങളുടെ പ്രയോഗം ഘട്ടം ഘട്ടമായി വർദ്ധിച്ചു വന്നു. ഇപ്പോളും രാസവള പ്രയോഗം ആണു് മുൻപന്തിയിൽ. അത്യാവശ്യം ഡെയിഞ്ച, പിണ്ണാക്കു്, ചാണകം, കോഴിവളം എന്നിങ്ങനെ 20% ജൈവ വളമാണു് ഉപയോഗിച്ചു വരുന്നതു്. അടിസ്ഥാന വളങ്ങളുടെ അമിതമായ വില വർദ്ധനവു മൂലം, നൈട്രജൻ വളം ആണു് കൂടുതലായും ഉപയോഗിയ്ക്കുവാൻ കർഷകർ നിർബന്ധിതരാകുന്നതു്. ഇതു മൂലം മണ്ണിന്റെ ഘടനയിൽ മാറ്റം വരുകയും, കീടങ്ങളും, രോഗങ്ങളും ക്രമാതീതമായി വർദ്ധിയ്ക്കുകയും, വിളവു് കുറയുതൽ ലഭിയ്ക്കുന്നതിനും പകരം വിളനശിയ്ക്കുന്നു പ്രവണതയാണു് കാണുന്നതു്

മണ്ണിന്റെ ഘടനയനുസരിച്ചു് ഇവിടത്തെ ഭൂമിയെ മൂന്നായി തരം തിരിച്ചിരിയ്ക്കുന്നു. മൺതരം, മണൽ കലർന്നതു്, ചുക്കാൻകല്ലും പുളിമണ്ണും കലർന്നതു്. പൊതുവേ ഫലപുഷ്ടിയുള്ള മണ്ണാണു് ഉള്ളതു്. വെള്ളം കെട്ടിനില്ക്കാത്തതും നീർവാച്ചു കൂടുതലുള്ള സ്ഥലമാണു് കൂടുതലും ചിറ്റൂർ പുഴ പ്രൊജക്ടിന്റെ വിളയൻചാത്തനൂർ കനാലും, മീൻകര, മലമ്പുഴ എന്നീ ജലസേചന കനാലുകളുടെ വാലറ്റ പ്രദേശമാണു് പെരുവെമ്പു് പഞ്ചായത്തു്. ആയതുകൊണ്ടു് കൃഷിക്കാക്കു് വേണ്ട സമയത്തു് വേണ്ടത്ര വെള്ളം ലഭിയ്ക്കാറില്ല. ജലസേചന വിതരണത്തിന്റെ അപാകത

മൂലം കൃഷി ചെയ്യാവുന്ന ഭൂമി മുഴുവൻ കൃഷി ചെയ്യാതെ തരിശ്ശു കിടക്കുകയാണു്.

കൃഷി ഭൂമിയിലെ മണ്ണുകൂം പരിശോധിച്ചു് റിപ്പോർട്ടു് കിട്ടുന്ന സംവിധാനം ഇവിടെ ഇല്ല. അതുകൊണ്ടു് ഏതൊക്കെ ഭൂമിയിൽ ഏതെല്ലാം വളം പ്രയോഗിയ്ക്കണം എന്നതിനെ കുറിച്ചു് കൃഷിക്കാരുടെ ബോധ നിലവാരം ഉയത്തിക്കൊണ്ടു വരുവാൻ യത്നിക്കണം. കൃഷി ഭവൻ മുഖാന്തിരം നടീൽ വസ്തുക്കളും കൃത്യസമയത്തു് ലഭിയ്ക്കുന്നില്ല. ജൈവ വള പ്രയോഗം കാര്യക്ഷമമാക്കുവാൻ കൃഷിഭവൻ നേതൃത്വപരമായ നടപടികളും ഉണ്ടാക്കണം. കർഷക തൊഴിലാളി കുടുംബത്തിൽ നിന്നും പുതിയ തലമുറയിൽപ്പെട്ട ആളുകളും കാർഷിക മേഖലയിൽ താല്പര്യം കാണിയ്ക്കാത്തതു കാരണം കർഷക തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു. അതുകൊണ്ടു് കൃഷിപ്പണികളിൽ കാലതാമസം നേരിടുന്നു. കാർഷികേതര ജോലികളിൽ കൂലിയുടെ വർദ്ധനവും, കർഷകതൊഴിലാളികളുടെ പരിമിതിയും കാരണം ഗവർമ്മെണ്ടു് നിശ്ചയിച്ച കൂലിയിൽ നിന്നും കൂടുതൽ കൂലി നൽകി കൃഷിപ്പണി നടത്തിക്കൊണ്ടു പോകുവാൻ നിർബന്ധിതരായി തീരുന്നു. മാത്രവുമല്ല നിത്യോപയോഗ സാധനങ്ങളുടെ അമിതമായ വിലക്കയറ്റവും ഇതിനു് ഒരു കാരണമാണു്.

കൃഷിഭവനിൽ നിന്നും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന യന്ത്രോപകരണങ്ങളുടെ പ്രയോജനം മിതമായ നിരക്കിൽ കൃഷിക്കാർക്കു് ലഭിയ്ക്കുന്നില്ല. നെൽകൃഷിയേയും അതുപോലെ മറ്റു കൃഷികൂങ്ങളും ബാധിയ്ക്കുന്ന രോഗ കീട നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ചും, വള പ്രയോഗങ്ങളെ കുറിച്ചും ആവശ്യമായ സാങ്കേതിക ജ്ഞാനം കൃഷിഭവൻ മുഖേന കൃഷിക്കാർക്കു് ലഭിയ്ക്കുന്നില്ല. സഹകരണ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും കർഷകർക്കു് ആവശ്യത്തിനുള്ള സാമ്പത്തിക സഹായം കൃത്യമായ സമയത്തു് ലഭിയ്ക്കുന്നില്ല. കൃഷിക്കാരുടെ ഉല്പന്നങ്ങളും സംഭരിയ്ക്കുന്നതിനോ, സംസ്കരിയ്ക്കുന്നതിനോ, വിപണനം ചെയ്യുന്നതിനോ ഉള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ആയതുകൊണ്ടു് ഉല്പാദനച്ചെലവിനനുസരിച്ചു് ഉല്പന്നങ്ങൾക്കു് ന്യായമായ വില ലഭിയ്ക്കുന്നില്ല. മൂന്നു ജലസേചന പദ്ധതികളുടേയും കനാലുകളുടെ അറ്റകുറ്റപ്പണികളും കാലാകാലങ്ങളിൽ നടത്തുന്നില്ല.

കാർഷിക മേഖലയിൽ നിലനില്ക്കുന്ന പ്രശ്നങ്ങളുടെ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചുള്ള വിവരണങ്ങളാണ് താഴെ പറയുന്നവയാണ്. ജല സേചനത്തിനാവശ്യമായ കനാലുകളിൽ നിന്നും പാഴായിപ്പോകുന്ന ജല ത്തിന്റെ അളവു കുറയ്ക്കുന്നതിനും. വർഷാവർഷം ചെയ്യേണ്ടുന്ന അറ്റകുറ്റ പ്പണികളുടെ ചിലവ് ഒഴിവാക്കുന്നതിനുംവേണ്ടി കനാലുകളുടെ ഇരു വശവും അടിഭാഗവും കോൺക്രീറ് ചെയ്യുക. ജലവിതരണം കനാലു കളുടെ വാലറ്റത്തു നിന്നും തുടങ്ങി താഴെത്തട്ടിലുള്ള കൃഷിക്കാർക്ക് വെള്ളം ലഭിച്ചു എന്നു് ഉറപ്പുവരുത്താൻ പാടശേഖര സമിതി കൺവീനറിൽ നിന്നും ഒപ്പ് ശേഖരിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. പുതിയ പ്രാദേ ശിക ജലസേചന സംവിധാനങ്ങൾക്കുള്ള പദ്ധതികൾ തയ്യാറാക്കുക. കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വന്നു് മണ്ണ് പരിശോധിച്ച് അതിന്റെ റിപ്പോർട്ട് അപ്പോൾത്തന്നെ കിട്ടുന്നതിനു വേണ്ടി സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ സംവിധാനം നടപ്പിലാക്കുക. കൃഷിഭവനിലെ ഉദ്യോഗ സ്ഥന്മാർ പാടശേഖര സമിതികളിൽ ആഴ്ചയിൽ ഒരു പ്രാവശ്യം സന്ദ ശിച്ച് കൃഷിക്കാരുടെ പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിനു് വേണ്ട സംവിധാന ങ്ങൾ ചെയ്യുക. കൃഷിക്കാർക്ക് ആവശ്യമായ നടീൽവസ്തുക്കൾ ഒന്നാം വിളക്കു് മാർച്ച്മാസത്തിലും രണ്ടാംവിളക്കു് ആവശ്യമായവ ആഗസ്റ്റ് മാസത്തിലും കൃഷിക്കാർക്ക് എത്തിച്ചു എന്നു് ഉറപ്പ്വരുത്തുക. കീടനാശി കളും അവതെളിക്കുന്നതിനുള്ള യന്ത്രോപകരണങ്ങളും യഥാസമയത്തു കിട്ടു വാനുള്ള സംവിധാനം ഉണ്ടാക്കുക.

ജൈവവളങ്ങളുടെ കുറവുമൂലം ഉല്പാദനക്ഷമത കുറയുകയും മണ്ണിന്റെ ഘടനയിൽത്തന്നെ കാര്യമായ മാറ്റം സംഭവിച്ചു കൊണ്ടിരി ക്കുന്നു. ജൈവവളപ്രയോഗം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പാടശേഖര സമിതികൾ മുഖാന്തിരം കാപോസ്റ്റ് നിർമ്മിക്കാനുള്ള സാവിധാനം ഉണ്ടാ ക്കുക. ജീവാണുവളങ്ങളുടെ ഉപയോഗം കൃഷിക്കാരിൽ എത്തിയ്ക്കുക. കർഷകർക്ക് കാർഷികയന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യ മാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. കാർഷികതൊഴിലിനു് മാന്യത കല്പിക്കുകയും ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷിരീതിപരിഷ്ക രിച്ചെടുത്തുവാനുള്ള സാവിധാനം നടപ്പിലാക്കുക. കാർഷിക ഉല്പാദനത്തി നാവശ്യമായ രാസവളങ്ങളുടെ വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നതിന നുസരിച്ച് കാർഷികോല്പന്നങ്ങളുടെ വിലയും വർദ്ധിപ്പിക്കേണ്ടതാണ്. പഞ്ചായത്തടിസ്ഥാനത്തിൽ മാർക്കറ്റിങ്ങ് സൊസൈറ്റികൾ രൂപീ കരിക്കുകയും ഉല്പന്നങ്ങൾ സംസ്കരിച്ച് വിപണനം നടത്താനുള്ള സംവി

ധാനവും, "Key Loan" സമ്പ്രദായവും നടപ്പിൽ വരുത്തുക. കർഷക ക്കാവശ്യമായ ധനസഹായം സഹകരണ മേഖലയിൽനിന്നും പൊതു മേഖലയിൽനിന്നും പലിശ രഹിത വായ്പയായി അനുവദിച്ചു കിട്ടു വാനുള്ള സാവിധാനം ഉണ്ടാക്കുക.

കാർഷികവികസനത്തിന്റെ പോക്ക് മന്ദഗതിയിലാണ്. കൃഷിഭവനും പാടശേഖര സമിതികളും പഞ്ചായത്തും ചേർന്ന് പുതിയ കാർഷിക പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്. ജലസേചന സൗ കര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി തോടുകളിലും പുഴകളിലും ആവശ്യ മുള്ള സ്ഥലത്ത് ചെക്ക്ഡാം നിർമ്മിക്കുക. നിലവിലുള്ള കുളങ്ങൾ ആഴം വർദ്ധിപ്പിച്ച് വർഷകാലത്തെ പാഴ്ജലം സംഭരിക്കാനുള്ള സംവിധാനം ഉണ്ടാക്കുക. കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് പലിശയില്ലാത്ത വിള ധനസഹായം നടപ്പിൽവരുത്തുക. ഉല്പാദന ബോണസ് ഹെക്ടറിന് 500ക.യായി നിശ്ചയിച്ച് നടപ്പിൽവരുത്തുക. കാർഷികവിളകൾ വർദ്ധി പ്പിക്കുന്നതിനായി പമ്പുസെറ്റ്, കിണർ, ബോർവെൽ എന്നിവയുടെ പദ്ധതികൾ ഉണ്ടാക്കുക. പാടശേഖരസമിതികൾ കേരവികസന സമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

" വേദനയും, അദ്ധ്വാനവും കൂടാതെ
വിലപ്പെട്ടതൊന്നും നേടാനാവില്ല " —എഡിസൺ

പെരുവെമ്പ് കൃഷിഭവൻ മുഖാന്തിരം കഴിഞ്ഞ മൂന്ന് വർഷമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെ പറ്റിയുള്ള വിവരങ്ങൾ

ക്രമ നമ്പർ	കഴിഞ്ഞ മൂന്ന് വർഷമായി നടപ്പിലാക്കുന്ന പദ്ധതികൾ	ഈ പദ്ധതികൾ കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ	ഈ പദ്ധതികൾ തുടർന്ന് നടപ്പിലാക്കാൻ കഴിയുമോ, കഴിയില്ല എങ്കിൽ കാരണം എന്ത്	പ്രാദേശിക തലത്തിലുള്ള പ്ലാനിങ്ങ് കൊണ്ട് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമാ	പദ്ധതികളുമായി ബന്ധപ്പെട്ട് പൊതുവായിട്ടുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരവും എന്ത്.
1	2	3	4	5	6
1	ഗ്രൂപ്പ് ഫാമിങ്ങ് ഉൗജ്ജിത നെല്ലുല്പാദന പദ്ധതി	ചിലവ് ചുരുക്കി കൃഷി ചെയ്യ് ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.	കഴിയും	കഴിയും	ചില ആനുകൂല്യങ്ങൾ വ്യക്തികൾക്ക് ലഭിക്കാറില്ല പാടശേഖര സമിതികൾക്ക് അനുവദിക്കുന്ന ധനസഹായം വ്യക്തികൾക്കും കൂടി അനുവദിക്കേണ്ടതാണ്.
2	വിത്തുല്പാദനവും വിതരണവും	ഗുണ മേന്മയുള്ള വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് അതുമൂലം ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്	കഴിയും	കഴിയും	ഉല്പാദിപ്പിക്കുന്ന മുഴുവൻ വിത്തും ശേഖരിച്ച് വിതരണം ചെയ്യുന്നതിന് കൃഷിഭവനു സംവിധാനമില്ല.

1	2	3	4	5	6
3	പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.	ഇല്ല	കഴിയും	കഴിയും	പ്രാദേശിക തലത്തിൽ പദ്ധതികൾ നടപ്പിലാക്കുവാനും വിലയിരുത്തുവാനും ഉള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്,
4	ഊർജ്ജിത നാളികേര വികസന പദ്ധതി	ജലസേജന ദൗർലഭ്യം പരിഹരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു	കഴിയും	കഴിയും	ധനസഹായ നിരക്ക് കൂടുവാണ്, അത് വർദ്ധിപ്പിക്കേണ്ടതാണ്,
5	പയറു വർഗ്ഗ വികസന പദ്ധതി	പയറു വർഗ്ഗ കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുവാനും, ഉല്പാദനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞു.	കഴിയും	കഴിയും	N. S. C. യുടെ വിത്തിനു വില കൂടുതലാണ്. പ്രാദേശിക തലത്തിൽ വിത്ത് ശേഖരിച്ച് വിതരണം ചെയ്യേണ്ടതാണ്.
6	സുഗന്ധ ദ്രവ്യ വിളകളുടെ വികസനം (കുരുമുളക്, ഇഞ്ചി, മഞ്ഞൾ)	കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുവാനും ഉല്പാദനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞു.	കഴിയും	കഴിയും	സമയാസമയങ്ങളിൽ നടീൽ വസ്തുക്കളുടെ വിതരണം ക്രമീകരിക്കേണ്ടതാണ്.

1	2	3	4	5	6
7	പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം ഉണ്ടാവുമ്പോഴും നൽകുന്ന ദുരിതാശ്വാസ പദ്ധതി.	ചുരുങ്ങിയ തോതിലുള്ള നഷ്ടം നികത്താൻ കഴിഞ്ഞു.	കഴിയും	കഴിയും	നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ അനുവദിക്കേണ്ടതാണ്.
8	തൈകളുടേയും വിത്തുകളുടേയും മിനി കിറ്റ് വിതരണം.	മേൽത്തരം വിത്തുകളും, തൈകളും വിലയില്ലാതെ വിതരണം ചെയ്യുന്നത് കൊണ്ട് താഴേക്കിടയിലുള്ള കർഷകക്ക് പ്രയോജനമുണ്ട്.	കഴിയും	കഴിയില്ല	ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ആസൂത്രണം വേണം. വിതരണം പലപ്പോഴും അസമയത്ത് ആയി പോവുന്നതു കൊണ്ട് ഓരോ വിളകളുടേയും കൃഷി പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പായി വിതരണം ചെയ്യേണ്ടതാണ്.
9	നെല്ല് വിത്ത് വിതരണം	അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും ഉപയോഗിച്ചതു കൊണ്ട് ഉല്പാദന ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.	കഴിയും	കഴിയില്ല	വിത്തുല്പാദന കേന്ദ്രങ്ങളിൽ കൂടി ശുദ്ധ ജനസ്സിലുള്ള വിത്തിനങ്ങളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യേണ്ടതാണ്.
10	പച്ചക്കറി വിത്തുകളുടെ വിതരണം.	അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും വിതരണം ചെയ്യുന്നതിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.	കഴിയും	കഴിയില്ല	വിത്തുല്പാദന കേന്ദ്രങ്ങളിൽ കൂടി വിത്തുല്പാദിപ്പിച്ച് വിതരണം ചെയ്യേണ്ടതാണ്.

1	2	3	4	5	6
11	സസ്യസംരക്ഷണ ഉപാധികളുടെ വിതരണം	സമയാസമയങ്ങളിൽ കീടരോഗങ്ങളെ നിയന്ത്രിക്കുന്നതിനും അതുമൂലം ഉണ്ടാകാവുന്ന നഷ്ടം നികത്താനും കഴിഞ്ഞു,	കഴിയും	കഴിയും	സസ്യസംരക്ഷണ ഉപാധികളുടെ ഉപയോഗ ക്രമത്തിൽ വരുന്ന വീഴ്ചകൾ കൊണ്ട് പലപ്പോഴും പ്രതീക്ഷിച്ച ഫലം ലഭിക്കുന്നില്ല ശാസ്ത്രീയ പരിശീലനം തുടർന്നും നല്കേണ്ടതാണ്,
12	സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി	പ്രതീക്ഷിച്ചത് പോലുള്ള നേട്ടം ഉണ്ടായിട്ടില്ല.	കഴിയും	കഴിയും	ഇൻഷുറൻസ് ചെയ്യാത്ത വർക്കും ആനുകൂല്യം ലഭിച്ചു വരുന്നതുകൊണ്ട് കർഷകർക്ക് ഈ പദ്ധതിയിലേയ്ക്ക് ആഭിമുഖ്യം കുറവാണ്. നിരന്തരമായി പരിശീലനം കൊടുക്കുകയും ഏജൻറുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കേണ്ടതുമാണ്.
13	ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി	നാമമാത്ര നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്	കഴിയും	കഴിയും	അംഗങ്ങൾക്കുള്ള തൊഴിൽ വസരങ്ങളുടെ പ്രോൽസാഹനം വർദ്ധിപ്പിക്കേണ്ടതാണ്,

1	2	3	4	5	6
14	ഗുണനിയന്ത്രണം. (രാസവളം, കീടനാശിനികൾ, കുമിൾനാശിനികൾ, വിത്ത്)	ഗുണമേൻമയുള്ള വിത്ത്, വളം, കീടനാശിനികൾ വിതരണം ചെയ്യുവാൻ കഴിഞ്ഞു	കഴിയും	കഴിയും	ജില്ലാ സാസ്ഥാനതല ആസൂത്രണം തുടരേണ്ടതാണ്.
15	കർഷക സെമിനാറുകൾ (പൊതുജന പങ്കാളിത്തം കാർഷിക മേഖലയിൽ)	ശാസ്ത്രീയമായ രീതിയിൽ കൃഷിരീതികൾ പ്രചരിപ്പിക്കുവാൻ കഴിഞ്ഞു,	കഴിയും	കഴിയും	കാഷ്ിക സെമിനാറുകൾക്കുള്ള ചിലവിൻെറ തുക വർദ്ധിപ്പിക്കേണ്ടതാണ്.
16	മണ്ണ പരിശോധന	മണ്ണിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങളുടെ അളവ് മനസ്സിലാക്കി വളപ്രയോഗം നടത്താൻ കഴിഞ്ഞു. നേട്ടമുണ്ടായിട്ടുണ്ട്.	കഴിയും	കഴിയില്ല	ജില്ലാ സംസ്ഥാന തലത്തിൽ ആസൂത്രണം ആവശ്യമാണ്. സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകളുടെ പ്രവത്തനം വിപുലീകരിക്കേണ്ടതാണ്.
17	ഫലവൃക്ഷ തൈകളുടെ ഉല്പാദനവും വിതരണവും	അത്യുല്പാദന ശേഷിയുള്ള വിവിധയിനം തൈകൾ വിതരണം ചെയ്യുന്നത് കൊണ്ട് ഉല്പാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു	കഴിയും	കഴിയില്ല	ജില്ലാ സംസ്ഥാന തല ആസൂത്രണം ആവശ്യമാണ്.

1	2	3	4	5	6
18	നാളികേര വികസന ബോർഡിന്റെ പദ്ധതികൾ	പ്രാദേശിക തലത്തിൽ നേട്ടങ്ങൾ കുറവാണ്	കഴിയും	കഴിയില്ല	സംസ്ഥാനതല ആസൂത്രണം ആവശ്യമാണ്.
19	കണിക ജലസേചന പദ്ധതി	പരിമിതമാണ്	കഴിയും	കഴിയില്ല	ജില്ലാതല ആസൂത്രണം ആവശ്യമാണ്. ഉപാധികളുടെ വില നിയന്ത്രിക്കേണ്ടതാണ്.
20	ജൈവ വാതക പ്ലാന്റുകളുടെ നിർമ്മാണം	ഇന്ധന ആവശ്യം ഒരു പരിധി വരെ നിറവേറ്റാൻകഴിഞ്ഞു. കാലിവളത്തിന്റെ ഗുണമേന്മ ഇരട്ടിയാക്കുവാനും, കാളകളെ നിയന്ത്രിക്കുവാനും കഴിയും.	കഴിയും	കഴിയില്ല	ജില്ലാ സംസ്ഥാനതല ആവശ്യം വേണം
21	പട്ടിക ജാതി വികസനം	നാമമാത്ര നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്	കഴിയും	കഴിയും	കിണർ കുഴിക്കുന്നതു പോലുള്ള ഘടകങ്ങൾക്ക് പ്രോൽസാഹനത്തുക വർദ്ധിപ്പിക്കേണ്ടതാണ്.
22	ജൈവവള വികസന പദ്ധതി	ജൈവ വളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാനും മണ്ണിന്റെ ഘടന നന്നാക്കുവാനുംകഴിഞ്ഞിട്ടുണ്ട്	കഴിയും	കഴിയും	ഉല്പാദന ഉപാധികളുടെ വിതരണം ക്രമീകരിച്ച് വർദ്ധിപ്പിക്കേണ്ടതാണ്.

1	2	3	4	5	6
23	ഉല്പാദന ബോണസ്സ്	നാമമാത്രമായ നേട്ടം ഉണ്ടായിട്ടുണ്ട്	കഴിയും	കഴിയില്ല	സംസ്ഥാന തലത്തിൽ ആസൂത്രണവും ആനുകൂല്യങ്ങളുടെ തോത് വർദ്ധിപ്പിക്കേണ്ടതുമാണ്.
24	കാഷ്ടികമേഖലയിലെ യന്ത്രവൽക്കരണം	വ്യക്തികർഷകർക്ക് നാമമാത്രമായ പ്രയോജനമേ ലഭിച്ചിട്ടുള്ളു.	കഴിയും	കഴിയില്ല	സംസ്ഥാന തലത്തിൽ ആസൂത്രണം ആവശ്യമാണ്. പാടശേഖര സമിതികർഷകർക്ക് പുറമേ വ്യക്തികർഷകർക്കും ആനുകൂല്യം അനുവദിക്കേണ്ടതാണ്. ആധുനിക യന്ത്രസാമഗ്രികളും വിതരണം ചെയ്യാൻ നടപടികളും സ്വീകരിക്കേണ്ടതാണ്.
25	സംയോജിത കീട നിയന്ത്രണ പദ്ധതി	ഒരു പാടശേഖരത്തിൽ ഒരു വിളയ്ക്ക് നടപ്പിലാക്കിയത് മൂലം കീടനാശിനി കളുടെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും, അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും കഴിഞ്ഞു.	കഴിയും	കഴിയില്ല	സംസ്ഥാനതല ആസൂത്രണവും നിരന്തര പരിശീലനവും ആവശ്യമാണ്.
26	സ്ത്രീകൂട്ടികർഷകർക്കും, മഹിളാസമാജങ്ങർഷകർക്കും പച്ചക്കറി വിത്ത് വിതരണം ചെയ്യുന്ന പദ്ധതി	പച്ചക്കറി കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും ഉല്പാദനവും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു	കഴിയും	കഴിയില്ല	ജില്ലാതല സംസ്ഥാനതല ആസൂത്രണം ആവശ്യമാണ്.

പെരുവെമ്പ് ഗ്രാമ പഞ്ചായത്തിലെ കൃഷി ഭവന്റെ കീഴിലുള്ള പാടശേഖര സമിതികളുടെ വിവരണം താഴെ ചേർക്കുന്നു

SL No	പാടശേഖരത്തിന്റെ പേര്	വിസ്തീർണ്ണം ഹെക്ടറിൽ	കൃഷിക്കാരുടെ എണ്ണം	രജിസ്റ്റർ നമ്പർ
1	അപ്പുളം	60 ഹെക്ടർ	66	993/90
2	ആലയങ്കാട്	60 ,,	55	30/91
3	അത്തിയംപാടം	35 ,,	39	1022/90
4	ആലങ്കോട്	60 ,,	75	993/90
5	ചിരിയംകാട്	60 ,,	53	916/90
6	ചോറക്കോട്	60 ,,	62	1012/90
7	ഈന്തക്കാട്	45 ,,	48	994/90
8	കുറിരംകുന്നം	60 ,,	54	922/90
9	കുകമണി	70 ,,	75	950/90
10	മാവുക്കാട്	60 ,,	56	1027/90
11	മഴവഞ്ചേരി	50 ,,	46	907/90
12	മടിയപ്പാടം	60 ,,	47	889/90
13	നൂൽപറമ്പക്കാട്	60 ,,	72	1002/90
14	പനംകുറി	45 ,,	40	944/90
15	പാലത്തുള്ളി	50 ,,	55	899 90
16	പടിഞ്ഞാറെപ്പാടം	60 ,,	58	1008/90
17	പുളിന്നിരക്കോട്	55 ,,	64	1011/90
18	തണ്ണിശ്ശേരി	30 ,,	15	890/90
19	തുക്കിയപാടം	50 ,,	59	1039/90
20	വാഴക്കോട്	60 ,,	75	918/90
21	വേമ്പത്തു്	40 ,,	52	—
22	ആലയംപാടം	70 ,,	80	—

കാഷ്ടിക ആവശ്യങ്ങൾക്കു് ഉപയോഗിക്കുന്ന മോട്ടോറുകൾക്കു് കിട്ടുന്ന വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും കറൻറ് ചാജ്ജ് പൂർണ്ണമായും ഒഴിവാക്കി കിട്ടുന്നതിനുള്ള നടപടിസ്വീകരിക്കുക. ഓരോ പാടശേഖരത്തിനും അത്യാധുനികരീതിയിലുള്ള ആഗ്രോക്ലിനിക്കുകളുടെ സേവനം ലഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക. അത്യുല്പാദന ശേഷിയുള്ള വിത്തുകളുപയോഗിച്ചു് ഓരോപാടശേഖര സമിതിയിലും നഴ്സറികൾ ഉണ്ടാക്കി അവിടെത്തന്നെയുള്ള കർഷകർക്കു് കിട്ടുന്നതിനുള്ള സംവിധാനം നടപ്പിലാക്കുക. പച്ചക്കറി ഉല്പാദനം ഒരു മുദ്രാവാക്യമായി ജനങ്ങളിൽഎത്തിച്ചു നടപ്പിലാക്കിയാൽ ഒരു പരിധിവരെ ഇവിടെ പച്ചക്കറി ക്ഷാമം പരിഹരിക്കാൻ കഴിയും.

മാവ്, പ്ലാവ്, കവുങ്ങ് തുടങ്ങിയ വൃക്ഷ സസ്യാദികൾ എല്ലാം തിങ്ങി വളരുന്ന ജൈവ വൈവിദ്ധ്യമാണ് നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേകത. നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനു് ഒട്ടേറെ സാദ്ധ്യതകൾ ഉണ്ടു്. ജലസേചനം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മരച്ചീനി കൃഷിയും, ഇടവിളയായി പച്ചക്കറി കൃഷികളും ചെയ്യാവുന്ന ഫലഭൂയിഷ്ടിയുള്ള മണ്ണാണു് നമുക്കുള്ളതു്. കർഷകരെ സംബന്ധിച്ചിടത്തോളം ആധുനിക കൃഷിയുമായി പൊരുത്തപ്പെട്ടു പോകാനാഗ്രഹമുണ്ടെങ്കിലും വൈവിദ്ധ്യ പൂർണ്ണമായ കൃഷിരീതി പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. കർഷകരുടെ ഇടയിൽ വേണ്ടത്ര ബോധവൽക്കരണം ഈ കാര്യത്തിൽ നടത്താൻ കഴിയണം. രാസവള പ്രയോഗത്തിലും ശാസ്ത്രീയമായ കാഴ്ചപ്പാടു് ഉണ്ടാകുന്നതു് ചെലവു കുറയ്ക്കാൻ സഹായകമാവും. ലാഭകരമായ കൃഷി അവരവരുടെ കൃഷിയിടങ്ങളിൽ ചെയ്യാൻ K. L. U. തടസ്സമാകുന്നു എന്ന പരാതി മിക്ക കൃഷിക്കാരുടേയും ഇടയിൽ ഉണ്ടു്. അതുകൊണ്ടുതന്നെ ആഗ്രഹിക്കുന്ന കൃഷി സ്വന്തം കൃഷിയിടങ്ങളിൽ ചെയ്യാൻ തടസ്സമുണ്ടാകാറുണ്ടു്. അതു് സ്വാഭാവികമായും കൃഷിക്കാരന്റെ സാമ്പത്തിക പുരോഗതിയെ ബാധിക്കുന്നുണ്ടു്. അതു് പഞ്ചായത്തിന്റെ മൊത്തം സാമ്പത്തിക ഭദ്രതയെ ബാധിക്കുന്നു. നെൽ കൃഷി പ്രധാനമായ ഒരു പഞ്ചായത്തു് എന്ന നിലയിൽ അതിനുവേണ്ടിയുള്ള പ്രോത്സാഹനവും സഹായവും കൃഷിക്കാരിലെത്തിക്കുക എന്നുള്ളതാണു് കാഷ്ടിക വികസനത്തിനാവശ്യം.

മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും

പുരാതന കാലം മുതൽക്കേ തന്നെ ഈ പഞ്ചായത്തിന്റെ ഒമ്പതാം വാർഡിൽ പ്പെട്ട പാലത്തുള്ളി എന്ന സ്ഥലത്തു് ഒരു കന്നുകാലി ചന്ത നടന്നു വന്നിരുന്നു. എല്ലാ തിങ്കളാഴ്ചയും അതിരാവിലെ തന്നെ കേരള സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നും, അതുപോലെ ഇപ്പോഴത്തെ തമിഴ്നാടിന്റെ പൊള്ളാച്ചി, തുടിയല്ലൂർ, ഒട്ടൻസത്രം, കാരമട, തിരുപ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കന്നുകാലികളും കച്ചവടക്കാരും ഇവിടെ എത്തിച്ചേർന്നു് കച്ചവടം നടത്തിയിരുന്നു. ഈ കച്ചവടത്തെ ആസ്പദമാക്കി വളരെയധികം കുടുംബങ്ങൾ അവരുടെ ഉപജീവന മാർഗ്ഗം നടത്തിയിരുന്നു. കന്നുകാലികൾ വില്ക്കുവാനും വാങ്ങുവാനും ഉദ്ദേശിക്കുന്നവർക്കു് അവരുടെ ജോലികൾ ലഘൂകരിയ്ക്കുന്നതിനു് ഇടതട്ടുകാർ സഹായിച്ചിരുന്നു. അതിനു് അവർക്കു് നല്ലൊരു തുകയും ബ്രോക്കറേജു് ആയി നൽകിയിരുന്നു. ഇത്തരം കച്ചവടത്തിനു് വരുന്ന ബ്രോക്കർമാർ അവരുടെ കച്ചവടത്തിനു് ചില പ്രത്യേക ഭാഷകൾ തന്നെ ഉപയോഗിച്ചിരുന്നു. ഉദാ:- വാച്ച, വാച്ചമൂരി, എസ്സുവു്, എസ്സുവമൂരി, എസ്സുവട്ടം, കായ, കായമൂരി എന്നിങ്ങനെ പല കോഡുഭാഷകളും ഉപയോഗിക്കാറുണ്ടു്. അതു് അവർക്കു മാത്രം അറിയുന്ന പൈസയുടെ ചില വിവരങ്ങളാണു്. കാഷ്ടിക മേഖലയിൽ ഉഴവു നടത്തുന്നതിനും, പാലുല്പാദനം നടത്തുന്നതിനും ആണു് ധാരാളം കന്നുകാലികളും ഈ ചന്തകളിൽ വിപണനത്തിനായി വന്നു കൊണ്ടിരുന്നതു്. എന്നാൽ ഇന്നു കാലത്തു് മാംസത്തിന്റെ ആവശ്യത്തിലേയ്ക്കു് ആണു് കൂടുതലും കന്നുകാലികളും വില്പപ്പെടുന്നതു്. മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ ഒരു ധനാഗമ മാർഗ്ഗമാണു് ഈ ചന്തപ്പേട്ടയിൽ നിന്നും ലേലം ചെയ്യു കിട്ടുന്ന തുക. മാത്രമല്ല അലഞ്ഞു തിരിഞ്ഞു നടക്കുന്ന കാഷ്ടിക മേഖലയിൽ ശല്യം ചെയ്യുന്ന കന്നുകാലികളെയും പിടിച്ചു കെട്ടുന്നതിനു് പഞ്ചായത്തിന്റെ അധീനതയിൽ ഒരു 'ആല' പ്രവത്തിച്ചു വന്നിരുന്നു. അവിടെ നിന്നും ഈ കന്നുകാലികളെ വിട്ടുകൊടുക്കണമെങ്കിൽ അതിനു് പഞ്ചായത്തിൽ പിഴ ഈടാക്കുന്ന രീതിയും ഉണ്ടായിരുന്നു. കാഷ്ടിക മേഖലയിൽ കന്നുകാലികളുടെ ഉപയോഗം കുറഞ്ഞതോടെ അവയുടെ വാങ്ങലും വില്പനയും കുറഞ്ഞു വരുകയും ചന്ത ഇന്നു് ഒരു നോക്കുകുത്തിയായി അവശേഷിക്കുകയും ചെയ്തു. അതുതന്നെയാണു് ''ആല''യുടെ സ്ഥിതിയും.

മാംസത്തിന്റെ ഉപയോഗം വർദ്ധിച്ചതോടെ കോഴി വളർത്തൽ വ്യവസായവും ആരംഭിച്ചു. ഗവർമ്മെണ്ടിന്റെ പ്രോത്സാഹനവും ബാങ്കുകളുടെ ധനസഹായവും ഈ വ്യവസായത്തിന്നു് പിന്തുണ നൽകി. നമ്മുടെ പഞ്ചായത്തിൽ മൂന്നു കോഴി വളർത്തൽ കേന്ദ്രം നടത്തിവരുന്നു.

പെരുവെമ്പു പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങളും പശു, ആടു്, എരുമ എന്നിവയാണു്.

മുൻകാലങ്ങളിൽ നാടൻ പശുക്കളെയാണു് വളർത്തിപോന്നതു്. നാടൻ പശുക്കൾക്കു് പാൽ കുറവാണു്. തന്നെയുമല്ല അഞ്ചര ആറുവയ്യം കൊണ്ടേ ഒരു പശുവിൽ നിന്നു് ആദായം ലഭിക്കൂ! ജലസേചന പദ്ധതികളുടെ ആവിഷ്കാരത്തോടെ തരിശു ഭൂമികളിൽ ഭൂരിഭാഗവും കൃഷിയിടങ്ങളായിമാറി. ക്രമാതീതമായ ജനസംഖ്യാ വർധനവു കൊണ്ടു് മേച്ചിൽ പുറങ്ങളും പാപ്പിടങ്ങളും ആയി. ഇങ്ങനെ മേച്ചിൽ സ്ഥലങ്ങളും പച്ചപ്പുല്ലും നഷ്ടമായതോടെ വളർത്തു മൃഗങ്ങളെ തീറ്റിപ്പോറ്റൽ ഒരു പ്രതിസന്ധിയായിത്തീർന്നു. സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലേക്കു് അയയ്ക്കുന്നതിനാൽ വൈക്കോലിനു് ദൗർല്ലഭ്യവുമായി. സൗജന്യവും സാർവത്രികവും ആയ വിദ്യാഭ്യാസം നിർബന്ധമായപ്പോഴും തൊഴിൽ മേഖലകളിൽ ജനത്തിനു് വൈമനസ്യം പ്രകടമായി. സാഹചര്യങ്ങളും അനുകൂലമല്ലാതെ വന്നപ്പോഴും കാലിവളർത്തൽ തികച്ചും ആശാസ്യമല്ലാത്ത അവസ്ഥയിലേക്കു് എത്തി.

സിന്ധി-നാടൻ ഇനങ്ങളും ചേർന്ന സങ്കരയിനത്തിന്റെ ആവിർഭാവത്തോടെ കാലിവളർത്തൽ ഒട്ടൊക്കെ ലാഭകരമായി മാറി. രണ്ടര വയ്യം കൊണ്ടുള്ള പ്രത്യുല്പാദനം, പാലിന്റെ വർദ്ധന, പോഷക സമൃദ്ധമായ 'റെഡിമേഡ്' കാലിത്തീറ്റ എന്നിവയാണു് കർഷകനെ നാമമാത്രമായെങ്കിലും സഹായിച്ച ഘടകങ്ങളും. പക്ഷേ കുളമ്പുരോഗം, അകിടുവീക്കം, അടപ്പൻ, കാലിവസന്ത തുടങ്ങിയ രോഗങ്ങളും ഔഷധങ്ങളുടെ വിലവർദ്ധനയും കർഷകനെ നിരാശരാക്കുന്നു.

നമ്മുടെ കാലാവസ്ഥയ്ക്കു് അനുസൃതമായി മൃഗസംരക്ഷണ വകുപ്പു് ഉല്പാദിപ്പിച്ച ഇനമാണു് ജഴ്സിയും, സുനന്ദിനിയും. ഇവയും കൂടുതൽ പാൽ ഉല്പാദിപ്പിക്കും. രണ്ടര വയ്യം കൊണ്ടു് പ്രത്യുല്പാദനം നടക്കുകയും ചെയ്യും.

നിലം ഉഴുന്നതിനും സവാരിക്കും ഭാരം വലിക്കുന്നതിനും കർഷകർ നാടൻ കാളകളെ ഉപയോഗിച്ചിരുന്നു. ഇന്നും കാളയേയും പോത്തിനേയും ഭാരം വലിക്കുന്നതിന് ഉപയോഗിക്കുന്നു. കാർഷിക മേഖലയായ പെരുവെമ്പിൽ മില്ലിലേക്ക് നെല്ലുകടത്തുന്നത് കാളവണ്ടിയിലാണ്. താണ നിലവാരത്തിലുള്ള ചിലരെങ്കിലും സ്വീകരിച്ചിരുന്ന ഈ ഉപജീവനമാർഗം ട്രാക്ടർ, മോട്ടോർ വാഹനം തുടങ്ങിയവയുടെ രംഗ പ്രവേശത്തോടെ വഴി മുട്ടി നില്ക്കുകയാണ്. ഏതു വൈതരണികളും തരണം ചെയ്താണെങ്കിലും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾക്കായിട്ടും സ്വീകരിക്കാവുന്ന ധനാഗമ മാർഗമായിട്ടും ഒരളവോളം ഈ പഞ്ചായത്തിൽ കാലിവളർത്തൽ സ്വീകരിച്ചിരിക്കുന്നു എന്നതാണ് യാഥാർഥ്യം.

1995-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ 77 നാടൻ കാളകളും 65 സങ്കരയിനം കാളകളും ഉണ്ട്. 115 നാടൻ പശുക്കളും 1274 സങ്കരയിനങ്ങളും 190 എരുമയും 52 പോത്തും 723 ആടും 237 പട്ടികളും 5625 കോഴികളും 33 താറാവും ഉണ്ട്. ഈ ജീവികൾക്ക് ആവശ്യമായ ചികിത്സ പെരുവെമ്പ് മൃഗാശുപത്രിയിൽ നിന്നാണ് ലഭിക്കുക. എന്നാൽ ഇവിടെ ഒരാശുപത്രിക്കു അവശ്യം വേണ്ട വെള്ളമോ വെളിച്ചമോ ലഭ്യമല്ല. കെട്ടിടത്തിന്റെ നില അതീവശോചനീയം. മഴക്കാലത്ത് ചോർന്നൊലിക്കുന്ന അവസ്ഥ. മൃഗങ്ങളുടെ ചികിത്സയ്ക്ക് പ്രത്യേകമായി ഒരു ഷെഡ് കൂടിയേ കഴിയൂ. 9 വാർഡുള്ള ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി തികച്ചും അപര്യാപ്തം തന്നെ. പാലത്തുള്ളി, തണ്ണിശ്ശേരി ഇവ കേന്ദ്രമാക്കി ഓരോ മൃഗാശുപത്രിയോ ബീജസങ്കലന കേന്ദ്രമോ ആരംഭിക്കേണ്ടതായിട്ടുണ്ട്.

പാൽവിപണനം സഹകരണ മേഖലയിലൂടെയാണ്. പാലത്തുള്ളി, തണ്ണിശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ പാൽ സൊസൈറ്റികളും ഇല്ലാത്തതിനാൽ പാൽ വിപണനം ദുഷ്കരം തന്നെ.

ചാണകം നല്ല വളമാണ്. കഷ്കരല്ലാത്തവർക്ക് മെച്ചമായ വിലയ്ക്ക് ചാണകം വില്ക്കാവുന്നതാണ്. വിറകിനും മണ്ണെണ്ണയ്ക്കും പാചകവാതകത്തിനും ക്ഷാമമുള്ള നമ്മുടെ പഞ്ചായത്തിൽ ചാണകം ഉപയോഗിച്ച് ബയോഗ്യാസ്, ഗോപർഗ്യാസ് എന്നിവ ഉല്പാദിപ്പിക്കാം. ഇതിന്റെ ഉപയോഗക്ഷമത ഗ്രഹിക്കുന്നതിന് ബോധവല്ക്കരണം നടത്തുകയും സഹകരണ സംഘങ്ങൾ മുഖേന ലോണും സബ്സിഡിയും കൊടുത്ത് ജനങ്ങളെ ആകഷ്ിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും അല്പവരുമാനക്കാർക്കും പ്രയോജനപ്പെടത്തക്കവിധം ഇറച്ചിക്കോഴി, മുട്ടക്കോഴി, കാട എന്നിവ വളർത്താൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഉല്പാദകർക്കും ഉപഭോക്താക്കൾക്കും സഹകരണ സംഘത്തിൽ കൂടി മാത്രമേ നേട്ടങ്ങൾ ഉണ്ടാവൂ. മിതമായ നിരക്കിൽ കോഴിത്തീറ്റ വിതരണം ചെയ്യുന്നതിനും സഹകരണ സംഘങ്ങൾക്കു കഴിയും.

തൊഴിൽരഹിതർക്ക് മൃഗപരിപാലനത്തിനു പരിശീലനം നല്കുക. വാർഡുതലത്തിൽ സെമിനാറുകളും കാലിപ്രദർശനവും കൃത്രിമ വയ്പും ചികിത്സയും നല്കൽ കോഴിക്കു കൃത്രിമബീജം എന്നിവ അനിവാര്യമാണ്.

നമ്മുടെ പഞ്ചായത്തിനെ സമ്പുഷ്ടമാക്കാൻ ജലസമ്പത്തിനും കഴിയും. ആയിരത്തിലധികം ഏക്കർ കുളമുണ്ടെങ്കിലും വെറും 49½ ഏക്കർ മാത്രമാണ് മത്സ്യം വളർത്താൻ ഉപയോഗിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ മീൻ പിടുത്തം ഉപജീവനമാർഗമാക്കിയ കുടുംബങ്ങൾ ഉണ്ട്. മഴയെ ആശ്രയിക്കാതെ കുളം നിറയ്ക്കാനുള്ള സംവിധാനം, ചേറും മറ്റും വാരി കുളം വൃത്തിയാക്കൽ തുടങ്ങിയവ കാലാകാലങ്ങളിൽ ചെയ്യുന്ന പക്ഷം കൂടുതൽ ആളുകൾ ഈ രംഗത്തേക്കു കടന്നുവരും; സംശയമില്ല. ഇപ്പോൾ മത്സ്യക്കുഞ്ഞുങ്ങളെ മലമ്പുഴ, മീങ്കര തുടങ്ങിയ ഡാമുകളിൽ നിന്ന് ലഭ്യമാണ്. പരൽ, ചീക്, മൊയ്, ചൊടിയൻ, പകിരി എന്നീ മത്സ്യങ്ങളും ആമയും ഒക്കെ വംശനാശഭീഷണി നേരിട്ടു കൊണ്ടിരിക്കുന്നു.

തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്വയം തൊഴിലിനു പ്രേരിപ്പിക്കാവുന്ന തരത്തിൽ മീൻ വളർത്തൽ വിപുലപ്പെടുത്തണം. തിലോപ്പിയ, കട്ല, രോഹു, സൈപ്രസ് എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്താവുന്നതാണ്. ഏതാനും പേർചേർന്ന് കുളം വാടകയ്ക്ക് എടുത്ത് മീൻ വളർത്തൽ ചെറുകിട വ്യവസായമായി നടത്തിവരുന്നു. മറ്റു പഞ്ചായത്തുകളിലാണ് വില്പന. ഇവിടെയും വിപണനം പ്രശ്നമായിത്തീരുന്നു.

അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ കൊല്ലുക വളർത്തുനായ്ക്കളെ പ്രതിരോധ കുത്തിവയ്പിനു വിധേയമാക്കുക, പേവിഷബാധയ്ക്കെതിരേ

പ്രതിരോധകുത്തിവയ്പും ലൈസൻസും നടിപ്പിലാക്കുക, പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചികിത്സ ലഭ്യമാക്കുക തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കേണ്ടിയിരിക്കുന്നു.

മൃഗസമ്പത്തിന്റെ പരിരക്ഷയ്ക്കായി ഇൻഷുറൻസ് പദ്ധതി നടപ്പാക്കിയാൽ ഒരളവോളം ഈ തൊഴിലുടമകളെ സാമ്പത്തിക ബാധ്യതയിൽ നിന്ന് രക്ഷിക്കാം.

മെച്ചപ്പെട്ട ചികിത്സാരീതി, വർധിച്ച വിപണന സാധ്യത, മിതമായ വിലയ്ക്ക് തീറ്റകളും മറ്റും ലഭിക്കാനുതകുന്ന സഹകരണ സംഘങ്ങളും, ലോൺ, സബ്സിഡി, പഠന ക്യാമ്പുകളും, ഇൻഷുറൻസ് പദ്ധതി എന്നിവയിലൂടെ ധാരാളം പേരെ ഇതിലേയ്ക്ക് ആകർഷിച്ച് നമ്മുടെ പഞ്ചായത്തിൽ നല്ല നിലയിൽ മൃഗസംരക്ഷണം നടത്താം.



" പ്രവർത്തനമാണ് അറിവിലേയ്ക്കുള്ള ഏക മാർഗ്ഗം "

—ബെർണ്ണാഡ്ഷാ

വിദ്യാഭ്യാസം

1956 ൽ കേരള സംസ്ഥാന പിറവിക്കുമുമ്പ് നിലവിലുണ്ടായിരുന്ന മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ലയിൽ പാലക്കാട് താലൂക്കിന്റെ ഭാഗമായിരുന്ന പെരുവെമ്പ്. വിദ്യാഭ്യാസ രംഗത്തിൽ കേരളത്തിന്റെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ പിന്നോക്ക നിലയിലായിരുന്ന അന്നത്തെ മലബാർ ജില്ല. അതിന്റെ ഒരു പ്രതീകമായിരുന്ന പെരുവെമ്പ് പ്രദേശം. 1915 ൽ പെരുവെമ്പ് ഗ്രാമ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ചുങ്കത്തിൽ സ്ഥാപിതമായ ഒരു എലിമെന്ററി സ്കൂളാണ് ഈ പ്രദേശത്തെ ആദ്യത്തെ വിദ്യാലയം. എന്നാൽ ഈ വിദ്യാലയം അന്നത്തെ സാമൂഹ്യ ആചാര ക്രമത്തിനു അനുസരിച്ചു ജാതി മത ചിന്തകളുടെയും, ഉച്ചനീചത്വത്തിന്റെയും പിടിയിൽ അമർന്നിരുന്നതിനാൽ സമുദായത്തിലെ ഒരു വിഭാഗം ആളുകൾക്കു മാത്രമായിരുന്നു പഠനസൗകര്യം ലഭ്യമായിരുന്നതു്. സ്ത്രീകൾ ആ കാലങ്ങളിൽ വിദ്യാലയങ്ങളിൽ ചേർന്നു പഠിച്ചിരുന്നില്ല. വീട്ടിൽ നിന്നും മാതാപിതാക്കൾ വഴി കിട്ടിയ അക്ഷരാഭ്യാസം മാത്രമെ അന്നവർക്കു ഉണ്ടായിരുന്നുള്ളു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ച ശേഷം വിദ്യാഭ്യാസ രംഗത്തുണ്ടായ വമ്പിച്ച മുന്നേറ്റത്തിന്റെ ഭാഗമായി പഞ്ചായത്തിൽ പല ഘട്ടങ്ങളിലായി തണ്ണിശ്ശേരിയിൽ എയ്ഡഡ് മാനേജ്മെന്റ് എൽ. പി. സ്കൂൾ, പുതുനഗരം ജി. എൽ. പി. സ്കൂൾ, പാലത്തുള്ളി ജി. എൽ. പി. സ്കൂൾ, പടിഞ്ഞാറെ പെരുവെമ്പ് ജി. എൽ. പി. സ്കൂൾ എന്നിവ സ്ഥാപിതമായി. 1959–ൽ ഗ്രാമ സമാജം നടത്തിയിരുന്ന എലിമെൻററി സ്കൂൾ തുർന്നു നടത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ സ്കൂൾ കെട്ടിടം വിദ്യാഭ്യാസ വകുപ്പ് വാടകയ്ക്കു് എടുത്തു് ജി. ജെ. ബി. സ്കൂൾ എന്ന പേരിൽ തദ്ദേശ വാസികളുടെ നിരന്തരമായ പ്രവർത്തനം മൂലം തുടർന്നു നടത്തിക്കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ടു്.

1981–ൽ യു. പി. വിഭാഗം ഉൾപ്പെടെയുള്ള ഒരു സ്വകാര്യ മാനേജ്മെൻറ് ഹൈസ്കൂൾ സി. എ. എച്ച്. എസ് എന്ന പേരിൽ സ്ഥാപിതമായി. അതുവരെയുള്ള കാലഘട്ടത്തിൽ ഉപരി പഠനത്തിനു തത്തമംഗലം, ചിറ്റൂർ, കൊടുവായൂർ എന്നീ സമീപ പ്രദേശങ്ങളിലുള്ള ഹൈസ്കൂളുകളെയാണു തദ്ദേശിയർ ആശ്രയിച്ചിരുന്നതു്. വിദ്യാഭ്യാസ

സൗകര്യങ്ങളും നാമമാത്രമായിരുന്നുവെങ്കിലും സമുദായത്തിലെ ഉയർന്ന ജാതിക്കാർ മാത്രമാണു് അതുപയോഗിച്ചു് ഈ രംഗത്തു് മുന്നേറ്റം നടത്തിയിരുന്നതു്.

സ്വാതന്ത്ര്യ ലബ്ധിക്കു് മുമ്പേതന്നെ പെരുവെമ്പു് അഗ്രഹാരത്തിൽ നിന്നു് ഉയർന്ന ബിരുദം നേടി പ്രൊഫസർമാരായും, ന്യായാധിപന്മാരായും മറ്റു പല സ്ഥലങ്ങളിലും പ്രശസ്തമായ രീതിയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. പെരുവെമ്പു് ഗ്രാമവാസിയായ പ്രൊഫസർ P.S. ശേഷ അയ്യർ ഇംഗ്ലണ്ടിൽ വെച്ചു് നടത്തപ്പെട്ട ഗണിതശാസ്ത്ര സെമിനാറിൽ പങ്കെടുക്കുകയും ബ്രിട്ടീഷു് ഗവർമ്മേണ്ടു് റാവു ബഹദൂർ എന്ന സ്ഥാനം സമ്മാനിക്കുകയും ചെയ്തതു് പഴമക്കാരിൽ ചിലരെങ്കിലും മറന്നിട്ടുണ്ടാവില്ല. പ്രൊഫസർ ശേഷയ്യർ കുംഭകോണം ഗവൺമ്മേന്റു് കോളേജിന്റെ പ്രിൻസിപ്പാളായി ജോലി നോക്കിയിട്ടുണ്ടു്. പ്രശസ്ത ഗണിതശാസ്ത്രജ്ഞനായ എസ്. രാമാനുജത്തിന്റെ ഗുരുനാഥൻ കൂടിയാണു് ഇദ്ദേഹം.

1991—ലെ സാക്ഷരതാ സെൻസസു് പ്രകാരം കേരളത്തിലെ സാക്ഷരതാ നിരക്കു് 89.81 ശതമാനവും, പാലക്കാടു് ജില്ലയിലെ സാക്ഷരതാ നിരക്കു് 81.27 ശതമാനവും ആണു്. എന്നാൽ പെരുവെമ്പു് പഞ്ചായത്തിലെ സാക്ഷരതാ നിരക്കു് 75.64 ശതമാനം ആണു്. ഇതു് ഒട്ടും ആശാവഹമായ വസ്തുതയല്ല. സംസ്ഥാനത്തോടൊപ്പം നമ്മുടെ പഞ്ചായത്തിന്റെയും സാക്ഷരതാ നിരക്കു് ഉയർത്തികൊണ്ടു് വരേണ്ടതാണു്. പട്ടികജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ട ജനങ്ങളാണു് കൂടുതൽ നിരക്ഷരർ. സാക്ഷരതാ നിരക്കിൽ സ്ത്രീകളും പുരുഷന്മാരെക്കാളും വളരെ പിന്നിലാണു്. സാക്ഷരതയുടെ കാര്യത്തിൽ പഞ്ചായത്തു് തുലോം പിന്നിലാണെന്നു് താഴെ കാണിക്കുന്ന പട്ടികയിൽ നിന്നും വ്യക്തമാകുന്നു.

ക്രമനമ്പർ	സാക്ഷരതാ ശതമാനം			
	സ്ഥലം	പുരുഷൻ	സ്ത്രീ	ശരാശരി
1	പെരുവെമ്പു്	84 . 59	67 . 1	75 . 64
2	പാലക്കാടു്	87 . 2	75 . 72	81 . 27
3	കേരളം	93 . 62	86 . 17	89 . 81

പ്രൈമറി തലത്തിൽ എൽ. പി. സ്കൂളിൽ പ്രവേശനം തേടുന്നവർ കുറഞ്ഞു കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 9 അംഗനവാടികളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ സ്വകാര്യമേഖലയുടെ കീഴിൽ രണ്ട് നേഴ്സറി സ്കൂളുകളാണ് ഉള്ളത്. ഇവയ്ക്ക് സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും മറ്റു ഭൗതിക സാഹചര്യങ്ങളൊന്നും തൃപ്തികരമല്ല. ഈ പഞ്ചായത്തിലെ ഒരു വിഭാഗം കുട്ടികളെങ്കിലും പുതുനഗരം, തത്തമംഗലം, ചിറ്റൂർ എന്നിവിടങ്ങളിലെ സ്കൂളുകളിൽ പഠനം നടത്തുന്നുണ്ട്. ഇതിനു പ്രധാനപ്പെട്ട കാരണം ഇവിടത്തെ നേഴ്സറി സ്കൂളുകളുടെ നിലവാര കുറവാണ്.


പഞ്ചായത്തിൽ 5 എൽ. പി. സ്കൂളുകളാണ് നിലവിൽ ഉള്ളത്. ഇവയിൽ 4 എണ്ണം (നാല് എണ്ണം) സർക്കാറിന്റെ കീഴിലും ഒരെണ്ണം എയ്ഡഡ് സ്കൂളും ആണ്. ഇവയിൽ ആയിരത്തി ഇരുന്നൂറ്റി എഴുപത്തി ആറ് വിദ്യാർത്ഥികളാണ് പഠിക്കുന്നത്. (1995-96ലെ കണക്ക്) ഇതിൽ 649 പെൺകുട്ടികളും 627 ആൺകുട്ടികളും ആണ്. ഈ അഞ്ച് സ്കൂളുകളിലായി 39 അദ്ധ്യാപകർ ജോലി നോക്കുന്നുണ്ട്. എല്ലാ സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, ഫർണിച്ചർ, മൂത്രപ്പുര, കക്കൂസ് എന്നിവയുടെ അഭാവം അനുഭവപ്പെടുന്നവയാണ്. ഈ സ്കൂളുകളുടെ പഠന നിലവാരം തൃപ്തികരമല്ല. ജി. എൽ. പി. എസ്. വെസ്റ്റ് പെരുവെമ്പയിൽ നിന്നും കുട്ടികളും ഗണ്യമായി കുറയുന്നതായി കാണുന്നു. ഇതിനു പ്രധാന കാരണം അവിടത്തെ ഭൗതിക സാഹചര്യക്കുറവും അതിനോടൊപ്പംതന്നെ പരിസരവാസികളുടെ താല്പര്യകുറവും ആണ്. സ്കൂളുകളിൽ ചേരുന്ന ഏകദേശം പത്തു ശതമാനം വിദ്യാർത്ഥികളും പഠനം ഇടയ്ക്കുവെച്ച് നിർത്തി പോകുന്നവരാണ്. ഇതു പരമാവധി കൊഴിച്ചിൽകാണുന്നത് ഒന്ന്, രണ്ട് ക്ലാസ്സിൽവെച്ചാണ്.

പഠനം നിർത്തിയവർ

ക്രമനമ്പർ	ക്ലാസ്	ആകെ കുട്ടികളുടെ എണ്ണം	SC/ST കുട്ടികളും			മറ്റുള്ളവർ			ആകെ നിർത്തിയവർ
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	I	293	1	1	2	15	18	33	35
2	II	311	2	2	4	18	10	28	32
3	III	342	—	1	1	7	5	12	13
4	IV	330	1	2	3	6	6	12	15

നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ യു. പി. തലത്തിലും ഹൈസ്കൂൾ തലത്തിലും പഠിയ്ക്കുവാൻ ഒരു ഹൈസ്കൂൾ മാത്രമെ നിലവിലുള്ളു. ഇതു് ഒരു എയ്ഡഡ് സ്വകാര്യമെൻറ് സ്കൂൾ ആണു്. ഇവിടെ 723 ആൺകുട്ടികളും 755 പെൺകുട്ടികളും ഉൾപ്പെടെ 1478 വിദ്യാർത്ഥികളാണു് പഠിക്കുന്നതു്. 52 അദ്ധ്യാപകർ ആണു് ഈ സ്കൂളിൽ ഉള്ളതു്. ഈ സ്കൂളിൽ ഒരു പരിധിവരെ ഭൗതിക സാഹചര്യങ്ങളും എല്ലാം ഉണ്ടെങ്കിലും പഠന നിലവാരം ഒട്ടും തൃപ്തികരമല്ല. കഴിഞ്ഞ നാലു വർഷങ്ങളിലെ എസ്. എസ്. എൽ. സി. വിജയ ശതമാനം പരിശോധിച്ചാൽ ഇതു് വ്യക്തമാകും.

S. S. L. C. **വിജയ ശതമാനം**



മേൽപറഞ്ഞ സ്കൂളുകളിലെല്ലാം തന്നെ അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ പ്രവർത്തനം വളരെ മോശമാണു്. രക്ഷാകർത്തൃ സമിതികളിൽ ഹാജർ നില വളരെ പരിതാപകരമാണു്. പി. ടി. എ. യുടെ നേതൃത്വത്തിൽ ഇത്രയും നാളായിട്ടു് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതു് പെരുവെമ്പു് ജി. ജെ. ബി. എസ്. സ്കൂളിൽ മാത്രമാണു്. ഇവിടെ അവർ ഒരു വാട്ടർ ടാങ്കു് കെട്ടുകയും പമ്പുസെറ്റു് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു്.

പഞ്ചായത്തിന്റെ അതൃത്തിക്കുള്ളിൽ രണ്ടു് പാരലൽ കോളേജു് പ്രവർത്തിക്കുന്നുണ്ടു്. 1976--ൽ സ്ഥാപിക്കപ്പെട്ട ''ഭാരതു് കോളേജും'', 1978 ൽ സ്ഥാപിക്കപ്പെട്ട ''ഗുരു'' കോളേജും യു. പി., എസ്. എസ്. എൽ. സി എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്കു് ഇവിടെ പരിശീലനം നൽകുന്നു. പഞ്ചായത്തിലെ ഹൈസ്കൂളിലെ ശ്രേഷ്ഠക്ക

മായ വിജയശതമാനം ഉയർത്തുന്നതിൽ ഒരു നല്ലപങ്ക് ഇവർ വഹിക്കുന്നുണ്ട്. അടുത്ത പഞ്ചായത്തുകളിൽ നിന്നും കുട്ടികൾ ഇവിടെ വന്ന് പഠനം നടത്തിപോകുന്നു.

കഴിഞ്ഞ 30 വർഷമായിട്ട് ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഇംഗ്ലീഷ്, മലയാളം, ഷോർട്ട്ഹാൻഡ് പഠിപ്പിയ്ക്കുന്നു. അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ നാമമാത്രമായെങ്കിലും ഈ സ്ഥാപനം സഹായിക്കുന്നുണ്ട്.

അനൗപചാരിക മേഖലയിൽ ഈ പഞ്ചായത്തിൽ നടന്നിട്ടുള്ള പ്രധാന പ്രവർത്തനം സാക്ഷരതാ യജ്ഞം ആയിരുന്നു. ഇതിന്റെ ഭാഗമായിട്ട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 53 ക്ലാസുകൾ നടത്തിയിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനം ഒരു പരിധിവരെ വിജയപ്രദമായി ഈ പഞ്ചായത്ത് നടത്തുകയുണ്ടായി. രണ്ടാംഘട്ട പ്രവർത്തനം വേണ്ടത്ര ഫലപ്രദമായില്ല. തുടർവിദ്യാഭ്യാസത്തിന്റെ കുറവ് കാരണം അന്ന് ഇതിൽ പങ്കെടുത്ത പലർക്കും പൂർണ്ണമായി സാക്ഷരരാകുവാൻ സാധിച്ചിട്ടില്ല.

1, പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്തെ പ്രധാന പ്രശ്നം നിലവിലുള്ള സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളുടെ കുറവ് ആണ്,

2, വിദ്യാലയങ്ങളിലെ അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ ശരിയായ രീതിയിലുള്ള പ്രവർത്തനത്തിന്റെ കുറവ്.

3, ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ പഠന നിലവാരതകർച്ച.

4, യു. പി. സ്കൂളുകളുടെ അഭാവം.

5, സാങ്കേതിക വിദ്യാലയങ്ങളുടെ കുറവ്.

പൊതുജന പങ്കാളിത്തത്തോടുകൂടി സ്കൂളുകളുടെ ഭൗതിക സാഹചര്യം ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കുക, അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക, യു. പി. സ്കൂളുകളുടെയും, സാങ്കേതിക വിദ്യാലയങ്ങളുടെയും കുറവ് പരിഹരിക്കാൻ വേണ്ട നടപടി പഞ്ചായത്ത് കമ്മറ്റി സ്വീകരിക്കുക, ഹൈസ്കൂളിലെ വിദ്യാർത്ഥികളിൽ പഠന നിലവാരം കുറഞ്ഞ കുട്ടികളെ കണ്ടുപിടിച്ച് ഈ കുട്ടികൾക്ക് പ്രത്യേക പഠനം നൽകുന്നതിന് ഏർപ്പാട് നൽകുക. കായികമേഖലയുടെ വളർച്ചയ്ക്ക് പ്രോൽസാഹനം നൽകുക.

★

കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യമുള്ള ജനത ഒരു രാജ്യത്തിന്റെ സമ്പത്താണ്. ആരോഗ്യമെന്നത് സർവ്വധനാൽ പ്രധാനമാണ്. പഴയകാലങ്ങളിൽ ഇവിടത്തെ ജനങ്ങൾ നാട്ടുവൈദ്യന്മാരെയും മന്ത്രവാദികളെയും പൂജാരികളെയുമാണ് പ്രധാനമായും ചികിത്സയ്ക്ക് ആശ്രയിച്ചിരുന്നത്. ചരട് ജപിച്ചുകെട്ടുക, രക്ഷകെട്ടുക, പ്രേതബാധഒഴിപ്പിക്കുക അമ്പലങ്ങളിൽ വഴിപാടുകൾനടത്തുക, പൂജാരിയിൽ നിന്നും വെളിപാടുസ്വീകരിക്കുക (കല്പന) ഇഷ്ടദൈവങ്ങൾക്ക് ബലിയർപ്പിക്കുക. തുടങ്ങിയ ആചാരക്രമങ്ങളാണ് ചികിത്സക്കായി സ്വീകരിച്ചുവന്നിരുന്നത്. ആധുനിക രീതിയിലുള്ള ചികിത്സാ സമ്പ്രദായങ്ങൾ നിലവിലുള്ള ഈ കാലഘട്ടത്തിൽ പോലും മേൽപറഞ്ഞ പ്രാകൃത ചികിത്സാ സമ്പ്രദായങ്ങൾ ഇന്നും തുടരുന്നതായി കാണാം.

1971-ന മുൻപ് നമ്മുടെ പഞ്ചായത്തിൽ ആധുനിക ചികിത്സാ സമ്പ്രദായങ്ങളോ, ആധുനികരീതിയിലുള്ള ചികിത്സാ കേന്ദ്രങ്ങളോ ഉണ്ടായിരുന്നില്ല. ഇതിനു മുൻപ് പഞ്ചാത്തിലെ ജനങ്ങൾ ചികിത്സക്കായി പാലക്കാട്, ചിറ്റൂർ, കൊടുവായൂർ എന്നീ സ്ഥലങ്ങളിലുള്ള ചികിത്സാ കേന്ദ്രങ്ങളെ ആണ് ആശ്രയിച്ചിരുന്നത്.

1972-ൽ പെരുവെമ്പ് ചുങ്കത്ത് പഞ്ചായത്തു വകയിലുള്ള കെട്ടിടത്തിൽ ആദ്യമായി പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവൃത്തിച്ചു തുടങ്ങി. 1984-ൽ പഞ്ചായത്തും ജനങ്ങളും മുൻകൈ എടുത്ത് സംഭാവനയായി നൽകിയ 75 സെൻറ് സ്ഥലത്താണ് ഇപ്പോൾ പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവൃത്തിച്ചു വരുന്നത്. 1989-ൽ 10 കിടക്കകളുള്ള വാർഡ് നിർമ്മിച്ച് മാതൃ ശിശു സംരക്ഷണ പ്രവൃത്തനത്തിലേക്കായി തുറന്നു കൊടുത്തു. ഇപ്പോൾ ഒരു ഡോക്ടർ ഉൾപ്പെടെ 18 ജീവനക്കാർ പ്രവൃത്തിച്ചു വരുന്നു. മാതൃ ശിശു സംരക്ഷണമാണ് മുഖ്യലക്ഷ്യം. ഈ പ്രവൃത്തനം കാര്യക്ഷമമായി നടത്തുവാൻ ലേഡി ഡോക്ടറുടെ സേവനം അത്യന്താപേക്ഷിതമാണ്.

പൊതുജന ആരോഗ്യ പരിപാലനത്തിനായി ഒരു ഹെൽത്ത് ഇൻസ്പെക്ടർ മൂന്നു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടർ അഞ്ചു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാർ എന്നീ ജീവനക്കാർ ഈ രംഗത്ത് പ്രവൃത്തിക്കുന്നുണ്ട്. ഇതിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക 1996 ആഗസ്റ്റ് മുതൽ ഒഴിഞ്ഞു കിടക്കുകയാണ് (റിട്ടയർമെൻറ്) അനുവദിച്ച അഞ്ചു സബ്ബ് സെൻറുകളിൽ മൂന്നെണ്ണം സർക്കാർ കെട്ടിടത്തിൽ പ്രവൃത്തിക്കുന്നു, ബാക്കി രണ്ടെണ്ണത്തിൽ ഒന്ന് വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്നു. മറെറാരെണ്ണം സ്വന്തം കെട്ടിടമോ വാടക കെട്ടിടമോ ഇല്ലാത്ത അവസ്ഥയിലാണ്.

കെട്ടിടങ്ങളില്ലാത്ത സബ്ബ് സെൻറുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുക. അറുകുറ പണികളും നടത്തുവാനുള്ള സബ്ബ് സെൻറുകളെ പ്രവൃത്തന സജ്ജമാക്കുക. പൊതുജന ആരോഗ്യ പ്രവൃത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ട ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിവിലേക്ക് ഉടൻ നിയമനം നടത്തുക.

പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രിയും പ്രവൃത്തിച്ചു വരുന്നുണ്ട്. 1990-ൽ J. R. Y. സ്കീമിൽ 25% സെൻറ് സ്ഥലത്ത് 188000 രൂപ ചിലവിൽ നിർമ്മിച്ച കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവൃത്തിച്ചുവരുന്നത്. കെട്ടിടത്തിൻെറ ചുറുമതിൽ പഞ്ചായത്തു നിർമ്മിച്ചു കൊടുത്തതാണ്. ഡോക്ടർ ഉൾപ്പെടെ നാലു ജീവനക്കാരുടെ സേവനം ലഭ്യമാണ്.

മുൻകാലങ്ങളിൽ കൂടുതൽ ജനങ്ങളും ആയുർവേദ ചികത്സ സ്വീകരിച്ചിരുന്നതു് തത്തമംഗലം, പാലക്കാട് എന്നീ ആശുപത്രികളെ ആശ്രയിച്ചാണ്. നമ്മുടെ പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി നിലവിൽ വന്നശേഷം ഈ സ്ഥിതിക്ക് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയുർവേദ ചികിത്സയുടെ വിജയവും വിശ്വാസവും വർദ്ധിച്ച സാഹചര്യത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൌകര്യത്തോടു കൂടിയ ആശുപത്രിയായി ഈ സ്ഥാപനത്തെ ഉയർത്തേണ്ടതാണ്. ഇതുയേറെ സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവൃത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൻെറ പൊതു ആരോഗ്യ സ്ഥിതിയിൽ ഗുണകരമായ മാറ്റം കാണുന്നില്ല.

ജന പങ്കാളിത്തത്തോടുകൂടി ആശുപത്രി ഉപദേശക സമിതി ശക്തിപ്പെടുത്തി ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനം പൂർണ്ണമായും ഉപയോഗപ്രദമാക്കുക. സബ്സെന്ററുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ജന പങ്കാളിത്തത്തോടുകൂടി ആരോഗ്യ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. ഗൃഹ സന്ദർശനം ഊർജ്ജിതപ്പെടുത്തുക. ഇതിലൂടെ ആരോഗ്യ പൂർണ്ണമായ ജനതയെ വാർത്തെടുക്കുക എന്നതാണ് മുഖ്യലക്ഷ്യം. ഈ പഞ്ചായത്തിൽ ഒരു ഇംഗ്ലീഷ് മരുന്നാഷോപ്പും രണ്ടു ആയുർവേദ മരുന്നുഷോപ്പും പ്രവർത്തിച്ചുവരുന്നു.



" ഏറ്റവും നല്ല നിക്ഷേപം കഠിനാദ്ധ്വാനമാണ് "

— ഷ്സാബ്

സ്ഥാപനവും സേവനങ്ങളും

ഗ്രാമസഭകളിൽ അവതരിപ്പിച്ച വിഷയങ്ങളിൽ ഉയർന്നു വന്ന പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും

പകർച്ചവ്യാധികൾ

പഞ്ചായത്തിൽ സാധാരണയായി കണ്ടുവരാറുള്ള പകർച്ച വ്യാധിയിൽ പ്രധാനപ്പെട്ടത് വയറിളക്ക രോഗമാണ്. മഴക്കാലത്തിന്റെ തുടക്കം ഈരോഗം പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കണ്ടുവരാറുണ്ട്. 6-ാം വാർഡിലെ തോട്ടറക്കാട് ഭാഗങ്ങളിൽ കഴിഞ്ഞ മൂന്ന വഷ്ങ്ങളായി എല്ലാ വഷ്ക്കാലങ്ങളിലും വയറിളക്ക രോഗം പ്രത്യക്ഷപ്പെടാറുണ്ട്. അതിനകാരണം ആപ്രദേശത്തെ ജനങ്ങളുടെ മുഖ്യ ശുദ്ധജല സ്രോതസ്സായ കിണർ വൃത്തിഹീനമായ കനാൽ പരിസരത്താണ് സ്ഥിതിചെയ്യുന്നതു. നിർദ്ദേശങ്ങൾ:- വൃത്തിഹീനമായ കിണർ വൃത്തിയാക്കി ഉപയോഗ യോഗ്യമാക്കുക, ആപ്രദേശത്ത് കക്കൂസുകൾ നിർമ്മിക്കുവാനുള്ള സൌകര്യങ്ങൾ ഉണ്ടാക്കികൊടുക്കുക. കൂടാതെ പഞ്ചായത്ത് ഒട്ടാകെ ശുദ്ധജല വിതരണം ഫല പ്രദമാക്കുക, പൊതുകിണറുകൾ ശുദ്ധീകരിക്കുക (ക്ലോറിനേഷൻ) പരിസര ശുചീകരണം ശക്തിപ്പെടുത്തുക.

രോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുക. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി കക്കൂസ്സുകൾ നിർമ്മിച്ച് കൊടുക്കുക. പാലത്തുള്ളി പുഴയിൽ നിർമ്മിച്ചിട്ടുള്ള തടയണയ്ക്ക് ചുറ്റുമുള്ള പ്രദേശത്തെ മലമൂത്ര വിസർജ്ജന നിരോധിത മേഖലയായി പ്രഖ്യാപിക്കുക.

ഈച്ച നശീകരണം കൊതുക നശീകരണം പേപ്പട്ടി നശീകരണം എന്നിവ ഊർജ്ജിതമാക്കണം. പഞ്ചായത്തിലെ പ്രധാന പൊതുസ്ഥലങ്ങൾ ശുചീകരിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന ഹോട്ടലുകൾ ശീതളപാനീയശാലകൾ എന്നിവിടങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന പൊതുജനാരോഗ്യ നിയമങ്ങൾക്ക്

വിധേയമാക്കേണ്ടതും അത് പാലിക്കുന്നുണ്ടോ എന്നു് ഉറപ്പുവരുത്തേണ്ടതുമാണു്. ഹോട്ടലുകൾ, ചായക്കട മുതലായ ഭക്ഷണം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വ്യക്തി ശുചിത്വം പരിശോധനയ്ക്കു് വിധേയമാക്കേണ്ടതാണു്. പഞ്ചായത്തു പ്രദേശങ്ങളിൽ വില്പനചെയ്യുന്ന മാംസം, മൽസ്യം, പഴം, പച്ചക്കറി മുതലായ ഭക്ഷണ സാധനങ്ങളുടെ വില്പന ശുചിയായ അന്തരീക്ഷത്തിലാണെന്നു് ഉറപ്പു വരുത്തുക. പ്രധാന പകച്ചു് വ്യാധികളെക്കുറിച്ചു് ബോധവൽക്കരണ ക്യാമ്പുകൾ ചുച്ചു് ക്ലാസ്സുകൾ ഫിലിം പ്രദർശനം മുതലായവ തുടച്ചുയായി നടത്തേണ്ടതാണു്.

പെരുവെമ്പു് പഞ്ചായത്തിലെ മൂന്നാം വാർഡിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിച്ചു് പ്രവൃത്തനം ആരംഭിക്കുക. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ എല്ലാവിധ രോഗികളെയും കിടത്തി ചികിത്സിക്കുവാനുള്ള സൌകര്യം ഉണ്ടാക്കണം. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ എത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണു്.

സ്ഥാപനങ്ങളും സേവനങ്ങളും

പെരുവെമ്പു് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ രംഗത്തെ പൊതു സ്ഥാപനങ്ങൾ

1.	പ്രാഥമിക ആരോഗ്യകേന്ദ്രം	:	1
a	ഉപകേന്ദ്രങ്ങൾ	:	5
2.	ആയുർവേദ ആശുപത്രി	:	1
	ആകെ ജീവനക്കാർ	:	22

നമ്പർ	സ്ഥാപനം	വാർഡു്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
I	പ്രാഥമിക ആരോഗ്യ			
i	കേന്ദ്രം പെരുവെമ്പ	5	1972	13
	ഐ. പി. പി. സബ്സു്			
	സെൻറർ പാലത്തുള്ളി	9	1984	1

ii	എഫ്. ഡബ്ലു. സി. പെരുവെമ്പ	5		1
iii	ഐ. സി. ഡി. എസ്സ് സബ്സെന്റർ പെരുവെമ്പ (കെട്ടിടം ഇല്ല)	5		1
iv	സബ്സെന്റർ (മെയിൻ സെന്റർ) പെരുവെമ്പ	5	1984	1
v	എഫ് ഡബ്ലു സി ചോറക്കോട് (വാടക കെട്ടിടം)	1		1
II	ആയുർവേദ ആശുപത്രി	6	1992	4

കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധവായു, ശുദ്ധജലം ശുചിത്വമുള്ള പാർപ്പിടം മുതലായവ ഒരു ജനതയുടെ ആരോഗ്യത്തെ സംബന്ധിച്ച് ഏറ്റവും അധികം പ്രാധാന്യം കൽപ്പിക്കേണ്ട ഘടകങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ 70% ജനങ്ങളും കിണർ വെള്ളത്തെ ആശ്രയിച്ചാണ് കഴിയുന്നത്. 30% ജനങ്ങളും പൈപ്പ് വെള്ളത്തെ ആശ്രയിക്കുന്നു. പഞ്ചായത്തു വിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗം വരുന്ന പ്രദേശങ്ങളിൽ (7.55q K.M) വേനൽക്കാലങ്ങളിൽ വെള്ളം കിട്ടാതെ വലയുകയാണ്. വരൾച്ച സമയത്ത് പഞ്ചായത്തിന്റെ മിക്ക സ്ഥലങ്ങളിലും വെള്ളത്തിനു ദൈർലഭ്യം നേരിടുന്നുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശമായ കറുകമണി, പാലത്തുള്ളി എന്നീ പ്രദേശങ്ങളും ഒഴിച്ച് ബാക്കി സ്ഥലങ്ങളിൽ ശുദ്ധജല ദൌർലഭ്യം നേരിടുന്നുണ്ട്. മുൻ കാലങ്ങളിൽ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്ന കുളങ്ങളും ചിറ്റൂർപുഴ, മലമ്പുഴ, മീങ്കര എന്നീ കനാലുകളും വന്നതുകൊണ്ട് ജലം സുഭിക്ഷമായി കിട്ടും എന്ന ധാരണയിൽ കുളങ്ങളും നികത്തി കൃഷിഭൂമി ആക്കി, ഈ പ്രദേശത്തെ ജല ദൌർലഭ്യത്തിനു ഇതും മുഖ്യ കാരണമായി കണക്കാക്കുന്നു. കുളങ്ങളിൽ വർഷകാലങ്ങളിൽ വെള്ളം സംഭരിച്ച് നിർത്തുന്ന സമ്പ്രദായം കുറഞ്ഞതും ജല ദൌർലഭ്യത്തിനു ഒരു കാരണമായി പറയാം.

ഇപ്പോൾ കേരള വാട്ടർ അതോറിട്ടിയുടെ കീഴിൽ രണ്ട് ജല സംഭരണികൾ പ്രവൃത്തിക്കുന്നുണ്ട്. 1975 ൽ സ്ഥാപിതമായ 45000 ലിറ്റർ സംഭരണ ശേഷിയുള്ള ജല സംഭരണിയും 1983-ൽ സ്ഥാപിത മായ 25000 ലിറ്റർ സംഭരണ ശേഷിയുള്ള മറ്റൊരു ജല സംഭരണിയും നിലവിലുണ്ട്. ഏകദേശം 63 കി.മീ. നീളം പൈപ്പ് ലൈൻ സ്ഥാ പിച്ച് രണ്ട് ജല സംഭരണികളിൽ നിന്നും ശുദ്ധ ജലം വിതരണം ചെയ്യു വരുന്നു. 150 വീട്ടുകാർക്ക് ശുദ്ധ ജല കണക്ഷൻ നൽകിയിട്ടുണ്ട്. 251 പബ്ലിക്ക് ടാപ്പുകൾ നിലവിലുണ്ട്. സംഭരണികളിൽ ശുദ്ധജലമെത്തി ക്കുന്നതിനു പാലത്തുള്ളി പുഴയിൽ രണ്ട് കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. 15 H. P, 30 H. P യുള്ള മോട്ടോറുകളാണ് ഇതിനുവേണ്ടി പ്രവൃത്തിച്ച വരുന്നത്. പുഴയിൽ വെള്ളം കെട്ടി നിൽക്കുന്നതിനുവേണ്ടി പഞ്ചായത്ത് J.R.Y സ്കീമിലൂടെ 4 ലക്ഷം രൂപ ചിലവഴിച്ച് തടയണ നിർമ്മിച്ചിട്ടുണ്ട് ശാസ്ത്രീയമായ രീതിയിലല്ല വെള്ളം ശുദ്ധീകരിക്കുന്നത്. 1993-ൽ തിരു വനന്തപുരം പബ്ലിക്ക് ഹെൽത്ത് ലബോറട്ടറിയിൽ നടത്തിയ പരിശോ ധനയിൽ ഇവിടെ വിതരണം ചെയ്യുവരുന്ന വെള്ളം ഉപയോഗ യോഗ്യ മല്ല എന്നു അറിയിച്ചിരുന്നു.

പഞ്ചായത്തിൽ 31 പൊതു കിണറുകളും സ്വകാര്യ കിണറുകളും ജനവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ വരൾച്ചയായതിനാൽ കടി വെള്ള ക്ഷാമം രൂക്ഷമാണ്.

കുടിവെള്ള പ്രശ്നങ്ങൾ	**പരിഹാര മാർഗങ്ങൾ**
വാർഡ് I	
കമ്മാന്തറ, പനംതൊടി, നരിയ - ക്കോട്, കാരക്കാട്, ആലങ്കോട്, ഈന്തക്കാട്, മന്ദത്തുകാവ്, ഒനാം തറ എന്നീ പ്രദേശങ്ങൾ	ഭൂഗർഭജലം കണ്ടെത്തി കുഴൽ കിണർ നിർമ്മിച്ച് ടാങ്ക് സ്ഥാപിച്ച് നില വിലുള്ള പൈപ്പ് ലൈനിൽ കണക്ഷ ൻ കൊടുക്കുക, ആലങ്കോട്ടിൽ പൈപ്പ് ലൈൻ നീട്ടുക.
വാർഡ് II	
മേലെക്കാട്, കാരക്കാട് കിഴക്കുഭാഗം	- പൈപ്പ് ലൈൻ നീട്ടുക.
വഷ്ണാത്ത്, മുണ്ടയം പാടം	- പൊതുകിണർ നിർമ്മിക്കുക

വാർഡ് III

വാഴക്കോട്	-	കുഴൽകിണർ കുഴിച്ച് നിലവിലുള്ള പൈപ്പ് ലൈൻ കണക്ഷൻ കൊടുക്കുക.
മേലെക്കോട്, അകമ്പാടം, നെടുവൻചിറ, തെക്കുത്തിവട്ടാർ, പാമ്പാട്ട് കുളമ്പ് മണ്ണാംകുളമ്പ്	-	വാട്ടർ അതോറിട്ടിയുടെ കുഴൽകിണർ സ്ഥാപിച്ചിട്ടുണ്ട് ഏത്രയും വേഗം മോട്ടോർ സ്ഥാപിച്ച് പൈപ്പ് ലൈൻ കണക്ഷൻ കൊടുക്കണം

വാർഡ് IV

കക്കോട്, കമ്മാന്തറ, നരമൻ കുളം എന്നീ പ്രദേശങ്ങളിൽ	-	പനംകുറ്റിയിൽ കുഴൽകിണർ കുഴിച്ച് നിലവിലുള്ള ടാങ്കിൽ വെള്ളം സംഭരിച്ച് പൈപ്പ് ലൈനിൽ കൂടി കണക്ഷൻ കൊടുക്കുക

വാർഡ് V

പുന്നിയംകാവ്, അപ്പുളം, വെട്ടുകാട്, പുളുന്നിരക്കോട് I.H.D.P കോളനി	-	പുന്നിയംകാവിൽ ഓപ്പൺ വെൽ നിർമ്മിക്കുക. പുളുന്നിരക്കോട്ടിൽ ഓപ്പൺ വെൽ നിർമ്മിക്കുക. വെട്ടുകാട്ടിൽ കുഴൽകിണർ കുഴിക്കുക. അപ്പുളത്ത് ഓപ്പൺ വെൽ കുഴിക്കുക.

വാർഡ് VI

ഒറ്റാക്ക്, തോട്ടറക്കാട്, ഒട്ടപ്പുറമ്പ്, തങ്കയം വെട്ടുകാട് കിഴക്കുവശം.	-	ഒറ്റാക്കിൽ പൈപ്പ്ലൈൻ നീട്ടുക പൊതുകിണർ സ്ഥാപിക്കുക. തോട്ടറക്കാട്ടിൽ പൊതുകിണർ തങ്കയം പൊതുകിണർ, ഒട്ടപ്പുറമ്പിൽ പൊതുകിണർ, വെട്ടുകാട് കിഴക്കുഭാഗം കുഴൽ കിണർ കുഴിക്കുക.

വാർഡ് VII

ചേരുങ്കോട്, പൂക്കോട് ഇല്യംകാട്, മന്ദാടത്തുകുളമ്പ്, വാണിയത്തറ.	-	വാണിയത്തറയിൽ ഒരു പൊതുകിണർ കുഴിക്കുക, ഇല്യംകാട്ടിൽ പൊതുകിണർ കുഴിക്കുക. ചേരുങ്കോട്ടിൽ പൈപ്പ് ലൈൻ നീട്ടുക, മന്ദാട്ടുകുളമ്പിൽ പൊതുകിണർ

വാർഡ് VIII

കുന്നക്കാട്, ലക്ഷംവീട് കോളനി കുറിരംകുന്നം മണിയം പാടം വെള്ളകാട്	-	കുന്നക്കാട് പൊതുകിണർ കുറിരംകുന്നം പൊതുകിണർ വെള്ളകാട്ടിൽ കുഴൽകിണ്ണർ മണിയം പാടത്ത് പൈപ്പ്ലൈൻ നീട്ടുക

വാർഡ് IX

മൂച്ചിക്കാട്, കറുകമണി പടിഞ്ഞാറുഭാഗം, പാലത്തുള്ളി ലക്ഷംവീട് കോളനി	-	മൂച്ചിക്കാടിൽ പൊതുകിണർ നിർമ്മിക്കുക, കറുകമണി പടിഞ്ഞാറു ഭാഗത്ത് ചിറ്റൂർ വാട്ടർ സപ്ലൈയിൽ നിന്നു പൈപ്പ് ലൈൻനീട്ടുക. പാലത്തുള്ളി ലക്ഷംവീട് കോളനിയിൽ പൊതുകിണർ കുഴിക്കുക.

ഗ്രാമസഭകളിൽ ചർച്ച ചെയ്ത ആരോഗ്യ പ്രശ്നങ്ങളും നിർദ്ദേശങ്ങളും പഠനവിധേയമാക്കുമ്പോൾ പഞ്ചായത്തിന്റെ മുഖ്യമായ ആരോഗ്യ പ്രശ്നം ശുദ്ധജല ദൌർലഭ്യമാണ് നിലവിലുള്ള സംവിധാനങ്ങളും നിർദ്ദേശങ്ങളും പൂർണ്ണമായി പ്രയോജനപ്പെടുത്തുകയാണെങ്കിൽ പദ്ധതിയുടെ അവസാനമാകുമ്പോഴെക്കും ശുദ്ധജല പ്രശ്നത്തിനു ഒരുപരിധിവരെ പരിഹാരം കാണാൻ കഴിയും. അടുത്ത മുഖ്യ ആരോഗ്യപ്രശ്നം പരിസരമലിനീകരമാണ് പ്രത്യേകിച്ച് പൊതുസ്ഥലത്തെ മലമൂത്രവിസർജ്ജനം. പ്രത്യേക ശ്രദ്ധ എല്ലാ കുടുംബങ്ങൾക്കും സാനിറ്ററികക്കൂസുകൾ നിർമ്മിക്കുവാനുള്ള സംവിധാനം ഉണ്ടാക്കി കൊടുക്കുക. പദ്ധതിയുടെ അവസാന ഘട്ടമാകുമ്പോഴെക്കും ലക്ഷ്യം നിറവേറ്റാൻ കഴിയുകയാണെങ്കിൽ വെള്ളത്തിലൂടെ ഉണ്ടാകുന്ന രോഗങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കാൻകഴിയും. മാതൃശിശു സംരക്ഷണ പ്രവൃത്തനങ്ങൾ ഇപ്പോൾതന്നെ നല്ലനിലവാരത്തിൽ പ്രവൃത്തിച്ചുവരുന്നുണ്ട്. പൊതുജന ബോധവൽക്കരണവും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പൂർണ്ണരൂപത്തിലുള്ള പ്രവൃത്തനവും സംയോജിപ്പിക്കാൻ കഴിഞ്ഞാൽ നമ്മുടെ ലക്ഷ്യം ആരോഗ്യമുള്ള പഞ്ചായത്ത് ജനത എന്ന സ്വപ്നം ഒട്ടുമിക്കവാറും സാക്ഷാൽക്കരിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

വ്യവസായം

നമുടെ രാജ്യം കാഷ്ിക രാജ്യമാണെങ്കിലും ഏകദേശം 20% ത്തോളം ആളുകളം വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നുണ്ടെന്നുള്ള കാര്യം അറിവുള്ളതാണല്ലൊ.

രാഷ്ട്രത്തിന്റെ പുരോഗതിക്കു് കാഷ്ിക മേഖലയോടൊപ്പം വ്യവസായ മേഖലകൂടി അഭിവൃദ്ധിപ്പെടേണ്ടതു് ആവശ്യമാണുതാനും. അതുകൊണ്ടുതന്നെ പെരുവെമ്പു് ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ വികസനം മുന്നിൽകണ്ടുകൊണ്ടു് പദ്ധതികളം തയ്യാറാക്കുമ്പോളം കാഷ്ിക മേഖലയുടെ അതുതന്നെ പ്രാധാന്യത്തിൽ വ്യവസായ മേഖലയെയും പരിശോധിക്കേണ്ടതാണു്.

നമുടെ പഞ്ചായത്തിൽ വൻകിടവ്യവസായങ്ങളം ഒന്നുംതന്നെ നിലവിലില്ല. ഇനി എപ്പോഴെങ്കിലും വന്നുകൂടെന്നുമില്ല. എങ്കിലും ഇന്നു് നിലവിലുള്ള പഞ്ചായത്തിലെ സാദ്ധ്യതകളം പരിശോധിച്ചു് കൈവശമുള്ള സാങ്കേതികവിദ്യകളും മറ്റും ഉപയോഗിച്ചു് പഞ്ചായത്തിന്റെയും, പഞ്ചായത്തിലെ ജനങ്ങളുടെയും ജീവിത നിലവാരം ഉയർത്തുന്നതിനു് നമുക്കു് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നു് പരിശോധിക്കലും പരിശ്രമിക്കലുമാണു് ഈ വികസന റിപ്പോർട്ടുകൊണ്ടു് ഉദ്ദേശിക്കുന്നതെന്ന കാര്യം അറിയാമല്ലൊ.

ദേശീയതലത്തിലേതുപോലെതന്നെ കൃഷികഴിഞ്ഞാൽ ഏറ്റവും കൂടുതൽ കുടുംബങ്ങളം തൊഴിൽ ചെയ്യുന്നതു് നമ്മുടെ പഞ്ചായത്തിലും കൈത്തറിമേഖലയിലാണു് എന്നു് കാണാം. കൂടാതെ പരമ്പരാഗതമായ ചിലകുടിൽ വ്യവസായങ്ങളും നമ്മുടെ പഞ്ചായത്തുമേഖലയിൽ ഉണ്ടെന്നു് പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും.

ആധുനിക വ്യവസായ മേഖലയിൽ ഏതാനും ചെറിയ യൂണിറ്റുകളം വളരെ അടുത്തകാലത്തായി ഉണ്ടായതൊഴിച്ചാൽ ഈ രംഗവുമായി ബന്ധപ്പെട്ടവ പരമ്പരാഗതകുടിൽ വ്യവസായങ്ങളിൽ ചിലതു മാത്രമാണെന്നു് കാണാം. അവതന്നെ പഞ്ചായത്തിന്റെ രൂപീകരണ കാലഘട്ടം മുതൽ

നിലവിലുണ്ടായിരുന്ന വയാണ്താനും. കൈത്തറി നെയ്ത്ത്, എണ്ണ ആട്ടൽ, മൺപാത്ര നിർമ്മാണം, മുളകൊണ്ടുള്ള കുട്ട, പരമ്പ് മുതലായവയുടെ നിർമ്മാണം, വാദ്യോപകരണങ്ങളുടെ നിർമ്മാണം എന്നിവ യാണ് അവ. അതിൽ എണ്ണ ആട്ടൽ വളരെ വർഷങ്ങൾക്ക് മുൻപ്തന്നെ ഓർമ്മയിൽമാത്ര മായികഴിഞ്ഞു. കൈത്തറി നെയ്ത്ത്, വാദ്യോപകരണ നിർമ്മാണം എന്നിവ സാമാന്യം ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മൺപാത്രനിർമ്മാണം, കുട്ട, പരമ്പ്നെയ്ത്ത് മുതലായവ കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് മുന്നോട്ട പോകുന്നതിനു വളരെ പ്രയാസം അനുഭവ പ്പെടുന്നുണ്ട്.

കൈത്തറി

പഞ്ചായത്തിലെ 5-ാം വാർഡിലെ പുളിനിരക്കോട്ട് കോളനി യിലും, 7-ാം വാർഡിലെ കല്ലഞ്ചിറയിലും, 9-ാം വാർഡിലെ പാല ത്തുള്ളിയിലുമായി ഏകദേശം 250 ഓളം കുടുംബങ്ങൾ കൈത്തറി നെയ്ത്തു മായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നതാണ്. എന്നാലിപ്പോൾ ആ രംഗത്തു പ്രവർത്തിക്കുന്നവർ പാലത്തുള്ളിയിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ടെ കിലും, പുളിന്നിരക്കോട്ടം കല്ലഞ്ചിറയിലും പഴയതുപോലെ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൈത്തറി നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളും സാമ്പത്തിക സഹായങ്ങളും നൽകുന്നതിനും, ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുമായി പെരുവെമ്പിൽ ഒരു കൈത്തറി സഹകരണ സംഘം നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അതുപോലെതന്നെ കണ്ണൂർ ആസ്ഥാനമായുള്ള ഹാൻവീവിന്റെ ഒരു ഡിപ്പോവും നമ്മുടെ പഞ്ചായത്തിലെ അത്തിയംപാടത്തു്, കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനായി നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. ഒരു സംഘംചെറുപ്പ ക്കാരുടെ ശ്രമഫലമായി പട്ടികജാതിക്കാരായ യുവതീയുവാക്കൾക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നതിനായി 1995-ൽ പുതിയതായി ഒരു സർവ്വീസ് സഹകരണ സംഘംകൂടി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എണ്ണ ആട്ടൽ

കൈത്തറി രംഗംപോലെതന്നെ സ്വാതന്ത്ര്യ ലബ്ധിക്കുമുൻപ് പഞ്ചായത്തിലെ വാണിയത്തറയിലെ മുഴുവൻ കുടുംബങ്ങളിലും എണ്ണ

ആട്ടുന്ന ചക്കുണ്ടായിരുന്നു. പ്രധാനമായും വേപ്പെണ്ണയും, ഇരുപ്പക്കുരുവിന്റെ എണ്ണയുമാണ് ആട്ടിയിരുന്നത്. സുമാർ 25 വഷ്ം മുൻപ് തന്നെ അവ പൂണ്ണമായും നിന്നു പോയി. ഈ രംഗത്തു് സാമ്പത്തികനേട്ടം കുറവായതിനാലാകാം അവർ ഇപ്പോഴും മറുതൊഴിൽ രംഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതു്. ഈ പഞ്ചായത്തു് അതിർത്തിയിൽ ഇപ്പോഴും ഇല്ലിയങ്കാട്ടിൽ പ്രവർത്തിക്കുന്ന ഒരു എണ്ണആട്ടുന്ന മില്ലുമാത്രമാണ് ഉള്ളതു്. അതു് വ്യവസായിക അടിസ്ഥാനത്തിൽ ഉണ്ടാക്കിയതല്ല. ഗാർഹിക ആവശ്യത്തിനുള്ള കൊപ്രമാത്രമാണു് ആട്ടികൊടുക്കുന്നതു്.

മൺപാത്ര നിർമ്മാണം

ഏകദേശം 20 ഓളം കുടുംബങ്ങളാണു് മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ടു് ഉപജീവനം കഴിച്ചുവരുന്നതു്. ഏഴാം വാർഡു് ശാമൻകുളം എന്ന സ്ഥലത്തു് 4 ഉം, ഒൻപതാം വാർഡു് മമ്മിലിക്കാട്ടിൽ 10 ഉം, നഗരത്തിൽ 6 ഉം കുടുംബങ്ങൾ ഇപ്പോഴും പരമ്പരാഗതമായ ഈ തൊഴിൽ ചെയ്തുവരുന്നു. ഇവർക്കു് ആവശ്യമായ അസംസ്കൃത പദാർത്ഥമായ കളിമണ്ണു് നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ടു് തന്നെ ദൂരസ്ഥലത്തുനിന്നു് കളിമണ്ണു് വിലയ്ക്കുവാങ്ങിയാണു്, പാത്രനിർമ്മാണം നടത്തിവരുന്നതു്. മറുതലപറമ്പിൽ മുമ്പു് ഈ പ്രവർത്തിചെയ്തിരുന്ന കുടുംബങ്ങൾ പൂണ്ണമായും ഈ തൊഴിൽ ഉപേക്ഷിച്ചു് മറു മേഖലകളിൽ പോവുകയാണു്. ഉണ്ടായതു് ആവശ്യത്തിനു് കളിമണ്ണ്ലഭിക്കാത്തതും വിപണിയിലെ മാന്ദ്യവും ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങളാണു്.

ഈറ നെയ്ത്തു്

നാലാം വാർഡിലെ കക്കൻ കാട്ടിലും എട്ടാം വാർഡിലെ, തേക്കിൻകാടു്, വാരിക്കാടു് എന്നിവടങ്ങളിലുമായി പത്തോളം കുടുംബങ്ങളാണു് മുള ഉപയോഗിച്ചുള്ള കുട്ട, പരമ്പു് മുതലായവ നിർമ്മിച്ചു് വന്നിരുന്നതു്. അവർ ഇപ്പോഴും ഈരംഗത്തുതന്നെ തൊഴിലെടുത്തുവരുന്നുണ്ടെങ്കിലും അവക്കു് ആവശ്യമായ മുള വേണ്ടത്ര ലഭിക്കായ്ക, അമിതമായ വില, ഉല്പന്നങ്ങൾ മാക്കറ്റിൽ വിറ്റഴിയായ്ക, എന്നിവയെല്ലാം, ഈ മേഖലയുടെ നിലനില്പിനു് ഭീഷണിയാണു് എന്നുപറയാതിരിക്കാൻവയ്യ.

വാദ്യോപകരണ നിർമ്മാണം

വാദ്യോപകരണങ്ങളുടെ നിർമ്മാണ രംഗത്തു് പെരുവെമ്പിന്റെ സ്ഥാനം കേരളമാകെ പ്രസിദ്ധമാണു്. ഈ പഞ്ചായത്തിലെ വെട്ടുകാടു്, മരുതലപറമ്പു് എന്നീ പ്രദേശത്തെ ഏതാനും കുടുംബങ്ങളാണു് പരമ്പരാഗത മായി വാദ്യോപകരണങ്ങളായ മൃദംഗം, മദ്ദളം, ചെണ്ട, തബല എന്നിവ നിർമ്മിക്കുന്നവരാണു്. ഇപ്പോഴും നല്ല നിലയിൽ ഈ വ്യവസായം പുരോ ഗമിച്ചു വരുന്നുണ്ടു്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളിലെ അംഗങ്ങളാണു് ജോലികളെല്ലാം ചെയ്യുന്നതു്. അതുകൊണ്ടു തന്നെ ഈ കുടുംബങ്ങളിലെ സ്ത്രീകൾക്കു് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനായി ഒരു വനിതാ വാദ്യോപകരണ നിർമ്മാണ വ്യവസായ സഹകരണ സംഘം പുതിയതായി രൂപീകരിച്ചു് പ്രവർത്തനം ആരംഭിച്ചി ട്ടുണ്ടു്. ഈ വ്യവസായത്തിനു് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളും ആവശ്യത്തിനു് ലഭിക്കുന്നുണ്ടെങ്കിലും വില കൂടുതലാണു്. തുകൽ പഞ്ചാ യത്തിന്റെ പുറത്തുനിന്നാണു് കൊണ്ടുവരുന്നതു്. വിപണന രംഗത്തു് യാതൊരു പ്രശ്നവുമില്ല.

റൈസു് മിൽ

പഞ്ചായത്തിന്റെ രൂപീകരണ ഘട്ടത്തിൽ നാലോ അഞ്ചോ, റൈസുമിൽ ഉണ്ടായിരുന്ന സ്ഥാനത്തു് ഇപ്പോൾ 14 റൈസു് മില്ലുകളു് 16 കുലി അരവു് മില്ലുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടു്. ഇതു മൂലം നൂറോളം തൊഴിലാളികൾക്കു് ജോലി ലഭിച്ചു വരുന്നുണ്ടു്.

ഇഷ്ടിക നിർമ്മാണം

ഡിസംബർ മാസം മുതൽ മെയു് മാസം വരെ ഗ്രാമീണ മേഖല യിലെ തൊഴിലാളികൾക്കു് തൊഴിൽ ലഭിക്കുന്ന ഒരു വ്യവസായമാണിതു് തുടക്കത്തിൽ മുതൽ മുടക്കുന്നതിനു് സാമ്പത്തിക ശേഷി ഇല്ലാത്തത് ഈ രംഗത്തെ പോരായ്മയാണു്. വിവിധ ഏജൻസികളിൽ നിന്നും സാമ്പ ത്തിക സഹായം ലഭിക്കുകയാണെങ്കിൽ കൂടുതൽ പേർക്കു് ഈ മേഖലയിൽ തൊഴിലവസരങ്ങൾ ലഭിക്കാനിടയാകും.

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

പരമ്പരാഗതമായ വ്യവസായമല്ലെങ്കിലും ആധുനിക വ്യവസായങ്ങളുടെ പട്ടികയിൽ വരുന്നതും, ഗ്രാമീണ മേഖലയിൽ പ്രത്യേകിച്ച് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം പ്രദാനം ചെയ്യുന്നതുമായ ഒരു മേഖലയാണ് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും വിപണനവും. ഇത്തരത്തിലുള്ള രണ്ട് യൂണിറ്റുകൾ ഈ പഞ്ചായത്തിലെ വാണിയത്തറയിലും മന്നാടത്തു കുളമ്പിലുമായി പ്രവർത്തിച്ചു വരുന്നുണ്ട്. മുൻകൂർ ആവശ്യപ്രകാരം വസ്ത്രങ്ങൾ തയ്ച്ചു നൽകുന്നതിനാൽ വിപണനം ഒരു പ്രശ്നമാകുന്നില്ല. വർഷം മുഴുവനും തൊഴിൽ സാദ്ധ്യതയുള്ള മേഖലയാണ്. 2 പുരുഷന്മാരും, 15 സ്ത്രീകളുമടക്കം മൊത്തം 17 പേർ ജോലി ചെയ്യുവരുന്നു.

ഈ മേഖലയിലെ തൊഴിൽ സാദ്ധ്യത കണക്കിലെടുത്തു കൊണ്ടുതന്നെ പുതിയതായി 1995-ൽ വനിതകളുടേതായ ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും നല്ല നിലയിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നുണ്ട്. 15 സ്ത്രീകൾ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുവരുന്നു. വനിതാ ഗാർമെൻറ്സ് സഹകരണ സംഘം എന്ന പേരിലാണ് ഇതു് അറിയപ്പെടുന്നതു്.

പട്ടികജാതി വനിതാ പ്രസ്സ്

പട്ടികജാതിക്കാരായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 1994 ൽ പ്രവർത്തനമാരംഭിച്ച ഈ പ്രസ്സ് നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഈ സ്ഥാപനത്തിൽ 11 വനിതകൾ ജോലിചെയ്യുന്നുണ്ട്.

ക്ഷീര വ്യവസായ സഹകരണ സംഘം

1964 മുതൽ പഞ്ചായത്തതുത്തിയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണ്. മൂന്നൂറോളം ക്ഷീരകർഷകരിൽ നിന്നും ദിനം പ്രതി 950 ലിറ്റർ പാൽ സംഭരിക്കുകയും അവ മുഴുവനും പ്രാദേശികമായിതന്നെ വിറ്റഴിക്കുവരുന്നു. ഈ സ്ഥാപനത്തിൽ 10 പേർ തൊഴിൽ ചെയ്യുവരുന്നു.

സ്വകാര്യ മേഖലയിലോ, പൊതുമേഖലയിലോ വൻകിട ഫാക്ടറികളൊന്നും ഈ പഞ്ചായത്തിൽ ഇല്ല. എന്നാൽ ഏതാനും ചെറുകിടയൂനിറ്റുകളും സ്വകാര്യ മേഖലയിൽ നമ്മുടെ പഞ്ചായത്തു പ്രദേശത്തു് അടുത്തകാലത്തായി രൂപം കൊണ്ടിട്ടുണ്ടു്. 5 വർഷം മുൻപു് ഒന്നാം വാർഡിലെ ആനപുറം കാട്ടിൽ ക്ലാസിക് എന്ന പേരിൽ വ്യാവസായിക ആവശ്യത്തിനുള്ള "V" ബെൽറ്റുകളും നിർമ്മിക്കുന്ന സ്ഥാപനം ആരംഭിക്കുകയും, നല്ലനിലയിൽ പ്രവർത്തിച്ചുവരുകയും ചെയ്യുന്നുണ്ടു്. 20 ഓളം പേർ ജോലി ചെയ്തുവരുന്നുണ്ടു്.

പാലത്തുള്ളിയിൽ ട്രാൻസ്ഫോർമർ നിർമ്മിക്കുന്ന ഒരു വനിതാ വ്യവസായ യൂണിറ്റു് 3 വർഷം മുൻപു് ആരംഭിച്ചു് നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. B. P. L. ന്റെ ആവശ്യ പ്രകാരം ട്രാൻസ്ഫോർമർ നിർമ്മിച്ചു് സപ്ലൈചെയ്യുന്നതുകൊണ്ടു് വിപണനത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. എന്നിരുന്നാലും ഓർഡർ കിട്ടാതെ വരുമ്പോഴും തൊഴിലില്ലാതെ വരുന്നതു് പ്രധാന പ്രശ്നമാണു്. ഇപ്പോഴും വർഷത്തിൽ ശരാശരി 200 ദിവസം തൊഴിൽ ലഭിക്കുന്നുണ്ടു്. ഇവിടെ 4 സ്ത്രീ തൊഴിലാളികളും പ്രവർത്തിക്കുന്നു. പ്രതിമാസം ശരാശരി 500 രൂപ കൂലിലഭിക്കുന്നുണ്ടു്.

ഈ പഞ്ചായത്തിലെ 3,4,7 വാർഡുകളിൽ ഓരോ അലൂമിനിയം പാത്രം നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകളും ഉണ്ടു്. അവക്കുവേണ്ട അസംസ്കൃതവസ്തുവായ തകിടു് പാലക്കാടുനിന്നു് കൊണ്ടുവരികയാണു്. ഈ 3 യൂണിറ്റുകളിലായി 6 പേർ ജോലി ചെയ്തുവരുന്നു.

കൂടാതെ ബ്രഷു് നിർമ്മിക്കുന്ന 5 യൂനിറ്റുകളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ടു്. മൊത്തം 22 സ്ത്രീകളും ജോലിചെയ്തുവരുന്നു. ദിവസേന ശരാശരി 40 രൂപയോളം കൂലി ഇവക്കു് ലഭിക്കുന്നുണ്ടു്.

വെട്ടുകാടു് ഭാഗത്തു് കത്തി നിർമ്മിക്കുന്ന ഏതാനും കുടുംബങ്ങളും ഉണ്ടു്. കൂടാതെ യന്ത്ര സംവിധാനം ഉപയോഗപ്പെടുത്തി വ്യാവസായിക അടിസ്ഥാനത്തിൽ വില്പന നടത്തുന്ന രണ്ടു് യൂനിറ്റുകളും പ്രവർത്തിച്ചുവരുന്നു

മരുതല പറമ്പിൽ മോട്ടോർ വാഹനങ്ങളുടെ ക്ലച്ചു് പ്ലെയിറ്റു് റിപ്പയർ ചെയ്യുന്ന ഒരു ചെറിയ യൂനിറ്റു് പ്രവർത്തിച്ചു വരുന്നു.

ഒന്നാം വാർഡിലെ ആനപുറം കാട്ടിൽ കോൺ ഐസു് നിർമ്മിക്കുന്ന ഒരു ചെറിയ യൂണിറ്റു് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്.

പാലത്തുള്ളിയിൽ പുൽപ്പായ നെയ്ത്ത് വിപണനം നടത്തുന്ന തൊഴിലിൽ പത്തോളം കുടുംബങ്ങൾ പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിലെ 3-ാം വാർഡിൽ പനങ്കുറിയിലും 7-ാം വാർഡിലെ അത്തിയം പാടത്തും രണ്ട് ഈർച്ച മില്ലുകൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

പ്രശ്നങ്ങളും പരിഹാരങ്ങളും

നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗത മേഖലയിലും കുടിൽ വ്യവസായങ്ങളിലും ആധുനിക മേഖലയിലെ ചെറു യൂണിറ്റുകളിലും താഴെ പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്.

കൈത്തറി മേഖല

ഈ രംഗത്ത് ആധുനിക യന്ത്രങ്ങളുടെ കടന്നു കയറ്റം മൂലം തൊഴിൽ സാദ്ധ്യത കുറയുകയും കൈത്തറി ഉല്പന്നങ്ങൾക്ക് വിപണിയിൽ യന്ത്രവൽകൃത ഉല്പന്നങ്ങളുമായി കിടപിടിക്കാൻ കഴിയാതെ വരുന്നു. ആവശ്യമായ മാക്രറിങ്ങ് സംവിധാനം ഏർപ്പെടുത്തുകയും, തൊഴിലാളികൾക്ക് ആവശ്യമായ പ്രോത്സാഹനവും ധനസഹായവും ലഭ്യമാക്കിയാൽ ഈ മേഖല നല്ല നിലയിൽ നിലനിർത്തി കൊണ്ട് പോകുവാൻ കഴിയും.

മൺപാത്ര നിർമ്മാണം

മൺ പാത്രനിർമ്മാണത്തിന്റെ പ്രധാന അസംസ്കൃതവസ്തുവായ കളിമണ്ണ് ആവശ്യമായ തോതിൽ ലഭ്യമല്ലാത്തതിനാൽ ഈ മേഖലയിൽ പിടിച്ചു നിൽക്കാൻ പ്രയാസമാണ്. ഇപ്പോൾ ദൂര സ്ഥലങ്ങളിൽ നിന്ന് നല്ല വില നൽകി കളിമണ്ണ് കൊണ്ട് വരുന്നതിനാൽ ഉല്പാദന ചെലവ് കൂടുന്നു. അതിനു് ആനുപാതികമായ തോതിൽ വില ലഭിക്കും വിധമുള്ള വിപണന സംവിധാനം ഉണ്ടാക്കി എടുത്താൽ മാത്രമെ ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് നിലനില്ക്കാൻ കഴിയുകയുള്ളൂ.

ഈറ നെയ്ത്ത്

ആവശ്യമായ മുള ലഭിക്കാത്തതു തന്നെയാണ് ഈ രംഗത്തെ പ്രധാന പ്രശ്നം. ആയതു ലഭിക്കുവാൻ വേണ്ട സാഹചര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.

ചെറുകിട വ്യവസായ യൂനിറ്റുകൾ

ചെറുകിട വ്യവസായ യൂനിറ്റുകളും ഏറ്റെടുത്തു നടത്തുവാൻ ആവശ്യമായ സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള ചെറുപ്പക്കാർ നമ്മുടെ പഞ്ചായത്തിൽ അതിർത്തിയിൽ ധാരാളമുണ്ട്. അവർ ഇത്തരം യൂനിറ്റുകളും ആരംഭിക്കുന്നതിനും തയ്യാറുമാണും. എന്നാൽ ഇവരുടെ മുന്നിലുള്ള പ്രശ്നം മുതൽ മുടക്കിനാവശ്യമായ സാമ്പത്തികം കൈവശമില്ല എന്നതു തന്നെ. ഇതിനു സഹായിക്കാൻ കഴിയുന്ന ധനകാര്യ സ്ഥാപനങ്ങളും ഇത്തരം ആശയവുമായി സമീപിക്കുന്നവരെ നിരാശരാക്കുകയാണു ചെയ്യുന്നതു്. പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതികളുംക്കുപോലും ഇത്തരം സ്ഥാപനങ്ങളും ജാമ്യം ആവശ്യപ്പെടാറുണ്ടു്. മുതൽ മുടക്കിനു ആവശ്യമായ ധനം ഉദാരമായ വ്യവസ്ഥയിൽ ലഭ്യമാക്കുകയാണു് ഇതിനുള്ള പോംവഴി. അതുപോലെതന്നെ മറ്റു ഡിപ്പാർട്ടുമെൻറുകളുടെ ''സാങ്കേതികതത്തി'' ന്റെ പേരിലുള്ള തടസ്സവാദങ്ങളും പുതിയതായി ചെറുകിട വ്യവസായ യൂനിറ്റുകളും ആരംഭിക്കുന്നതിനും തടസ്സമാകുന്നു.

സാദ്ധ്യതകൾ

മിനിവ്യവസായ എസ്റ്റേറ്റു്

ചെറുകിട വ്യവസായ യൂനിറ്റുകളും ആരംഭിക്കുന്നതിനും സാമ്പത്തിക പ്രയാസം അനുഭവിക്കുന്നവർക്കു് അതിനു ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതു് പ്രയാസമാണു്, അതുകൊണ്ടു് പഞ്ചായത്തു് അനുയോജ്യമായ പ്രദേശത്തു് രണ്ടോ മൂന്നോ ഏക്കർ സ്ഥലം ഏറ്റെടുത്തു് ചെറുകിട വ്യവസായ യൂനിറ്റിനു് ആവശ്യമായ കെട്ടിടങ്ങളും നിർമ്മിച്ചു് വാടകയ്ക്കു് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ വ്യത്യസ്ഥ സ്വഭാവമുള്ള ധാരാളം ചെറുകിട യൂനിറ്റുകളും ഉയർന്നു വരുവാൻ സാദ്ധ്യതയുണ്ടു്.

ഇതിനു് ആവശ്യമെങ്കിൽ വ്യവസായം തുടങ്ങുന്നതിനു് താല്പര്യമുള്ളവരുടെ പട്ടിക പഞ്ചായത്തിനു് ശേഖരിക്കാവുന്നതാണു്.

വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുക

പഞ്ചായത്തു് അതിർത്തിയിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചു് ആവശ്യത്തിനു് വൈദ്യുതി ലഭിക്കുമെന്നു് ഉറപ്പുവരുത്തുക.

പവർലൂം

കൂടുതൽ തൊഴിലവസരത്തിനു് സാദ്ധ്യതയുള്ള മേഘല എന്നതിനാൽ സഹകരണ അടിസ്ഥാനത്തിലോ കൂട്ടു സംരംഭമായോ ആധുനിക രീതിയിലുള്ള അഞ്ചൂറു പവർലൂമുകളം സ്ഥാപിച്ചാൽ അതിലൂടെ 250 പേക്കു് നേരിട്ടും അമ്പതോളം പേക്കു് പരോക്ഷമായും തൊഴിൽ ലഭിക്കുന്നതിനു് സാദ്ധ്യതയുണ്ടു്.

കളിമൺ ഉല്പന്നങ്ങൾ

പരമ്പരാഗതമായി ഈ രംഗത്തു് പ്രവർത്തിക്കുന്നവക്കു് ആവശ്യമായ പരിശീലനം നൽകി കളിമൺ ഉപയോഗിച്ചുള്ള. വിവിധതരം ഓട്ടകളം, ആകഷ്കങ്ങളായ ചെടിചട്ടികളം കരകൗശലവസ്തുക്കളം എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ചു് വിപണനം നടത്താവുന്നതാണു്.

ഇഷ്ടിക നിർമ്മാണം

പാലത്തുള്ളിയിൽ പുഴയുടെ വശങ്ങളിലായി അനുയോജ്യമായ മണ്ണു് ഉപയോഗിച്ചു് ഇഷ്ടിക നിർമ്മിച്ചാൽ കൂടുതൽ തൊഴിൽ ദിനങ്ങളം ലഭ്യമാക്കാനും ലാഭകരമായി നിലനില്ക്കാനും സാദ്ധ്യതയുണ്ടു്.

ഫർണീച്ചർ വ്യവസായം

പെരുവെമ്പു് പഞ്ചായത്തിൽ ഇപ്പോളം തന്നെ നിരവധിപേർ പഴയതും പുതിയതുമായ മരവ്യാപാരം നടത്തുന്നവരായിട്ടുണ്ടു് അതിന്റെ അനുബന്ധം എന്ന നിലയിൽ ഫർണീച്ചർ വ്യവസായത്തിനു സാദ്ധ്യതയുണ്ടു്.

ഹോളോ ബ്രിക്സു്

സഹകരണ അടിസ്ഥാനത്തിലോ മറ്റു രീതിയിലോ കെട്ടിട നിർമ്മാണത്തിനു ആവശ്യമായ സിമിന്റു കൊണ്ടുള്ള ഇഷ്ടിക നിർമ്മാണം നടത്തിയാൽ വിപണനത്തിന്നു് സാദ്ധ്യതയുണ്ടു്.

കാർബോർഡ് നിർമ്മാണം

നമ്മുടെ പഞ്ചായത്തിൽ കാഷ്ടിക മേഘലയിൽ നിന്ന് സുലഭമായി ലഭിക്കുന്നതും വ്യവസായ ആവശ്യത്തിന്ന് ഉപയോഗിക്കാവുന്നതുമായ വൈക്കോൽ ധാരാളം ലഭിക്കുന്നതുകൊണ്ട്. ആയതു ഉപയോഗിച്ച് കാർബോർഡ് നിർമ്മാണം നടത്തുന്നതിന്ന് ആവശ്യമായ പരിശീലനം നൽകുക.

ഗ്യാസ് ഏജൻസി

നമ്മുടെ ഗ്രാമീണ മേഘലയാണെങ്കിൽ പോലും പാചകവാതകത്തിനുള്ള ഇന്ധനം (വിറകു്) വേണ്ടവിധം ലഭ്യമല്ലാത്തതിനാൽ പാചക ഗ്യാസ് വിതരണത്തിനുള്ള ഒരു ഏജൻസി നമ്മുടെ പഞ്ചായത്തു് പ്രദേശത്തു ലഭിക്കുകയാണെങ്കിൽ ഈ മേഘലയിൽ ചുരുങ്ങിയതു് 10 പേർക്കു് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുണ്ട്. കൂടാതെ പഞ്ചായത്തു് പ്രദേശ ജനങ്ങൾക്കു് ഇതു് ഉപയോഗ പ്രദമായിരിക്കും.

കോഴി, കാലി വളർത്തൽ

ശാസ്ത്രീയമായ രീതിയിൽ ഇറച്ചി കോഴികളേയും മുട്ട കോഴികളേയും വളർത്തലും ഡയറി യൂനിറ്റുകളും സ്ഥാപിക്കലും ധാരാളം പേർക്കു് തൊഴിൽ അവസരമുള്ള മേഘലകളാണു്.

വനിത യൂനിറ്റുകൾ

ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം സോപ്പുപൊടി, മുളകുപൊടി, അച്ചാർ, പേപ്പർ കവർ, റബ്ബർ ബാൻറ്, ഗോൾഡ് കവറിങ്ങ് എന്നിവയുടെ നിർമ്മാണവും പട്ടുനൂൽ പുഴു വളർത്തലും സംസ്കരണവും ഓലപ്പായ നെയ്ത്ത്, ക്ലൻ കൃഷി, കിടക്കനിർമ്മാണം മുതലായവ വനിതകൾക്കു് തൊഴിൽ അവസരത്തിനും സാദ്ധ്യതയുള്ള മേഘലകളാണു്.

പന്നിവളർത്തൽ ഫാം

നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ സഹകരണ അടിസ്ഥാനത്തിൽ പന്നിവളർത്തൽ ഫാം ആരംഭിച്ചാൽ ലാഭകരമായി നടത്തികൊണ്ടു പോകുന്നതിനും അതിലൂടെ 25 ഓളം പേർക്കു് തൊഴിൽ ലഭിക്കുന്നതിനും സാദ്ധ്യതയുണ്ട്.

പഞ്ചായത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന്നു് ആരംഭിക്കാവുന്ന യൂനിററുകൾ. ഒററനോട്ടത്തിൽ

വിഭാഗം	യൂനിററുകൾ
S.S.I യൂനിററുകൾ	1. ഇരുചക്ര വാഹനങ്ങളുടെ വക്കു്ഷാപ്പു്. 2. മരം കൊണ്ടുള്ള ഫർണീച്ചർ നിർമ്മാണം. 3. ചെരുപ്പു് നിർമ്മാണം. 4. അലൂമിനിയം പാത്ര നിർമ്മാണം. 5. ചെറുകിട ലയിത്തു് വക്കു്ഷാപ്പു്. 6. സ്റ്റീൽ ഫർണീച്ചർ നിർമ്മാണം. 7. കാർബോർഡു് നിർമ്മാണം. 8. ഗ്യാസു് ഏജൻസി. 9. ബാഗു് നിർമ്മാണം. 10. ചിപ്പു് നിർമ്മാണം. 11. ബ്രഷു് നിർമ്മാണം. 12. ഡിസു്പോസബിളം സിറിഞ്ചു്
വനിതകളുക്കു്	1. റെഡിമെയു്ഡു് വസ്ത്ര നിർമ്മാണം 2. കറിപൗഡർ, സോപ്പു്, അച്ചാറുകളം 3. പേപ്പർകവർ നിർമ്മാണം 4. ഓലപ്പായ നെയ്ത്തു്
ജനറൽ	1. കോഴി വളർത്തൽ 2. ആടു വളർത്തൽ 3. പന്നി വളർത്തൽ 4. ഡയറി ഫാം യൂനിററു് 5. കൂൺ കൃഷി 6. ഇഷ്ടിക നിർമ്മാണം 7. ഹോളോബ്രിക്കു് നിർമ്മാണം 8. പവർലൂം 9. പട്ടുനൂൽപുഴ വളർത്തൽ 10. പുൽപായ നെയ്ത്തു്

മേൽപറഞ്ഞ വ്യവസായങ്ങളിൽ സാദ്ധ്യമായവ തെരെഞ്ഞെടുത്തു് നടപ്പിലാക്കുവാൻ പരിശ്രമിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തു് വ്യവസായ രംഗത്തു് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിൽ ഒരു കുതിച്ചു കയററം ഉണ്ടാകാൻ കഴിയുമെന്നു് പ്രതീക്ഷിക്കുന്നു.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ആമുഖം

1962-ൽ പെരുവെമ്പ് പഞ്ചായത്ത് രൂപീകരിച്ചശേഷം പ്രസ്തുത പഞ്ചായത്തിൽ ഭൂരിഭാഗവും മൺറോഡുകളും കല്ലുറോഡുകളും ആയിരുന്നു. ആദ്യകാലഘട്ടങ്ങളിൽ T. B. T യുടെ ഒരു ബസ്സും മോട്ടോർ തൊഴിലാളി യൂണിയന്റെ വകയായിട്ടുള്ള ഒരു ബസ്സും മാത്രമായിരുന്ന ഈ പഞ്ചായത്തിന്റെ അതൃത്ഥിയിലൂടെ സർവ്വീസ് നടത്തിയിരുന്നത്. ആ കാലഘട്ടങ്ങളിൽ പ്രമുഖ കുടുംബാഗങ്ങളുടെ വിവാഹങ്ങൾപോലും കാളവണ്ടി യാത്രയിലൂടെയായിരുന്നു. റോഡുകൾ മിക്കവാറും മണ്ണും മെറ്റലും ആയിരുന്നു. വിദൂര സ്ഥലങ്ങളിൽ നിന്നുപോലും ഊട്ടുകുളങ്ങര ഭഗവതി ക്ഷേത്രത്തിലേയ്ക്ക് ജനങ്ങൾ പ്രവഹിക്കുമായിരുന്നു. ഇന്ത്യയിലെ മുദംഗ നിർമ്മാതാക്കളുടെ സ്വപ്നരാജ്യം എന്നറിയപ്പെടുന്ന പെരുവെമ്പ് വെട്ടുകാട്ടീലേയ്ക്ക് ധാരാളം മുദംഗ വിദ്വാൻമാർ എത്തിയിരുന്നു.

പഞ്ചായത്തിൽ 12 കിലോമീറ്റർ P. W. D. റോഡും 9 കിലോ മീറ്റർ പഞ്ചായത്ത് ടാർറോഡും, 15 കിലോമീറ്റർ മെറ്റൽറോഡും, 21 കിലോമീറ്റർ മൺറോഡും ഉണ്ട്. റോഡ് ഗതാഗതം ഇല്ലാത്ത പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്.

ആലങ്കോട്, പാമ്പാട്ടിക്കളമ്പ്, തങ്കയം, വെളുംകാട്, കറുക മണി, കക്കുകാട് എന്നീ പ്രദേശങ്ങളാണ് ഗതാഗതം ഇല്ലാത്തവ.

കഴിഞ്ഞ 6 മാസങ്ങൾക്കുള്ളിൽ പഞ്ചായത്ത് ഫണ്ട് ഉപ യോഗിച്ച് പാറയ്ക്കൽപറമ്പ്, പരപ്പന-ഈന്തക്കാട്റോഡ്, പനന്തൊടി റോഡ്, ഈന്തക്കാട് I. H. D. P. കോളനിറോഡ്, വാഴക്കോട്റോഡ്, വാഴക്കോട് നൊച്ചൂർ റോഡ് തെക്കേപനംകുറ്റി റോഡ്, വെട്ടുകാട് തറ യ്ക്കൽകളം റോഡ്, മാവുക്കാട് കുന്നക്കാട് റോഡ് എന്നിവ ഭാഗികമായി പണികഴിപ്പിച്ചിട്ടുണ്ട്.

റെയിൽവെ

പഞ്ചായത്തിനു് ഏതാണ്ട് മദ്ധ്യഭാഗത്തിലൂടെ പാലക്കാട് നിന്നും രാമേശ്വരം വരെ പോകുന്ന മീറ്റർ ഗേജ് റെയിൽപാത കടന്നു

പോകുന്നുണ്ട്. പഞ്ചായത്തിലൂടെ കടന്നുപോകുന്ന റെയിൽപാത 6 കിലോ മീറ്റർ ദൈർഘ്യം ഉണ്ട്. പഞ്ചായത്തിനു തൊട്ടുകിടക്കുന്ന പുതുനഗരം റെയിൽവെ സ്റ്റേഷനിൽ നിന്നും പഴനി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് ടെയിൻ സൗകര്യവും ഉണ്ട്. ഈ റെയിൽവെയിൽ രണ്ട് റെയിൽക്രോസുകളും ഉണ്ട്. ഒന്ന് ആൾകാവലില്ലാത്ത ലെവൽക്രോസ് ആണ്.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ 9 വാർഡുകളിലും വേണ്ടത്ര റോഡ് സൗകര്യം ഇല്ല. 50 ശതമാനം റോഡുകളും വളരെ അധികം നിലവാരം കുറഞ്ഞ താണ്. പുതിയ റോഡുകളും നിർമ്മിയ്ക്കുന്നതിനു സാങ്കേതികമായി പല തടസ്സങ്ങളും ഉണ്ട്. സൗജന്യമായി സ്ഥലംകിട്ടാനുള്ള പ്രയാസം ഉണ്ട്. പഞ്ചായത്തിലെ റോഡുകളും എല്ലാം വീതികുറഞ്ഞതാണ്. അറ്റകുറ്റ പണികളും ധാരാളം ബാക്കിയുണ്ട്. പഞ്ചായത്തിന്റെ ഹൃദയഭാഗമായ ചുങ്കത്ത് ധാരാളം ടാക്സികളും ഓട്ടോകളും ഉണ്ടെങ്കിലും സ്റ്റാൻറ് ഇല്ലാത്തതു മൂലം അപകടം ഉണ്ടാകുംവിധം അവ റോഡരികിലാണ് പാർക്ക് ചെയ്യുന്നത്. പഞ്ചായത്തിലെ റോഡ് ശൃംഖലകളുടെ അവസ്ഥ ശോചനീയ മാണ്. അറ്റകുറ്റപണികളും നടക്കുന്നില്ല. വഷ്കാലത്ത് എല്ലാറോഡു കളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഡ്രൈനേജ് സൗകര്യം ഇല്ലാത്തതു മൂലം വഷ്കാലങ്ങളിൽ യാത്രയും ഗതാഗതവും വളരെ ദുഷ്കരമാണ്. ഓവു ചാലുകളുടേയും കലുങ്കുകളുടേയും അഭാവം ഉണ്ട്. ഓരോ വഷ്ത്തിലും റോഡുകളുടെ അറ്റകുറ്റപണി നടത്താത്തതു മൂലം സ്ഥിതി ശോചനീയ മാണ്. അപകടം പതിയിരിയ്ക്കുന്ന ധാരാളം കുഴികളും റോഡുകളിൽ ഉണ്ട്. പഞ്ചായത്തിൽ ഒരിടത്തും ഷെൽട്ടറുകളും ഇല്ല. ആവശ്യത്തിനു ഫണ്ട് ഇല്ലായ്മ എല്ലാ വികസന പ്രവത്നങ്ങൾക്കും വിലങ്ങുതടിയാകുന്നു.

പൊതു മാർക്കറ്റും ഷോപ്പിങ്ങ് കോംപ്ലക്സും പഞ്ചായത്തിൽ ഇല്ല. പെരുവെമ്പ് ചുങ്കത്ത് ഒരു ആഴ്ച ചന്ത ഉണ്ട്. പഞ്ചായത്തിലെ 9-ാം വാർഡിൽപെട്ട പാലത്തുള്ളിയിൽ പണ്ടു മുതൽക്കുതന്നെ ഒരു കന്നു കാലി ചന്ത പ്രവത്തിയ്ക്കുന്നുണ്ട് ഏതാണ്ട് ഒന്നേമുക്കാൽ ഏക്കർ സ്ഥല ത്താണ് പ്രസ്തുത ചന്ത പ്രവത്തിക്കുന്നത്. തമിഴ്നാട്, ആന്ധ്ര മുതലായ സംസ്ഥാനങ്ങളിൽ നിന്നുപോലും കന്നുകാലികളെ എഴുപ്പം എത്തിയ്ക്കാൻ പറ്റിയതും കൂടുതൽ ബിസിനസ് സാദ്ധ്യതയുള്ളതുമായ പ്രസ്തുത ചന്ത കൂടുതൽ വിപുലീകരിയ്ക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള റോഡുകൾ

മൊത്തം റോഡുകൾ		44
പഞ്ചായത്ത്	മണ്ണ്റോഡ്	21 കി. മീ.
,,	മെറ്റൽറോഡ്	15 കി. മീ.
,,	ടാർറോഡ്	9 കി. മീ.
P. W. D.	ടാർറോഡ്	15 കി. മീ.
റെയിൽവെ ലൈൻ		6 കി. മീ.

സാദ്ധ്യതകൾ

1. നെല്ലിക്കുന്നത്തുനിന്നും പാറയ്ക്കൽ പറമ്പിലേയ്ക്ക് 650 മീറ്റർ പുതിയ റോഡ് നിർമ്മിയ്ക്കണം. നെല്ലിക്കുന്നത്തുനിന്നും പാറയ്ക്കൽ പറമ്പിൽ എത്തിച്ചേരാനുള്ള 5 കി. മീ. ദൂരം ലാഭിയ്ക്കാൻ കഴിയും.

2. ഊട്ടുകുളങ്ങരകാവിൽ നിന്നും കുന്നേക്കാട് ഭാഗത്തേയ്ക്ക് 300 മീറ്റർ റോഡു നിർമ്മിച്ചാൽ 5 കി. മീ. ലാഭിയ്ക്കാം.

3. കുന്നേക്കാട്, വെളുങ്കാട് ഹരിജൻ കോളനി വഴി ഒരു കിലോമീറ്റർ റോഡു നിർമ്മിച്ചാൽ കൊടുമ്പിൽ എത്തിച്ചേരാനുള്ള 9 കി. മീ. ലാഭിയ്ക്കാം.

4. മന്ദത്തുകാവിൽ നിന്നും പനന്തൊടിയിലേയ്ക്ക് പുതിയറോഡ് നിർമ്മിയ്ക്കണം.

5. ചോറക്കോട്ടനിന്ന് മുണ്ടയംപാടം വഴി നൊച്ചൂർ റോഡുമായി ബന്ധിപ്പിക്കുന്ന പുതിയറോഡ് നിർമ്മിയ്ക്കണം.

6. അകമ്പാടത്തുനിന്നും മേലേക്കാട് ഭാഗത്തേയ്ക്ക് പുതിയറോഡ് നിർമ്മിയ്ക്കണം.

7. ഞരമൻകുളത്തുനിന്നും പരപ്പന ഈന്തക്കാട് റോഡുമായി ബന്ധിപ്പിക്കുന്ന പുതിയറോഡ് നിർമ്മിയ്ക്കണം.

8. പരപ്പന, ഈന്തക്കാട് റോഡിൽനിന്നും ആലങ്കോട് ഓനാന്തര വഴി തണ്ണിശ്ശേരി റോഡുമായി ബന്ധിപ്പിയ്ക്കുന്ന പുതിയറോഡ് നിർമ്മിയ്ക്കണം.

9. രാമൻകുളത്തിനു സമീപം ട്രാൻസ്ഫോർമറിനു അടുത്തുനിന്നും തുടങ്ങുന്ന ഇല്ലിയംകാടു വഴി പുളിനിരക്കോട്ടമായി ബന്ധിപ്പിക്കുന്ന പുതിയറോഡു നിർമ്മിയ്ക്കണം.

10. നെല്ലിക്കുന്നം മാവുക്കാടു റോഡു ടാർ ചെയ്യണം.

11. ചേരുംകോടു, പാട്ടച്ചിറ ഭാഗത്തുനിന്നും ഇല്ലിയംകാടു റോഡുമായി ബന്ധിപ്പിക്കുന്ന പാതനിർമ്മിയ്ക്കണം.

12. പെരുവെമ്പു ചുങ്കത്തുനിന്നും പാലത്തുള്ളി വഴി തത്തമംഗലത്തേയ്ക്കും, ഓലശ്ശേരിയ്ക്കും ബസ്സുയാത്രാ സൗകര്യം ഏർപ്പെടുത്തണം.

13. പെരുവെമ്പു ചുങ്കത്തുനിന്നും കല്ലംചിറ വഴി തത്തമംഗലത്തേയ്ക്കു ബസ്സു യാത്രാ സൗകര്യം ഏർപ്പെടുത്തണം.

14. ചിറ്റൂരിൽ നിന്നും കോയമ്പത്തൂരിലേയ്ക്കു പെരുവെമ്പു വഴി ഓടിയിരുന്ന ട്രാൻസ്പോർട്ടു ബസ്സു നിർത്തലാക്കിയതു പുനഃസ്ഥാപിയ്ക്കണം.

15. ചോറക്കോടു ആലങ്കോടു റോഡു ടാർ ചെയ്യണം.

16. വാഴക്കോടു നൊച്ചൂർ റോഡു ടാർ ചെയ്യണം.

17. ചുങ്കം, അപ്പളം, അത്തിയംപാടം, പുളിനിരക്കോടു, വെട്ടുകാടു, തരിയൻകോടു മേടു, മാവുക്കാടു, പാലത്തുള്ളി, ചീരിയൻകാടു, കല്ലൻചിറ, തണ്ണിശ്ശേരി പോസ്റ്റു ഓഫീസിനു സമീപം തുടങ്ങിയ സ്ഥലങ്ങളിൽ ബസ്സു വെയിറ്റിങ്ങു ഷെഡ്ഡുകളും നിർമ്മിയ്ക്കണം.

18. പെരുവെമ്പു ചുങ്കത്തു വെള്ളിയാഴ്ചയിലെ ചന്ത കന്നുകാലികളുടെ പ്രവാഹം മൂലം വിൽക്കുന്നവർക്കും വാങ്ങുന്നവർക്കും പ്രയാസം സൃഷ്ടിക്കുന്നുണ്ടു. പ്രസ്തുത ചന്ത ആയുർവ്വേദ ആശുപത്രിയ്ക്കു സമീപം ഉള്ള ഗ്രൗണ്ടിലേക്കു മാറ്റണം.

19. ചുങ്കത്തു ഓട്ടോ ടാക്സി സ്റ്റാൻഡു നിർമ്മിയ്ക്കണം.

20. പെരുവെമ്പു പുതുനഗരം മെയിൻ റോഡിൽ നിന്നും ഐശ്വര്യ കോളനി വഴി റെയിൽവേസ്റ്റേഷനിലേയ്ക്കുള്ള റോഡു ടാർ ചെയ്യണം.

പ്രധാന റോഡുകളും പാലങ്ങളും ജില്ലാ ബ്ലോക്കും, ഗ്രാമപഞ്ചായത്തും ചേർന്ന് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്. ഗ്രാമസഭകളുടെ നിർദ്ദേശാനുസരണം പുതിയ റോഡുകളുടെ പണികളും മുൻ ഗണനക്രമത്തിൽ ചെയ്യേണ്ടതാണ്. റോഡു സംരക്ഷണത്തിന് പ്രാദേശിക സമിതികളും ഉണ്ടാക്കണം. റോഡുകളിലെ നീർക്കെട്ട് ഒഴിവാക്കാൻ കലുംവർട്ടുകളും നിർമ്മിക്കണം.

ഊർജ്ജം

പെരുവെമ്പ് പഞ്ചായത്തിൽ ഏകദേശം 45 വർഷങ്ങൾക്ക് മുൻപ് പെരുവെമ്പ് കിഴക്കേ ഗ്രാമത്തിലാണ് ആദ്യമായി ഏതാനും വീടുകളിൽ വൈദ്യുതി എത്തിക്കുവാൻ കഴിഞ്ഞത്. ഇപ്പോൾ പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളിലും ഭാഗികമായി വൈദ്യുതി കിട്ടിയിട്ടുണ്ട്. ചിറ്റൂർ, തത്തമംഗലം, പുതുനഗരം, കൊടുവായൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസുകളിൽ നിന്നുള്ള ട്രാൻസ്ഫോർമറുകളിൽ നിന്നാണ് ഈ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. വെണ്ണക്കര 110 K. V, വിളയോടി 66 K. V എന്നീ സബ്സ്റ്റേഷനുകളിൽ നിന്നാണ് പ്രധാനമായും ഇവിടേക്ക് 11 K. V സപ്ലൈയുള്ളത്. അത്യാവശ്യ ഘട്ടങ്ങളിൽ കണ്ണമ്പുള്ളി 66 K.V സബ്സ്റ്റേഷനിൽ നിന്നും താല്ക്കാലികമായി സപ്ലൈയെടുക്കാനുള്ള സംവിധാനമുണ്ട്.

പഞ്ചായത്തിൽ ഏകദേശം 3145 വീടുകളുള്ളതിൽ 1628 വീടുകളും വൈദ്യുതികരിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ഇലക്ട്രിസിറ്റി ആഫീസ് പ്രവൃത്തിക്കുന്നില്ല, അതിനുള്ള ഉപഭോക്താക്കളും ഇല്ലാത്തതാണ് കാരണം. (4500 ഉപഭോക്താക്കളും ഒരു സെക്ഷൻ ആഫീസിനു കീഴിൽ വേണം). പാലത്തുള്ളി, വെള്ളകാട്, തോട്ടറക്കാട്, അപ്പളം, പടിഞ്ഞാറെത്തറ എന്നീ സ്ഥലങ്ങളിലുള്ള ഉപഭോക്താക്കളും മൂന്നും നാലും കിലോമീറ്റർ യാത്ര ചെയ്താണ് തൊട്ടടുത്തുള്ള ആഫീസുകളിൽ പണമടക്കാനും മറ്റുമെത്തുന്നത്.

പെരുവെമ്പ് പഞ്ചായത്തിൽ ഒന്നാംതറ, മന്ദാടത്തു കുമ്പ്, ഒറ്റാക്ക്, തോട്ടറക്കാട്, ഒട്ടപ്പറമ്പ്, പുളുന്നിരക്കോട്, മേലെക്കാട് ഈന്തക്കാട് എന്നീ ഹരിജൻ കോളനികളും നിലവിലുണ്ട്. പഞ്ചായത്തിൽ 1628 ഗാർഹിക ഉപഭോക്താക്കളും പുറമെ വ്യാപാരം 74, വ്യവ

സായം 33, കാഷ്കിം 70 എന്നീ ഉപഭോക്താക്കളുമുണ്ട്. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കവലകളിൽ 10 സോഡിയം വേപ്പർലാമ്പും മറ്റു വിവിധ സ്ഥലങ്ങളിൽ ട്യൂബ് ലൈറ്റ് 61, ബൾബ് 240 എന്നിങ്ങനെ മൊത്തം 311 തെരുവു വിളക്കുകാലും സ്ഥാപിച്ചിട്ടുണ്ട്. ആ ഇനത്തിൽ വൈദ്യുതി ചാർജ്ജായി ഒരു വർഷം 69045 രൂപ അടയ്ക്കുന്നുണ്ട്. വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നതു മൂലം പഞ്ചായത്ത് പ്രദേശത്ത് പൊതുവേയും ഉൾപ്രദേശങ്ങളിൽ പ്രത്യേകിച്ചും കുട്ടികൾക്ക് പഠിക്കാനും, കാഷ്കിക വ്യാവസായിക മോട്ടോറുകൾ പ്രവർത്തിക്കാനും മറ്റുമുള്ള അസൗകര്യം ഒരു മുഖ്യ പ്രശ്നമായിഅവശേഷിക്കുന്നു.

പഞ്ചായത്ത് പരിധിയിലുള്ള ട്രാൻസ്ഫോർമറുകളുടെ പേരു വിവരം

	കപ്പാസിറ്റി	പേര്	L. T ലൈനിന്റെ വിസ്തീർണ്ണം
1.	63 കെ.വി.എ	അത്തിയംപാടം	5.7 കി.മീ
2.	100 കെ.വി.എ	ചുങ്കം	4.6 കി.മീ
3.	63 കെ.വി.എ	കല്ലഞ്ചിറ	
4.	100 കെ.വി.എ	കിഴക്കേഗ്രാമ	6.7 കി.മീ
5.	100 കെ.വി.എ	മാവുക്കാട്	
6.	100 കെ.വി.എ	വെട്ടുകാട്	3.7 കി.മീ
7.	63 കെ.വി.എ	കുളക്കുഴി	4.2 കി.മീ
8.	100 കെ.വി.എ	അപ്പുളം	
9.	250 കെ.വി.എ	പനംകുറ്റി	6.7 കി.മീ
10.	100 കെ.വി.എ	ചോറക്കോട്	16 കി.മീ
11.	160 കെ.വി.എ	മന്ദത്തുകാവ്	
12.	100 കെ.വി.എ	തണ്ണിശ്ശേരി	
13.	63 കെ.വി.എ	ആനപ്പുറംകാട്	
14.	100 കെ.വി.എ	പാലത്തുള്ളി	4 കി.മീ
15.	100 കെ.വി.എ	പെൻകോസ്സ്	ഒരു ഫീഡർ മാത്രം

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകാൽ കത്തിക്കുന്നതിൽ ബോർഡ് ജീവനക്കാർ കാണിക്കുന്ന അനാസ്ഥയിൽ പരക്കെ വിമർശനമുണ്ട്. ലൈറ്റുകൾ ഫ്യൂസ് ആയതു മാറ്റിയാലും ഏകദേശം ഒരാഴ്ചകളിൽ കത്താതാകുന്നു.

2. പാലത്തുള്ളിയിൽ പുഴയോരത്ത് സ്ഥാപിച്ചിരിക്കുന്ന പമ്പ് ഹൌസിൽ നിന്നാണ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്നത്. അവിടെ 30 H.P; 15 H.P; 10 H.P. എന്നീ ശക്തിയുള്ള മൂന്നു മോട്ടോറുകളുണ്ടെങ്കിലും വോൾട്ടേജില്ലാത്തതിനാൽ രാത്രികാലങ്ങളിൽ മാത്രമെ ഭാഗികമായി പ്രവൃത്തിപ്പിക്കുവാൻ കഴിയുന്നുള്ളൂ. അതിനാൽ പെരുവെമ്പിൽ മൊത്തം കുടിവെള്ളക്ഷാമം രൂക്ഷമായി നിലനിൽക്കുന്നു,

3. പെരുവെമ്പിലുള്ള ഇലക്ട്രിസിറ്റി ഉപഭോക്താക്കൾ 4 ഇലക്ട്രിസിറ്റി ആഫീസുകളുടെ പരിധിയിൽ വരുന്നതിനാൽ പരാതി പരിഹരിക്കുന്നതിനും സംഖ്യ അടയ്ക്കുന്നതിനും വിഷമം നേരിടുന്നു.

4. സമ്പന്ന വീടുകളിൽ സ്ഥാപിച്ചിട്ടുള്ള സ്റ്റെപ്പ്അപ്പ് മറ്റു ആധുനിക ഇലക്ട്രിക്ക് ഉപകരണങ്ങളും മറ്റു വീടുകൾക്ക് നിലവിലുള്ള വോൾട്ടേജ് കുറയ്ക്കാൻ ഇടവരുത്തുന്നു,

5. പഞ്ചായത്തു പരിധിയിൽ മിക്ക സ്ഥലത്തും വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നു.

6. തസ്രാക്ക് ലിഫ്ട് ഇറിഗേഷനിൽനിന്നും 50 H.P ശക്തിയുള്ള 5 മോട്ടോറുകളും പ്രവൃത്തിപ്പിച്ചാണ് പെരുവെമ്പ് പഞ്ചായത്തിലെ അപ്പളം, തോട്ടറക്കാട്, ഒട്ടപ്പറമ്പ്, കുന്നക്കാട്, വെള്ളാകാട് എന്നീ പ്രദേശങ്ങൾക്ക് കാഷ്ടിക ഉപയോഗത്തിനു വെള്ളം കിട്ടികൊണ്ടിരുന്നതു്. ഇപ്പോൾ കിണാശ്ശേരിയിൽ 500 H.P കണറൈഡ് ലോഡുള്ള രണ്ടു മാവു മില്ലുകൾക്ക് നമ്മുടെ ഫീഡറിൽ നിന്നു കണക്ഷൻ കൊടുത്തതിനാൽ വോൾട്ടേജ് കുറയാൻ ഇടയായതിനാൽ ലിഫ്ട് ഇറിഗേഷൻ മോട്ടോറുകളും പ്രവൃത്തിക്കാൻ കഴിയാതെ വന്നതിനാൽ മേൽ പറഞ്ഞ പ്രദേശങ്ങളിൽ നെൽകൃഷിക്കും മറ്റും മഴയെ ആശ്രയിക്കേണ്ടിവരുന്നു.

പരിഹാരങ്ങൾ

1. വൈദ്യുതിബോർഡ് ജീവനക്കാരുടെ സഹകരണത്തോടെ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ തെരുവു വിളക്കുകളും ശരി

യാക്കാൻ ഗ്രണമേന്മയുള്ള ബഹുബുകളും മറു സാധന സാമഗ്രികളും വാങ്ങി പണി നടത്താൻ കഴിയണം.


2. പാലത്തുള്ളിയിൽ പഞ്ചായത്തിന്റെ മുഴവൻ പ്രദേശത്തും കുടിവെള്ള ത്തിനുവേണ്ടിയുള്ള പമ്പ് ഹൌസിനുവേണ്ടി പ്രത്യേകം ട്രാൻസ് ഫോർമർവെച്ച് ജനകീയ പങ്കാളിത്തത്തോടെ ലൈനിൽ ബൂസ്റ്റർ സ്ഥാപിച്ചാൽ മുഴവൻ സമയവും പമ്പ് ഹൗസ് പ്രവ്വത്തിക്കുവാൻ കഴിയും.

3. പെരുവെമ്പ് പഞ്ചായാത്താഫീസിൽ മുൻപ് ഉണ്ടായിരുന്ന ഇല ക്ട്രിസിറ്റി ക്യാഷ് കളക്ഷൻ സെൻറർ പ്രവ്വത്തിപ്പിക്കുകയും ഒരു സബ്ബ് എഞ്ചിനീയർ ആഫീസ് കൊണ്ടുവരാൻ ശ്രമിക്കുകയും വേണം.

4. ജനങ്ങളെ ബോധവൽക്കരണം നടത്തി ഇലക്ട്രിസിറ്റിയുള്ള വീട്ടക ളിലും മറും ഇലക്ട്രോണിക്ക് ചോക്കുഘടിപ്പിച്ച ട്യൂബ് ലൈറ്റുകളം കൂട്ടതലായി ഉപയോഗിക്കുവാനും വൈദ്യുതി ദുരുപയോഗം നിയന്ത്രി ക്കുവാനും ശ്രമിക്കേണ്ടതാണു്.

5. സംസ്ഥാനത്ത് പുതിയ വൈദ്യുത പദ്ധതികളം പണിതും, പഞ്ചാ യത്തു പരിധിയിൽ വോൾട്ടേജ് കുറവുള്ള സ്ഥലങ്ങളിൽ ശക്തി യേറിയ ട്രാൻസ്ഫോർമറുകളം സ്ഥാപിച്ചും വോൾടേജ് പ്രശ്നം പരിഹരിക്കാം.

6. മലമ്പുഴ കനാലിൽ സ്ഥാപിച്ചിരിക്കുന്ന തസ്രാക്ക് ലിഫ്ട് ഇറിഗേഷ നിലേക്ക് പ്രത്യേകം ലൈൻ വലിച്ച് ശക്തികൂടിയ ട്രാൻസ്ഫോർ മർ സ്ഥാപിച്ച് പമ്പിങ്ങ് നടത്താൻ സാധിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ വടക്കൻ പ്രദേശങ്ങളിലും മറും കൃഷി അഭിവൃദ്ധി പ്പെടുത്താൻ കഴിയും.



4209

വോർട്ടേജ് കുഷ്ഠാമം പരിഹരിക്കാൻ പുതിയതായി നിർദേശിക്കുന്ന ട്രാൻസ്ഫോർമറുകൾ

	സ്ഥലം	11. കെ. വി ലൈൻ	L.T. ലൈൻ	കൺവഷ്ൻ
1	ഇല്യംകാട്		2 കി. മീ	600 മീ
2	പാറശ്ശാല (കെ.എ.ആ വെ പാലത്തിനു സമീപം)	1 കി. മീ	500 മീ	—
3	പടിഞ്ഞാറെത്തറ	1 കി. മീ	600 മീ	
4	കാരക്കാട്	1 കി. മീ	900 മീ	—
5	ഒട്ടപ്പറമ്പ്	1 കി. മീ	500 മീ	—
6	മേലെക്കാട്	1 കി. മീ	500 മീ	500 മീ

പഞ്ചായത്തിലെ 2048 വീടുകളിൽ പുകയടുപ്പാണ് ഉപയോഗിക്കുന്നത്. 36 വീടുകളിൽ പരിഷ്കൃതടുപ്പും, 385 വീടുകളിൽ ഗ്യാസ്സടുപ്പും 388 വീടുകളിൽ മണ്ണെണ്ണ അടുപ്പും 25 വീടുകളിൽ കറണ്ടടുപ്പും ഉപയോഗിക്കുന്നു. ഇതിൽ നിന്നും പഞ്ചായത്തിന്റെ ഭൂരിഭാഗം വീടുകളിലും വിറകടുപ്പാണ് ഉപയോഗിക്കുന്നത് എന്നു മനസ്സിലാക്കാൻ കഴിയും. പഞ്ചായത്തു പരിധിയിലുള്ള 10 വിറകുഡിപ്പോകളിൽ നിന്നു ഏകദേശം 20ടൺ വിറക് വിൽപ്പന ആകാറുണ്ട്. അതിനുപുറമെ കാഷ്ടിക മേഖലയിലുള്ള വീടുകളിൽ നെല്ല വേവിക്കുന്നതിനും മറും ചപ്പുചവറുകളും തെങ്ങിന്റെ ഓല തണ്ട് മുതലായവയും ഉപയോഗിക്കുന്നു. വിറകുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ വനവൽക്കരണം നടപ്പിലാക്കാൻ വേണ്ടി പദ്ധതികളം അവിഷ്കരിക്കണം.

" ഉണരുവിൻ എഴുന്നേൽക്കുവിൻ
ലക്ഷ്യസ്ഥാനത്തു എത്തുന്നതുവരെ
വിശ്രമിക്കാതിരിക്കുവിൻ " — വിവേകാനന്ദൻ

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

മനുഷ്യന്റെ അത്യന്താപേക്ഷിതമായ ആവശ്യങ്ങളാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം. ആദ്യം പറഞ്ഞ രണ്ട് ആവശ്യങ്ങളും പെട്ടെന്ന് നിറവേറ്റാൻ പറ്റുന്നവയും ചെലവു കുറഞ്ഞവയും ആകുന്നു. എന്നാൽ മൂന്നാമതായി പറഞ്ഞിട്ടുള്ള പാർപ്പിടം എന്ന ആവശ്യം പെട്ടെന്നു നിറവേറ്റാൻ കഴിയാത്തതും ചെലവു കൂടിയതുമാണ്.

ഇരുപതു വർഷങ്ങൾക്കു മുമ്പ് അതായത് 1980-ൽ മൂവായിരം കെട്ടിടങ്ങളാണ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇവയിൽ പകുതിയിലധികവും ഓടിട്ട പുരകളായിരുന്നു. ഏതാണ്ട് താമസമുള്ള ഇത്തരം വീടുകളുടെ ചുമരുകൾ ചെങ്കൽ കൊണ്ടും മണ്ണുകൊണ്ടും നിർമ്മിച്ചവയും വാതിലുകളും ജനലുകളും മരം കൊണ്ട് നിർമ്മിച്ചവയും ആയിരുന്നു. എന്നാൽ തുടർന്നുള്ള കാലഘട്ടങ്ങളിൽ അതായത് 1988-ൽ മൂവായിരത്തി എഴുന്നൂറ് കെട്ടിടങ്ങളും, 1998-ൽ നാലായിരം കെട്ടിടങ്ങളും ഉള്ളതായി പഞ്ചായത്തു കണക്കുകൾ സൂചിപ്പിക്കുന്നു. മുൻ കാലങ്ങളിൽ തന്നെ ഓലപ്പുരകളെ കെട്ടിടനികുതിയിൽ നിന്നും ഒഴിവാക്കി വരുന്നുണ്ട്. ഈ പഞ്ചായത്തിലെ മിക്ക കുടുംബങ്ങൾക്കും താമസിക്കാൻ വീടുള്ളതായിട്ടാണ് കാണുന്നതു്. ഭവനരഹിതർ നാമമാത്രമാണ്. ചേരി നിവാസികളോ പുറമ്പോക്കു നിവാസികളോ ഈ പഞ്ചായത്തിൽ പണ്ടു മുതൽക്കുതന്നെ ഇല്ല എന്നു പറയാം. ഇപ്പോൾ നിലവിലുള്ള ഓടിട്ട വീടുകളിൽ പകുതിയും അറ്റകുറ്റപണി നടത്തേണ്ടതായ അവസ്ഥയിലാണ്. പാവപ്പെട്ടവരുടെ ഓലപ്പുരകൾ വളരെ ശോചനീയാവസ്ഥയിലാണ്. പത്തിരുപതു് വർഷം മുമ്പുള്ള കെട്ടിടനിർമ്മാണ ചെലവും ഇപ്പോഴത്തെ കെട്ടിടനിർമ്മാണ ചെലവും പരിശോധിക്കുമ്പോൾ ഭാരിച്ച വർദ്ധനവ് ഉള്ളതായി കാണുന്നു. കെട്ടിടനിർമ്മാണത്തിനു് ഉപയോഗിച്ചു വരുന്ന ചെങ്കല്ല്, മരം, സിമൻറ് എന്നിവയ്ക്ക് ഇരുപത് വർഷം മുമ്പുള്ള വിലയുടെ നൂറും ഇരുനൂറും ശതമാനം വർദ്ധനവാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളതു്. അതുപോലെ തന്നെ കെട്ടിടനിർമ്മാണ ഘടനയിലും ചെറിയ തോതിലുള്ള മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നുണ്ട്. നിർമ്മിതി കേന്ദ്രത്തിന്റെ മോഡലിൽ ഉള്ള ചില നിർമ്മാണങ്ങളും അപൂർവ്വമായി ഈ പഞ്ചായത്ത് പ്രദേശത്ത് കണ്ടുവരുന്നുണ്ട്.

ഗംഫ് പണത്തിന്റെ സ്വാധീനം ഇവിടെയും ബാധിച്ചിട്ടുണ്ട്. പുതിയതായി നിർമ്മിച്ചു കൊണ്ടിരിക്കുന്ന കെട്ടിടങ്ങളും അധികവും കോൺക്രീറ്റ് സൗധങ്ങളും ആണ്.

പണ്ടത്തെപ്പോലെ ഇന്നും ചില സമുദായക്കാർ ഒരുമിച്ച് ഒരു കേന്ദ്രത്തിലായി കേന്ദ്രീകരിച്ച് താമസിക്കുന്നുണ്ട്. ഉദാഹരണത്തിനു് നായർ സമുദായക്കാർ കിഴക്കേ തറയിലും ബ്രാഹ്മണ സമുദായക്കാർ കിഴക്കേഗ്രാമത്തിലും താഴ്ന്ന ജാതിക്കാരായ സമുദായക്കാർ ഒട്ടപ്പറമ്പ്, ഓനാന്തറ, ഈന്തക്കാട്ട്, പുളിന്നിരക്കോട്ട്, മേലെക്കാട്ട് എന്നീ പ്രദേശങ്ങളിലും താമസിച്ചു വരുന്നു. താഴ്ന്ന ജാതിക്കാർ താമസിച്ചു വരുന്ന കോളനികളുടെ സ്ഥിതി പണ്ടത്തെക്കാളും മെച്ചപ്പെട്ടിട്ടുണ്ട്. മിക്ക കോളനികളിലേയും ഓലപ്പുരകളും ഓട്ടപുരകളായി മാറിക്കഴിഞ്ഞു. വൈദ്യുതി മിക്ക കോളനികളിലും എത്തിക്കഴിഞ്ഞു.

വാർഡ്	വീടുകൾ				വൈദ്യുത കരിച്ചതു്	കക്കൂസ് ഉള്ളവ
	ഓട്	ഓല	ടെറസ്സ്	മൊത്തം		
1	384	60	19	463	202	156
2	203	24	9	236	135	85
3	263	38	6	307	136	60
4	210	19	18	247	135	103
5	412	59	43	514	277	168
6	288	31	26	345	201	206
7	362	24	16	402	258	148
8	249	62	15	326	127	76
9	248	43	14	305	157	89
	2619	360	166	3145	1628	1091

പാർപ്പിട പ്രശ്നങ്ങൾ

1. കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്ന കാലത്തു് ഒരു വീട്ടിൽ തന്നെ മൂന്നും നാലും കുടുംബങ്ങളും ഒരുമിച്ച് താമസിച്ച് വന്നിരുന്നു. എന്നാൽ ഇപ്പോൾ കൂട്ടുകുടുംബ വ്യവസ്ഥിതി അവസാനിക്കുകയും ന്യൂക്ലിയർ കുടുംബങ്ങൾ വരുകയും ചെയ്തതോടെ പാർപ്പിട പ്രശ്നങ്ങളും തലപൊക്കി. വീട് വെയ്ക്കുവാൻ സ്ഥലമില്ലാത്തതാണ് ഇപ്പോഴത്തെ പ്രധാന പ്രശ്നം.

2. വർദ്ധിച്ച കൂലി നിരക്ക് ഭൂമിയുടെ ക്രമാതീതമായ വില വർദ്ധന, സാധനസാമഗ്രികളുടെ വില വർദ്ധനവ് എന്നിവയിൽ സാധാരണക്കാരനു് അപ്രാപ്യമായ സ്വപ്നമായി പാർപ്പിട പ്രശ്നം വളർന്നു കഴിഞ്ഞു.

3. ഹൗസിംഗ് സൊസൈറ്റികളുടെ അഭാവം ആലാമാലകളിൽ കൂടുങ്ങി കിടക്കുന്ന ഹൗസിംഗ് ലോൺ സിസ്റ്റം, വർദ്ധിച്ച പലിശ നിരക്ക്
4. ആവശ്യത്തിനു് വേണ്ടതായ വിദഗ്ദ തൊഴിലാളികളുടെ കുറവു്.
5. കെട്ടിട നിർമ്മാണ ചട്ടങ്ങൾ.

പരിഹാരങ്ങൾ

1. ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കുക.

2. ഹൗസിംഗ് ലോൺ സിസ്റ്റത്തിലെ നിയമങ്ങൾ ഇളവു ചെയ്യുക.

3. കുറഞ്ഞ പലിശ നിരക്കിൽ ഭവന നിർമ്മാണ വായ്പകൾ ലഭ്യമാക്കുക.

4. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അയവു വരുത്തുക.

5. കെട്ടിട നിർമ്മാണത്തിൽ പ്രാദേശിക പരിശീലനം നൽകുക.

6. കുറഞ്ഞ സ്ഥലത്തു് കൂടുതൽ സൗകര്യത്തിൽ വീടു വെയ്ക്കാനുള്ള പ്ലാനിംഗ് ഉണ്ടാക്കുക.

സാമൂഹ്യ ക്ഷേമം

1991-ലെ സെൻസസ് പ്രകാരം പെരുവെമ്പ് പഞ്ചായത്തിലെ ജനസംഖ്യ 17,384 ആണ്. ഇതിൽ 8932 സ്ത്രീകളും 8452 പുരുഷന്മാരും ആണ്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ജീവിതം കൃഷിയെ ആശ്രയിച്ചാണ്. മൊത്തമുള്ള 3145 കുടുംബങ്ങളിൽ 1435 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഇതിന്റെ അർത്ഥം മൊത്തം ജനസംഖ്യയുടെ പകുതി ജനങ്ങൾ പാവപ്പെട്ടവർ ആണ് എന്നാകുന്നു. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങളും പാവപ്പെട്ടവരായിത്തീരാൻ ഉള്ള കാരണങ്ങൾ ഇനി പറയുന്നവയാണ്.

(1) കാഷ്ടിക മേഖലയിലെ തൊഴിലാളികൾക്ക് ആണ്ടിൽ നൂറു ദിവസത്തോളം മാത്രമേ പണി ലഭിക്കുന്നുള്ളൂ.

(2) കൂലിനിരക്ക് വളരെ താണ നിലവാരത്തിൽ ഉള്ളവയാണ്.

(3) കാഷ്ടിക ഉല്പന്നങ്ങളുടെ വിലനിലവാരത്തകർച്ച.

(4) ഉല്പാദന ചെലവിൽ ഉണ്ടായിട്ടുള്ള വർദ്ധനവ്.

ദാരിദ്ര്യരേഖയ്ക്ക് താഴെ കിടക്കുന്ന പാവങ്ങളെ ഉയർത്തുന്നതായി സർക്കാർ പലപദ്ധതികളും പണ്ടു മുതൽ തന്നെ ആസൂത്രണം ചെയ്യുവരുന്നു. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, പട്ടികജാതി വികസന വകുപ്പിൽനിന്നുള്ള ധനസഹായങ്ങൾ, വില്ലേജ് ആഫീസ് മുഖേനയുള്ള ധനസഹായങ്ങൾ എന്നിവയെല്ലാം ഇക്കൂട്ടത്തിൽ ഉള്ളവയാണ്.

പഞ്ചായത്തിന്റെ ഇപ്പോഴത്തെ (1996-ലെ R. D. P സർവ്വേ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന കുടുംബങ്ങൾ 1435 ആണ്. ഇതിൽ പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾ നാനൂറ്റി തൊണ്ണൂറ്റി അഞ്ചാണ്. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ നൂറ്റിമൂന്നാണ്. സഹായം ലഭിച്ച ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബാംഗങ്ങൾ 135 ആണ്. ടൈസം തൊഴിൽ പദ്ധതിയിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം 18 ആണ്.

പഞ്ചായത്തിൽ D W C R A പദ്ധതി പ്രകാരം രൂപീകരിക്കപ്പെട്ട നാലുസംരംഭങ്ങളാണ് ഉള്ളത്. ഇതിൽ രണ്ട് കൈത്തറി യൂണിറ്റും ഒരു നെല്ലുകുത്ത് യൂണിറ്റും ഒരു പായ്നെയ്ത്തു യൂണിറ്റും ഉൾപ്പെടുന്നുണ്ട്. ഈ നാലു യൂണിറ്റുകളിലും ആയി മൊത്തം നാല്പത് പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് ജെ. ആർ. വൈ. പദ്ധതി പ്രകാരം മലമ്പുഴ ബ്ലോക്കുവഴി സഹായധനം ലഭിച്ചു നിർമ്മിച്ച വീടുകൾ 200 എണ്ണവും ആകുന്നു. ബ്ലോക്ക് വഴിയായും പഞ്ചായത്ത് വഴിയായും 175 കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട്. പാവപ്പെട്ടവർ താമസിക്കുന്ന കോളനികളിൽ ബ്ലോക്ക് വഴി മൂന്നു കിണറുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. കൂടാതെ കൃഷി ആവശ്യത്തിനായി ഏഴു കിണറുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷത്തിൽ ബ്ലോക്കുവഴി കർഷകർക്ക് പതിനഞ്ച് പമ്പുസെറ്റ് നൽകുകയും ഒരു പമ്പ്ഹൗസ് നിർമ്മിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതു മൂലം ഇരുപത്തൊമ്പതു ഏക്കർ കൃഷിഭൂമിയ്ക്ക് ജലസേചനം നടത്താൻ കഴിഞ്ഞിട്ടുണ്ട്.

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടിയിൽ (R. A. P) മുപ്പത്തിഏഴ് പേർക്ക് പണി ഉപകരണങ്ങൾ നല്കിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ വിധവ പെൻഷൻ അമ്പത്തിഅഞ്ചുപേർക്കും വാർദ്ധക്യകാല പെൻഷൻ നാല്പത്തിയെട്ടുപേർക്കും കർഷകത്തൊഴിലാളി പെൻഷൻ 376 പേർക്കും വികലാംഗപെൻഷൻ അമ്പത്തിഅഞ്ചു പേർക്കും ക്ഷയരോഗ പെൻഷൻ മൂന്നുപേർക്കും കുഷ്ഠരോഗ പെൻഷൻ രണ്ടു പേർക്കും ലഭിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. പെൻഷൻ കേസുകൾ തീർപ്പു കല്പിക്കുന്നതിൽ വരുന്ന കാലതാമസം
2. പെൻഷൻ അപേക്ഷയോടൊപ്പം ആവശ്യപ്പെടുന്ന പ്രമാണങ്ങൾക്ക് അപേക്ഷകനു പല ആഫീസുകളിലേയ്ക്കും പലതവണ സമീപിക്കേണ്ടതായി വരുന്നു.
3. പെൻഷൻ അനുവദിക്കുന്നതിനു കുടുംബങ്ങളുടെ വരുമാനം കൂടി കണക്കിൽ എടുത്തു കൊണ്ടായതിനാൽ അർഹതപ്പെട്ട പലർക്കും പെൻഷൻ ലഭിക്കാതെ പോകുന്നു.

പരിഹാരങ്ങൾ

1. പെൻഷൻ കേസുകൾ കാലതാമസം കൂടാതെ തീരുമാനം എടുക്കാൻ ബന്ധപ്പെട്ട അധികാരികൾ പെരുമാറുക.
2. വരുമാന പരിധിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുക.
3. ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ സഹതാപപൂർവ്വം കാര്യങ്ങൾ പരിഗണിക്കുക.

4. അപേക്ഷകരം സ്വീകരിച്ച് നടപടികരം എടുക്കുന്നതിനു് ഇന്നത്തെ ഔദ്യോഗിക സംവിധാനത്തിൽ വളരെ ബുദ്ധിമുട്ടും കാലതാമസവും നേരിടുന്നു. പ്രാദേശികമായ ഒരന്വേഷണവും, പ്രാദേശിക തലത്തിൽ തീർപ്പു കല്പിച്ചു് ധനസഹായം നൽകുന്നതിനുള്ള ഒരു സംവിധാനം പഞ്ചായത്തു തലത്തിൽ പഞ്ചായത്തു മെമ്പർമാരെ ഉൾപ്പെടുത്തികൊണ്ടു് നിലവിൽ വരികയാണെങ്കിൽ ഒരു പരിധിവരെ ഗ്രൂണഭോക്താക്കളുടെ ബുദ്ധിമുട്ടുകരം പെട്ടെന്നു് പരിഹരിക്കുവാൻ സാദ്ധ്യമാകുന്നതാണു്.



" യഥാർത്ഥ മതത്തിനു് ഭ്രമിശാസ്ത്രപരമായ അതിർത്തികളില്ല "
— ഗാന്ധിജി.

" ഔദാര്യം ചോദിച്ചു വാങ്ങുന്നവർ സ്വന്തം സ്വാതന്ത്ര്യമാണു്
അതിനു വിലയായി നൽകുന്നത് — ഗാന്ധിജി.

സംസ്കാരം

പെരുവെമ്പ് പഞ്ചായത്ത് ഒരു സാംസ്കാരിക വീക്ഷണം

പാലക്കാട് ജില്ലയിൽ, കാഷ്ികവൃത്തിയിൽ വ്യാപൃതരായിരിയ്ക്കുന്ന ജനങ്ങളുടെ ഒരു പരിഛേദമാണ് പെരുവെമ്പ് പഞ്ചായത്ത്. പ്രാദേശിക ഭാഷ മലയാളമാണെങ്കിലും, തമിഴും കന്നഡയും ഉപയോഗിക്കുന്ന ജനവിഭാഗങ്ങളും ഇവിടെയുണ്ട്. തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും ഇവിടെയെത്തിയ ഇവരുടെ സംസ്കാരവും ജീവിതരീതിയും തികച്ചും വിഭിന്നമാണ്.

ഇവിടെ പ്രധാനമായും ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നീ മൂന്നു വിഭാഗങ്ങളാണുള്ളത്. ഇവരിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. മുസ്ലീം വിഭാഗങ്ങളും 10% വും ക്രിസ്ത്യൻ വിഭാഗങ്ങളും നാമമാത്രവുമാണുള്ളത്. പതിനാലു ഹിന്ദു ആരാധനാലയങ്ങളും 3 മുസ്ലീം പള്ളികളും പഞ്ചായത്തിൽ ഉണ്ട്. പ്രധാന ഉത്സവങ്ങളും 'ചാന്തഭിഷേകവും' 'നിലമണിച്ചൽ വേല'യുമാണ്. 'ചാന്തഭിഷേകം' ഡിസംബർ മാസത്തിലും 'നിലമണിച്ചൽ വേല' ഏപ്രിൽ മാസത്തിലുമാണ് നടത്തുന്നത്. പഞ്ചായത്തിലെ എല്ലാ ജനങ്ങളും ഈ ഉത്സവങ്ങളിൽ ഒരുപോലെ പങ്കെടുക്കാറുണ്ട്. 'ശ്രീ ഊട്ടുകുളങ്ങര ഭഗവതിക്ഷേത്രത്തിൽ നടത്തുന്ന ചാന്തഭിഷേക ദിനത്തിൽ മാത്രമാണ് എല്ലാ ജനവിഭാഗങ്ങൾക്കും ശ്രീകോവിലിനുള്ളിൽ പ്രവേശിക്കാനുള്ള അനുവാദമുള്ളത്. ഈ ഉത്സവത്തിന്റെ പ്രത്യേകതയും ഇതു തന്നെയാണ്. നിലമണിച്ചൽ വേല പെരുവെമ്പ് ചുങ്കത്ത് മാരിയമ്മൻ ക്ഷേത്രത്തിൽ നിന്നും ആരംഭിച്ച് പെരുവെമ്പ് കിഴക്കേത്തറ മന്ദത്ത് അവസാനിക്കുന്നു. ഇതിന്റെ പ്രത്യേകത, ശൂർപ്പണഖ വേഷങ്ങളുടെ 'തട്ടിൻമേൽകൂത്താണ്'. കുംഭക്കളി, വണ്ടിവേഷം, ചെണ്ടമേളം, ബാൻഡ് മേളം തുടങ്ങിയവയും ഇതിനോടനുബന്ധിച്ച് ഉണ്ടാകാറുണ്ട്. കഥകളി, സംഗീതക്കച്ചേരി തുടങ്ങിയ വിശേഷ പരിപാടികളും ഇവിടെ സംഘടിപ്പിയ്ക്കാറുണ്ട്.

പെരുവെമ്പിലെ പിന്നോക്ക വിഭാഗങ്ങളുടെ ഉത്സവങ്ങളാണ് മന്ദത്ത് പൊങ്കലും, മാരിയമ്മൻ പൊങ്കലും. ഇത് സാധാരണയായി ഏപ്രിൽ-മെയ് മാസങ്ങളിലാണ് ആഘോഷിക്കാറുള്ളത്. ഓരോ സമുദായവും വെവ്വേറെയാണ് ഇത് ആഘോഷിക്കുന്നത്. 'മാവിളക്ക്' എടുക്കൽ ഇതിന്റെ പ്രത്യേകതയാണ്. ചെണ്ടമേളവും ബാൻഡ്മേളവും നാടകം, പൊറാട്ടുകളി, ആര്യമാല തുടങ്ങിയ കാര്യപരിപാടികളും ഇതിന്റെ ഭാഗമാണ്. ജാതി വ്യവസ്ഥയും അയിത്താചാരങ്ങളും നില നിന്നിരുന്നെങ്കിലും 1960 മുതൽ വിവിധ മതവിഭാഗങ്ങൾ തമ്മിൽ ദൃഢമായ ഒരു സൗഹൃദ ബന്ധമാണുള്ളത്.

പഞ്ചായത്തിൽ കർഷക തൊഴിലാളികളാണധികവും ഉള്ളത് (40%). കർഷകർ 25%, ഉദ്യോഗസ്ഥർ 5%, കെട്ടിട നിർമ്മാണ തൊഴിലാളികൾ 5% വുമാണ്. നെയ്ത്തുകാർ ഏകദേശം 5% വും മറ്റു തൊഴിൽ മേഖലകളിലുള്ളവർ 20% വും ഉണ്ട്. വർഗ്ഗീയ ചിന്തകൾക്കതീതമായ ഒരു ഉന്നത സാംസ്കാരിക പാരമ്പര്യമാണ് പെരുവെമ്പിനുള്ളത്. പണ്ടു മുതൽ പഞ്ചായത്തിന്റെ കിഴക്കേഗ്രാമത്തിലും കിഴക്കേത്തറയിലും ഉള്ള ജനങ്ങൾ സാംസ്കാരികമായി ഉന്നത നിലവാരം പുലർത്തിയിരുന്നു. പെരുവെമ്പിന്റേതായ ഒരു സാംസ്കാരിക നിലയം, പഞ്ചായത്ത് മുൻകൈ എടുത്ത് 1.75 ലക്ഷംരൂപ ചെലവഴിച്ച് പണികഴിപ്പിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം അതിന്റെ പ്രവർത്തനങ്ങൾ പ്രാധാന്യമർഹിക്കുന്ന വിധം ഇനിയും പുരോഗമിച്ചിട്ടില്ല.

പഞ്ചായത്തിൽ പ്രധാനപ്പെട്ട ഒരു ഗ്രന്ഥശാലയും വായന പ്രോത്സാഹിപ്പിക്കുന്നതിന് 13 ചെറു വായന ശാലകളും ഉണ്ട്. ഇവയുടെ പ്രവർത്തനം തൃപ്തികരമെന്നേ പറയാനാവൂ. സാംസ്കാരിക അഭിവൃദ്ധിയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന കലാ-കായിക സമിതികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വാർഷികാഘോഷങ്ങളുടെ ഭാഗമായി അവർ വിവിധ കലാപരിപാടികളും സംഘടിപ്പിയ്ക്കാറുണ്ട്. കലാ-കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് മുൻകൈ എടുക്കാറുണ്ട്. കായിക മേളകളിലുള്ള സ്ത്രീ ജനപങ്കാളിത്തം എടുത്തു പറയേണ്ടതാണ്.

പഞ്ചായത്തിലെ ഏകദേശം 671 കുടുംബങ്ങൾ പത്രവരിക്കാരാണ്. 10% ത്തോളം മാസിക വരിക്കാരുമുണ്ട്. വിജ്ഞാനം വളർത്തുന്നതിനുള്ള ഗൗരവമായ വായനാശീലം ജനങ്ങളിൽ കാണുന്നില്ല. അവരുടെ വായനാശീലം പത്രവായനയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

ഇവിടെ 783 വീടുകളിൽ T V ഉണ്ട്. ഏകദേശം 80 വീടുകളിൽ Cable connection ഉണ്ട്. ജനങ്ങളുടെ മേലുള്ള T V യുടെ സ്വാധീനം വളരെ കൂടുതലാണ്. വിദേശ ചാനലുകളുടെ സ്വാധീനം പ്രത്യേകിച്ചും എടുത്തു പറയേണ്ടതാണ്. അതുമൂലം പാശ്ചാത്യ സംസ്കാരം അന്ധമായി അനുകരിയ്ക്കാൻ യുവതലമുറ ശ്രമിക്കുന്നു. ഇത് നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ മൂല്യ ച്യുതിക്കിടയാക്കുന്നു. പഞ്ചായത്തിൽ 30 വർഷത്തോളം പഴക്കമുള്ള ഒരു സിനിമ തിയേറ്റർ ഉണ്ട്.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന കേരളോത്സവത്തിൽ കായിക മത്സരങ്ങൾക്ക് നല്ല പ്രാധാന്യം നൽകാറുണ്ട്. എല്ലാ വാർഡുകളിൽ നിന്നുമുള്ള ജന പങ്കാളിത്തം ഒരുപോലെയല്ല. II, IV, VIII എന്നീ വാർഡുകളിൽ നിന്നുള്ള ജനപങ്കാളിത്തം പൊതുവെ കുറവാണ്. പഞ്ചായത്തിന്റെ പരിധിയിൽ കായിക പരിശീലനത്തിനുള്ള ഒരു സംവിധാനം ഇല്ലാത്തതിനാൽ പെരുവെമ്പ് പഞ്ചായത്തിന് കായിക മേഖലയിൽ ഇതുവരെ മുന്നേറാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ വക 3 ലക്ഷം രൂപ മുടക്കി ഒരു കളിസ്ഥലം VI-ാം വാർഡിൽ നിർമ്മിച്ചിട്ടുണ്ടെങ്കിലും അത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിന്റെ കീഴിലുള്ള 'കേരളോത്സവവും' കൃഷിഭവന്റെ കീഴിലുള്ള 'കർഷകദിന'വും ജന പങ്കാളിത്തത്തോട് കൂടിയുള്ള പരിപാടികളാണ്. ഇവിടത്തെ നാടൻ കലാരൂപങ്ങളാണ് പൊറാട്ടുകളി, ആര്യമാലകളി തുടങ്ങിയവ.

സാംസ്കാരിക പുരോഗതിയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര മാർഗങ്ങളും

a) പ്രശ്നങ്ങൾ

1. കാര്യവായനയ്ക്കുള്ള ഗ്രന്ഥശാലകളുടെ അഭാവം.
2. പുരോഗമനപരമായ വായനാശീലത്തിന്റെ അഭാവം.
3. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം.

4. വിവാഹാദി ചടങ്ങുകളുടെ വർദ്ധിച്ച ആർഭാടവും അനാവശ്യ ചെലവുകളും.

5. കായിക വിനോദ സംരംഭങ്ങളിലുള്ള ജനപങ്കാളിത്ത കുറവ്.

6. കലാസമിതികളുടെ നിർജീവാവസ്ഥ.

b) പരിഹാര മാർഗങ്ങൾ

1. പ്രാദേശിക തലങ്ങളിൽ ഗ്രന്ഥശാലകളും സ്ഥാപിക്കാൻ മുൻകൈ എടുക്കുക.

2. പഞ്ചായത്ത്, സാംസ്കാരിക നിലയത്തെ പൂർണമായ രീതിയിൽ പ്രവർത്തിപ്പിക്കുകയും എല്ലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കുമുള്ള വേദിയായും ഉയർത്തുക.

3. ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ക്യാമ്പുകളും പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുക.

4. പഞ്ചായത്തിലെ പഠിതാക്കൾക്ക് ബോധന സഹായിയായി ദൃശ്യ മാധ്യമങ്ങളുടെ ഉപയോഗം സാധ്യമാക്കുക.

5. ജനസമ്പർക്ക പരിപാടികളും സ്ഥിരമായി നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.

6. പഞ്ചായത്തിനേറ്റതായ സാംസ്കാരിക പരിപാടികൾക്കായി ഒരു വാർഷിക കലണ്ടർ തയ്യാറാക്കുക.

" മതവും രാഷ്ട്രീയവും ഒരു കിളിയുടെ
രണ്ടു ചിറകുകളും പോലെയാണ് — ഗാന്ധിജി.

വനിത

ആമുഖം

1991-ലെ സെൻസസ് പ്രകാരം പെരുവെമ്പിലെ ആകെ ജനസംഖ്യ 17384 ആണ്. അതിൽ 8932 സ്ത്രീകളാണുള്ളത് പുരുഷന്മാരെക്കാൾ സ്ത്രീകളുടെ എണ്ണം 480 കൂടുതലാണുള്ളത്. 1057 സ്ത്രീകൾക്ക് 1000 പുരുഷന്മാർ എന്നതാണ് സ്ത്രീപുരുഷാനുപാതം. സാക്ഷരതാ നിലവാരത്തിൽ സംസ്ഥാനത്തെ അപേക്ഷിച്ച് സ്ത്രീകൾ പിന്നിലാണ്. താഴെ കൊടുത്തിരിക്കുന്ന പട്ടിക ഇതിന്റെ പൂർണ്ണ രൂപം നല്കുന്നു.

	സ്ത്രീപുരുഷ അനുപാതം (1000 പുരുഷന്മാർക്ക്)	സാക്ഷരത ശതമാനം	സ്ത്രീസാക്ഷരത ശതമാനം
		1991 സെൻസസ്	
പെരുവെമ്പ് പഞ്ചായത്ത്	1057	75.64	67.10
പാലക്കാട് ജില്ല	1061	81.27	75.72
കേരള സംസ്ഥാനം	1038	89.81	86.17

മുൻ കാലങ്ങളിൽ സ്ത്രീകൾക്ക് കുടുംബ പരിപാലനത്തിൽ മാത്രമെ ശ്രദ്ധ ഉണ്ടായിരുന്നുള്ളൂ, പുറം ലോകവുമായി അവർ പിന്നിലായിരുന്നു. പ്രധാന തൊഴിൽ കൃഷിപ്പണിയായിരുന്നു. കൂട്ടുകുടുംബ വ്യവസ്ഥിതി ആയിരുന്നു നിലനിന്നിരുന്നത്. ചെറുപ്രായത്തിൽ തന്നെ പെൺകുട്ടികളെ വിവാഹം കഴിച്ചിരുന്നു, സ്ത്രീകളുടെ ലോകം വീടിനുള്ളിലായി ഒതുങ്ങിയിരുന്നു.

കൂട്ടുകുടുംബ വ്യവസ്ഥിതി മാറിയതോടെ സ്ത്രീകളുടെ സ്ഥാനം കുറച്ചു കൂടി മുൻപന്തിയിലേക്കായി. കൂടുതൽ സ്ത്രീകൾ വിദ്യാഭ്യാസമുള്ളവരായി. കുടിപ്പള്ളിക്കൂടത്തിലൂടെയായിരുന്നു പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ലഭിച്ചിരുന്നത്. എല്ലാ ജാതിക്കാർക്കും അവിടെ പ്രവേശനം ഉണ്ടായിരുന്നില്ല. ആഘോഷ പരിപാടികളിലും പൊതു പ്രവർത്തനത്തി

ലും സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ കെട്ട കല്യാണം എന്ന ഏർപ്പാട് നിലവിലുണ്ടായിരുന്നു. ഇതോടുകൂടി പെൺകുട്ടികളുടെ സ്വാതന്ത്ര്യം പൂർണ്ണമായും നിഷേധിക്കപ്പെട്ടിരുന്നു.

1920-കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനു് പെൺകുട്ടികൾക്കു് സൗകര്യം ഉണ്ടായിരുന്നില്ല. അതുകൊണ്ടു് തന്നെ അവരുടെ ലോകം അടുക്കളയിൽ തന്നെ ഒതുങ്ങി കൂടി. സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ പ്രക്ഷോഭങ്ങളിൽ സ്ത്രീകളുടെ പങ്കു് കുറവായിരുന്നു. പൊതു രംഗത്തും സ്ത്രീകളുടെ പങ്കു് വളരെ കുറവായിരുന്നു.

വിദ്യാഭ്യാസം, തൊഴിൽ, പ്രക്ഷോഭ പരിപാടികൾ, സാമൂഹിക സംഘടനകൾ തുടങ്ങി എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം ഇന്നും കുറവാണു്. 1990 ലെ സാക്ഷരത പ്രവർത്തനം സ്ത്രീകളിലെ നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിനു് സഹായകരമായിട്ടുണ്ടു്. പൊതു രംഗത്തു് സ്ത്രീകൾ പങ്കെടുക്കാത്തതുകൊണ്ടു് അവരുടെ ഉന്നമനത്തിനു് തടസ്സമായിട്ടുണ്ടു്. ഈ പഞ്ചായത്തിൽ 1964 ലാണു് ആദ്യമായി ഒരു വനിത മെംബറുണ്ടായിരുന്നതു്. അവർ നോമിനേറ്റു മെംബറായിരുന്നു. തെരഞ്ഞെടുപ്പിലൂടെ ആദ്യമായി പഞ്ചായത്തിലേക്കു് തെരഞ്ഞെടുക്കപ്പെട്ടതു് 1979 ലെ തിരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീമതി രാജലക്ഷ്മി ടീച്ചറായിരുന്നു. 1995 ലെ തിരഞ്ഞെടുപ്പിൽ വനിതകൾക്കു് കൂടുതൽ സംവരണം ഏർപ്പെടുത്തിയതിനാൽ ഇപ്പോൾ കൂടുതൽ വനിതകൾ പഞ്ചായത്തിന്റെ പ്രശ്നങ്ങൾ പഠിയ്ക്കുന്നതിനും പരിഹരിക്കുന്നതിനും മുൻപന്തിയിലാണു്.

സമൂഹത്തിൽ സ്ത്രീകളുടെ ഇന്നത്തെ പദവി

ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും വിദ്യാഭ്യാസ കാര്യത്തിൽ പിന്നിലാണെന്നു് ആമുഖത്തിൽ സൂചിപ്പിച്ചുവല്ലോ. ജനങ്ങളിൽ ഭൂരിപക്ഷവും കർഷകത്തൊഴിലാളികളാണു്. കുടുംബ വരുമാനം വളരെ കുറവായതിനാൽ കുട്ടികളെ വിദ്യാഭ്യാസത്തിനയയ്ക്കാൻ രക്ഷിതാക്കൾ പലപ്പോഴും നിർബ്ബന്ധം കാണിയ്ക്കുന്നില്ല. പെൺകുട്ടികൾ പഠിച്ചതുകൊണ്ടു് കുടുംബത്തിന പ്രയോജനമില്ല എന്ന രക്ഷിതാക്കളുടെ ബോധം പെൺകുട്ടികളെ വിദ്യാഭ്യാസത്തിനു് അയയ്ക്കുന്നതിനു് വിഘാതമായി

തീരുന്നു. സ്കൂളുകളിൽ കൂടുതലുള്ളത് പെൺകുട്ടികളാണ്. എന്നാൽ ഓരോ ഘട്ടത്തിലും കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളിൽ അധികവും പെൺകുട്ടികളാണ്. പെൺകുട്ടികൾക്കു മാത്രമായി ഒരു വിദ്യാഭ്യാസ സ്ഥാപനവും ഈ പഞ്ചായത്തിൽ ഇല്ല. കായികരംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും, മറ്റുന്നത വിദ്യാഭ്യാസ രംഗങ്ങളിലും ഈ പഞ്ചായത്തിലെ സ്ത്രീകൾ പിന്നിൽ തന്നെയാണ്.

രോഗകാര്യങ്ങളുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ പൊതുവെ മോശമാണ്. വീട്ടുജോലികൾക്കു പുറമെ വരുമാന സമ്പാദനത്തിനും കൂലിപ്പണിയ്ക്കു കൂടി പോകേണ്ടി വരുന്നവസ്ഥയാണ്. ബഹുഭൂരിപക്ഷം സ്ത്രീകളും വിശ്രമമില്ലാത്ത ജോലി കാലക്രമേണ അവരുടെ ആരോഗ്യത്തെ നശിപ്പിക്കുന്നു. ചെറുപ്രായത്തിൽ തന്നെ പെൺകുട്ടികൾ വിവാഹിതരും അമ്മമാരും ആകുന്നു. ആറും, ഏഴും തവണ പ്രസവിക്കേണ്ടിവരുന്ന സ്ത്രീകൾ നിരവധിയാണ്. കുടുംബാസൂത്രണ പരിപാടികൾ നടപ്പിലാക്കുന്നതിൽ ഉണ്ടായ പിന്നോക്കാവസ്ഥ സ്ത്രീകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിയ്ക്കുന്നു. ഗർഭ നിരോധന മാർഗ്ഗങ്ങൾ സ്വീകരിക്കാൻ തയ്യാറാകുന്ന സ്ത്രീകളെ വിലക്കുന്ന ഭർത്താക്കന്മാരും ഇല്ലാതില്ല. പ്രസവശുശ്രൂഷയുടെ കാര്യത്തിലും പിന്നോക്കാവസ്ഥ നിലവിലുണ്ട്. പ്രസവത്തിനു മുമ്പ് വിദഗ്ധമായ പരിശോധന പലപ്പോഴും നടക്കുന്നില്ല. അപൂർവ്വമായെങ്കിലും വിദഗ്ധരായ സഹായികളില്ലാതെ തന്നെ പ്രസവം നടക്കുന്ന സമ്പ്രദായങ്ങളുമുണ്ട്. പ്രസവാനന്തരം ആവശ്യമായ വിശ്രമം എടുക്കാതെ കഠിനമായ ജോലികളിൽ ഏർപ്പെടുന്ന സ്ത്രീകളും ധാരാളമാണ്. പ്രതിരോധ പ്രവൃത്തനങ്ങളിൽ ഉള്ള കുറവ് കക്കൂസുകളുടെ അഭാവം ശുചിയായ വെള്ളം ലഭ്യമല്ലാത്തവസ്ഥ എന്നിവയും ആരോഗ്യപരമായ ദുരവസ്ഥയുടെ കാരണമായി താഴെ കൊടുത്തിരിക്കുന്ന കണക്കുകൾ ഇപ്പോഴത്തെ അവസ്ഥയെ സൂചിപ്പിക്കുന്നു.

പ്രായാടിസ്ഥാനത്തിൽ കുട്ടികളുണ്ടാകുന്ന ദമ്പതിമാരുടെ എണ്ണം (സ്ത്രീയുടെ പ്രായം)

15-19	: 92	(6.82%)
20-24	: 351	(26.04%)
25-29	; 427	(31.68%)
30-34	: 268	(19.88%)
35-39	: 172	(12.75%)
40-44	: 38	(2.83%)

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ

1 കുട്ടികളുള്ളവർ	227
2 കുട്ടികളുള്ളവർ	346
3 കുട്ടികളുള്ളവർ	348
ആകെ	921

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാന തൊഴിൽ മേഖല കാഷ്ടിക തൊഴിൽ മേഖലയാണ്. കഷ്ടകത്തൊഴിലാളികളിൽ 75%വും സ്ത്രീകളാണ്. രണ്ടാംസ്ഥാനം കെട്ടിടനിർമ്മാണത്തിനാണ്. ഈ മേഖല യിൽ ഭൂരിപക്ഷവും പുരുഷന്മാരാണ് കൈത്തറി മേഖലയിൽ സ്ത്രീ പുരുഷ അനുപാതം ഏറെക്കുറെ തുല്യമാണ്. പ്രധാന തൊഴിലാളികളിലൊക്കെ തന്നെ കൂലിനിരക്കിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ട്. കൂലി നിര ക്കുകളിലെ വ്യത്യാസം താഴത്തെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

	തൊഴിൽ	പുരുഷൻ	സ്ത്രീ
1.	നെൽകൃഷി (കൊയ്ത്തൊഴികെ)	50-60രൂ/ദിവസം	30-35രൂ/ദിവസം
2.	കൊയ്ത്ത്	കൊടുത്തനെല്ലിന്റെ $\frac{1}{6}$	കൊടുത്തനെല്ലിന്റെ $\frac{1}{6}$
3.	കെട്ടിടനിർമ്മാണം	100രൂ	50രൂ
4.	കൈത്തറി	100രൂ (ശരാശരി)	100രൂ (ശരാശരി)

മദ്യപാനവും സ്ത്രീകളിൽ ദുരിതം വിതയ്ക്കുന്നുണ്ട്. മദ്യപരായ പുരുഷന്മാർ സാമ്പത്തിക ദുരിതം മാത്രമല്ല, ദേഹോപദ്രവും സ്ത്രീകളുടെ മേൽ അടി ച്ചേല്പിക്കുന്നു. ചാരായ നിരോധനം സമൂഹത്തിൽ നേരിയതോതിൽ ഗുണം ചെയ്തിട്ടുണ്ട്. സാർവ്വത്രികമായ മദ്യ ലഭ്യത കുറഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ മദ്യ നിരോധനത്തെക്കാളേറെ ബോധവൽക്കരണത്തിലൂടെ മദ്യ വിപത്ത് സമൂഹത്തിൽ നിന്നും ഒഴിവാക്കുക എന്നതാണ് അഭികാമ്യം. ഇതിനു് ഗ്രാമ പഞ്ചായത്തുകളും മുൻകൈ എടുക്കേണ്ടതാണ്.

ഇങ്ങിനെ ജനനം മുതൽ തളച്ചിടപ്പെടുന്ന സ്ത്രീ സമൂഹത്തിന്റെ യോ തന്റെ തന്നെ പ്രശ്നങ്ങളോ മനസ്സിലാകുന്നില്ല. മാധ്യമങ്ങളാകട്ടെ യാഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും അവളുടെ ശ്രദ്ധതിരിച്ചുവിടുന്നു. ദൃശ്യ ശ്രവ്യ മാധ്യമങ്ങളിൽ ചരക്കുകളും വിറ്റഴിക്കുവാനുള്ള ഒരു പരസ്യം മാത്ര മാണ് സ്ത്രീ. ടി. വി സീരിയലുകളിലും പൈങ്കിളി പ്രസിദ്ധീകരണ ങ്ങളിലും പ്രേമിക്കാനും പ്രേമിക്കപ്പെടാനും മാത്രമുള്ള ഒരു വസ്തുവായി അവരെ അധഃപതിയ്ക്കുന്നു.

ഇതിനൊരു മറുവശം കൂടിയുള്ളത് കാണാതിരുന്നുകൂടാ. അഭ്യസ്ത വിദ്യരായ സ്ത്രീകളും സമൂഹത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. വായന യുടെ കാര്യത്തിലും അവർ മുൻപന്തിയിലില്ല. വായന അനുകാലിക ങ്ങളിലും പൈങ്കിളി പ്രസിദ്ധീകരണങ്ങളിലും ഒതുങ്ങുന്നു. സ്ത്രീകളുടെ ഈ

പൊതു സ്വഭാവം സമൂഹത്തിൽ സ്ത്രീയുടെ പിന്നോക്കാവസ്ഥയുടെ കാരണമാണ്.

പരിഹാരങ്ങൾ

സമൂഹത്തിന്റെ മൊത്തത്തിലുള്ള ബോധവൽക്കരണം കൊണ്ടു മാത്രമേ സ്ത്രീയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പറ്റൂ. ഇതിനായി മാതൃ സംഗമങ്ങളും സ്ത്രീ സംഗമങ്ങളും നടത്താവുന്നതാണ്. പഞ്ചായത്തിൽ നിന്നും മാസികയോ ദ്വൈ മാസികയോ ആയി ഒരു പ്രസിദ്ധീകരണം ഉണ്ടാകുകയും പഞ്ചായത്തു പ്രതിനിധികൾ വനിതകളെ അതു വായിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും,

വിദ്യാഭ്യാസത്തിലും തൊഴിൽ പരിശീലനത്തിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ പരിഗണന കൊടുക്കാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കണം. പ്രാഥമിക വിദ്യാഭ്യാസം, നിർബന്ധിതമാക്കണം, അർഹരായവർക്ക് സ്കോളർഷിപ്പുകൾ നല്കണം. ഉച്ചകഞ്ഞി വിതരണം നിർബ്ബന്ധമായും തുടരണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾക്ക് കൂടുതൽ അവസരം നൽകണം. പോസ്റ്റൽ സൗകര്യം നല്കണം. കായിക-കലാ സാഹിത്യ രംഗങ്ങളിൽ പ്രോത്സാഹനം നല്കണം.

തൊഴിൽ രംഗത്തെ വിവേചനം അവസാനിപ്പിക്കണം. തുല്യ തൊഴിലിന് തുല്യ കൂലി എന്നത് നിർബന്ധിതമാക്കണം. തൊഴിൽ ശാലകളിൽ സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾ പ്രത്യേകമായി ഏർപ്പെടുത്തണം. സ്ത്രീധന സമ്പ്രദായം ഇല്ലാതാകുന്നതിൽ നിഷ്കർഷയുള്ള സ്വാധീനം പഞ്ചായത്തുകൾക്ക് സ്വാധീനിക്കാനാവും. പ്രത്യേകമായോ പരോക്ഷമായോ സ്ത്രീധനം വാങ്ങുന്നവരെ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തണം. ഈ കുറ്റം ചെയ്യുന്നവർക്ക് കഠിനമായ ശിക്ഷ നൽകണം.

അടുത്തടുത്തുള്ള പ്രസവങ്ങൾ ഒഴിവാക്കാൻ സ്ത്രീ-പുരുഷന്മാരെ പ്രേരിപ്പിക്കണം. കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ അവരെ പ്രേരിപ്പിക്കണം, കുഞ്ഞുങ്ങൾ ഇല്ലാത്തവർക്ക് നിർബ്ബന്ധിച്ച് കൊടുക്കണം, പ്രസവ ശുശ്രൂഷകൾ സ്വീകരിക്കാൻ അവരെ നിർബന്ധിക്കണം. വിധവ പെൻഷനും വാർദ്ധക്യകാല പെൻഷനും അർഹരായവർക്ക് ലഭ്യമാക്കണം. സ്ത്രീകളുടെ സംഘടിത ശക്തി കൊണ്ടേ അവർക്കു മേലുള്ള പീഡനങ്ങൾ അവസാനിപ്പിക്കാനാവൂ. മഹിളാ സമാജങ്ങളും അംഗൻവാടികളും കൂടുതൽ

അത്ഥവത്തായി പ്രവൃത്തിക്കണം. ഇതിനു് പൊതുജന പങ്കാളിത്തത്തോടെ യാക്കണം. ഇവയുടെ പ്രവൃത്തനം സ്ത്രീ പീഡന കേസ്സുകളം കോടതി കളിൽ എത്തിക്കുവാൻ ഗ്രാമ പഞ്ചായത്തുകളം മുൻകൈയെടുക്കത്തം. സാമൂ ഹിക സംഘടനകളിലും ഔദ്യോഗിക രംഗങ്ങളിലും കൂടുതൽ വനിതകൾക്കു് അവസരമുണ്ടാക്കണം സ്വയം തൊഴിൽ കണ്ടെത്തുന്നതിനു് സാമ്പത്തികവും സാങ്കേതിക കാഷ്കിക മേഖലയിലും കെട്ടിട നിർമ്മാണ മേഖലയിലും കടുത്ത വിവേചനം നിലനില്ക്കുന്നതായി കാണാം. ഭൂരിപക്ഷം സ്ത്രീകളും തൊഴിൽ ചെയ്യുന്ന കാഷ്കിക മേഖല സീസണിലായതിനാൽ വഷ്ത്തിലെ ഒരു നല്ല പങ്കു ദിവസങ്ങളിലും തൊഴിലില്ലായ്മ അനുഭവപ്പെടുന്നുണ്ടു്. കൂലി കുറ വായതിനാൽ സീസണുകളിൽ തൊഴിലാളികൾക്കു് ക്ഷാമവും നേരിടുന്നു ണ്ടു്. കൂടുതൽ മുതൽ മുടക്കുള്ള വ്യവസായങ്ങളം ഒന്നും തന്നെ ഈ പഞ്ചാ യത്തിലില്ല. റൈസു് ഫുളവർ മില്ലുകളിൽ സ്ത്രീ ജീവനക്കാർ തീരെ കുറവാണു്.

മുൻ പറഞ്ഞ തൊഴിൽ മേഖലകളിൽ പ്രവേശിച്ചിട്ടില്ലെങ്കിലും സ്ത്രീകളിലെ ഒരു നല്ല പങ്കു് ആടുമാടുകളെ വളത്തുക, വിറകു ശേഖരിക്കുക തുടങ്ങിയ പണികളിൽ ഏർപ്പെടുന്നുണ്ടു്. മുറം, കുട തുടങ്ങിയവയുടെ നിർമ്മാണത്തിൽ സ്ത്രീകളം മുമ്പു് ഏർപ്പെട്ടിരുന്നെങ്കിലും വേണ്ട രീതിയിൽ വിറ്റഴിക്കുവാൻ കഴിയാത്തതിനാൽ അവ നിലച്ചുപോയി. മൺ പാത്ര നിർമ്മാണത്തിലും മറ്റും നാമമാത്രമായി സ്ത്രീകളം ഏർപ്പെടുന്നുണ്ടു്.

സ്ത്രീകളം കുടുംബ നാഥകളായി വരുന്ന 735 കുടുംബങ്ങളാണു് ഈ പഞ്ചായത്തിലുള്ളതു്, പുരുഷൻ വേണ്ട രീതിയിൽ ശ്രദ്ധിക്കാത്ത അവസരങ്ങളിലും സ്ത്രീകൾക്കു് നേതൃത്വം ഏറ്റെടുക്കേണ്ടി വരുന്നു. ഈ പഞ്ചായത്തിൽ 55 പേർക്കാണു് വിധവ പെൻഷൻ ലഭിച്ചു കൊണ്ടി രിക്കുന്നതു്. അറിവില്ലായ്മ മൂലം അപേക്ഷിക്കാത്തവരും നടപടി ക്രമത്തി ലുണ്ടായ കാലതാമസം മൂലം അനുവദിക്കപ്പെടാത്തവരുമായി വളരെയധി കം അർഹരായ വിധവകളം ഇനിയും അവശേഷിക്കുന്നുണ്ടു്. ആകെ 9 അംഗൻവാടികളാണു് ഈ പഞ്ചായത്തിലുള്ളതു്. 78 ഗർഭിണികളാണു് ഈ അംഗൻവാടികളുമായി ബന്ധപ്പെട്ടു് ഇപ്പോഴുള്ളതു്. മുലയൂട്ടുന്ന അമ്മമാർ (6 മാസത്തിൽ താഴെ പ്രായമുള്ള കുഞ്ഞുങ്ങളുള്ളവർ) 105 ആണു് അംഗൻവാടികളുമായി ബന്ധപ്പെട്ടിരിക്കുന്നതു്. അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണു്. പെരുവെമ്പു് പഞ്ചാ യത്തിൽ 2 DWCRA യൂണിറ്റുകളാണുള്ളതു്. കൈത്തറി മേഖലയിൽ പ്രവൃത്തിക്കുന്ന ഇവ രണ്ടും നല്ല രീതിയിലാണു് പ്രവൃത്തിക്കുന്നതു്.

ഒന്നിൽ പത്തു വനിതകളും വേറൊന്നിൽ 9 വനിതകളും പ്രവൃത്തനം നടത്തുന്നു. ഇവ കൂടാതെ സഹകരണ സംഘങ്ങളും രൂപീകരിച്ച് തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളും ഈ പഞ്ചായത്തിൽ ഉണ്ട്. ഒരു ടൈലറിങ്ങ് സ്ഥാപനം, പ്രിന്റിംഗ് പ്രസ്സ്, ഫോട്ടൊകോപ്പി സെന്റർ എന്നിവ 6-ാം വാർഡിൽ പ്രവൃത്തിച്ചു വരുന്നു. ഈ സാമ്പത്തികാശ്രയത്വം കൈവരിക്കാൻ ഇത്തരം സംരംഭങ്ങളും വനിതകളെ സഹായിക്കുന്നു.

സ്ത്രീകളുടെ സാമൂഹ്യ പദവിയെ കുറിച്ചുള്ള കാര്യങ്ങളാണ് ഇനി പരിശോധിക്കുന്നത്. ഇക്കാര്യത്തിൽ സ്ത്രീകളുടെ സ്ഥിതി ഒട്ടും തന്നെ ആശാവഹമല്ല. സമൂഹത്തിന്റെ പൊതു ധാരണ പുരുഷാധിപത്യത്തിനു അനുകൂലമായതാണ് ഇതിനു പ്രധാന കാരണം. സ്വയം നേതൃത്വത്തിലേക്ക് വരുന്നതിനു സ്ത്രീകളും വിമുഖത കാണിക്കുകയും ചെയ്യുന്നു. പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ലഭിക്കാത്തതും വിവാഹാനന്തരം കുടുംബ ജീവിതത്തിൽ തളയ്ക്കപ്പെടുന്നതും മറ്റു കാരണങ്ങളാണ്.

ഈ പഞ്ചായത്തിൽ ഒൻപതു മഹിളാ സമാജങ്ങളും പ്രവൃത്തിക്കുന്നുണ്ടെങ്കിലും ഒന്നിന്റെയും പ്രവൃത്തനം തൃപ്തികരമല്ല. രാഷ്ട്രീയമോ സാംസ്കാരികമോ ആയ ഒരു സംഘടനയിലും തന്നെ വനിതാ നേതൃത്വം നിലവിലില്ല. ബഹുജന സംഘടനകളിൽ പ്രവൃത്തിക്കുന്ന വനിതകളുടെ എണ്ണവും പരിമിതമാണ്. ജനപ്രതിനിധി സഭകളിലാവട്ടെ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട മണ്ഡലങ്ങളിൽ നിന്നും മാത്രമേ വനിത പ്രതിനിധികളുള്ളൂ. ഇക്കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ വനിതകളുടെ സംവരണ ശതമാനം ഉയർത്തിയതു മൂലം വനിതാ പ്രാതിനിത്വം ഉയർന്നിട്ടുണ്ടെങ്കിലും സംവരണമില്ലാത്ത അവസ്ഥയിലും സ്ത്രീ പ്രാതിനിത്വം ഉണ്ടാകുവാനുള്ള സാധ്യത ആരായേണ്ടതാണ്.

സ്ത്രീധന സമ്പ്രദായം ഒരു നാട്ടുനടപ്പുതന്നെയാണ് സമൂഹം എങ്ങിനെ വീക്ഷിക്കും എന്ന ഭയപ്പാടാണ് പലപ്പോഴും ഈ സമ്പ്രദായത്തിനുകാരണം. സ്ത്രീധനത്തിന്റെ പേരിൽ ശാരീരികമായും മാനസികമായും പീഡീക്കപ്പെടുന്ന സ്ത്രീകളുണ്ട്, സഹായം സ്ത്രീകൾക്കു നല്കണം. സ്വയം തൊഴിൽ കണ്ടെത്തി ജീവിതം നയിക്കുന്ന സ്ത്രീകളെ ചൂണ്ടികാണിച്ച് മറ്റു വനിതകളെ ഇതിനായി പ്രേരിപ്പിക്കണം. വ്യവസായ

സംരംഭകരായ സ്ത്രീകൾ ആവശ്യമായ സഹായം നൽകണം. ധനവും ഭൂമിയും വൈദ്യുതിയും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം. ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തണം. സ്ത്രീ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ മുൻകൈയെടുക്കണം.

അഭ്യസ്ത വിദ്യരായ സ്ത്രീകളുടെ വായനാ ശീലം വളർത്തിയെടുക്കണം. നിർജ്ജീവമായി കിടക്കുന്ന സാംസ്കാരിക നിലയങ്ങൾ സജീവമാക്കണം. അവിടെ സ്ത്രീകൾക്ക് പ്രത്യേക സൗകര്യം ഏർപ്പെടുത്താൻ തയ്യാറാകണം. ആസൂത്രണത്തിന്റെ ലക്ഷ്യം സമൂഹത്തിന്റെ മൊത്തം വളർച്ചയാണല്ലോ. സമൂഹം വളരണമെങ്കിൽ സ്ത്രീകൾ വളരണം. അതിനു വേണ്ട നടപടികൾ ആസൂത്രണത്തിന്റെ പ്രധാന ഭാഗമായിരിക്കണം.



" കുട്ടികളെ നന്നായി വളർത്തുന്നതു്
രാജ്യത്തിന്റെ ശിലാസ്ഥാപനമാണു് — പ്ലേറ്റോ

" പ്രോത്സാഹിതമാണു് ജീവിതത്തെ
മുന്നോട്ടു നയിക്കുന്നതു് " — വാഷിംഗ്ടൺ

സഹകരണം

ആമുഖം

ആദ്യ കാലങ്ങളിൽ ഇന്ത്യാ രാജ്യത്തെ കൃഷിക്കാർ കൃഷിയിറക്കുന്നതിനും കൃഷി സംബന്ധമായ മറ്റു ആവശ്യങ്ങൾക്കും സ്വകാര്യ പണമിടപാടുകാരെയാണ് ആശ്രയിച്ചിരുന്നത്. കൃഷിക്കാർ വാങ്ങിയ പണം തിരിച്ചടയ്ക്കാൻ കഴിയാതെ വന്നപ്പോൾ അവരുമായി ഏറ്റുമുട്ടൽ തന്നെയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർ സംഘടിക്കാനും സഹകരണ അടിസ്ഥാനത്തിൽ കൃഷിക്കാരെ ഏകീകരിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

ഇന്ത്യയിൽ ആദ്യമായി 1904 ൽ ക്രഡിറ്റ് സൊസൈറ്റികൾ രൂപീകൃതമായി. 1912-ൽ മദ്രാസ്സ് Co-op. സൊസൈറ്റി (Non-credit) രൂപീകരിച്ചു. 1919-ൽ Reforms Act അനുസരിച്ച് ഒരു മന്ത്രിയുടെ കീഴിൽ സഹകരണ വകുപ്പ് ആരംഭിക്കുകയും സഹകരണ സ്ഥാപനം സംസ്ഥാനങ്ങളുടെ കീഴിലാക്കുകയും ചെയ്തു. 1930-ൽ ധാരാളം സൊസൈറ്റികൾ അടച്ചു പൂട്ടുകയും അതിന്റെ അടിസ്ഥാനത്തിൽ R.B.I ഒരു സർവ്വേ നടത്തുകയും ചെയ്തു. 1950-51ൽ സഹകരണ പ്രസ്ഥാനം പഞ്ചവത്സര പദ്ധതിയിൻ കീഴിലാവുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ആദ്യമായി സഹകരണ ജനാധിപത്യ ആസൂത്രണമാക്കുകയും ഓരോ ഗ്രാമത്തിലും ഓരോ സഹകരണ സംഘം രൂപീകൃതമാവുകയും ചെയ്തു. 1955-56 ആയപ്പോഴേക്കും ജനസംഖ്യയുടെ 50% ഇതിന്റെ കീഴിലാവുകയും ചെയ്തു. വായ്പകൾ മൂന്നു വിധമാക്കുകയും ചെയ്തു. (1) ഹ്രസ്വകാല വായ്പ (2) മധ്യകാല വായ്പ (3) ദീർഘകാല വായ്പ എന്നിങ്ങനെ മൂന്നായി തരം തിരിച്ച് സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് വായ്പ വിതരണം ചെയ്യുകയും, ദീർഘകാല വായ്പകൾക്കായി ഭൂപണയ ബാങ്കുകൾ സ്ഥാപിക്കുകയും ചെയ്തു.

പെരുവെമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് No. F 1648 പെരുവെമ്പ് പഞ്ചായത്തിന്റെ അതൃത്തിയും ഇപ്പോൾ കൊടുമ്പ് പഞ്ചായത്തിന്റെ അതൃത്തിയായ ഓലശ്ശേരി ഭാഗവും കണ്ണാടി പഞ്ചായത്തിന്റെ ഭാഗമായ കടന്തിരിത്തി പ്രദേശവും ഉൾപ്പെട്ട പ്രവർത്തന

മേഖലയായി 29-7-48ൽ പെരുവെമ്പ് ആസ്ഥാനമായി ഒരു P. C. C സൊസൈറ്റി രൂപീകൃതമാവുകയും ചെയ്തു.

ആരംഭത്തിൽ 750 അംഗങ്ങളും ഈ സൊസൈറ്റിയിൽ ഇതിന്റെ ഷെയർ സംഖ്യയായി 7500 രൂപ പിരിച്ചെടുക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ സംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ആയി പെരുവെമ്പ് ചോറക്കോടിന്റെ പ്രമുഖ കർഷകനായ പരേതനായ ശ്രീ. സി. സി. ശങ്കരൻ അവർകളായിരുന്നു.

1955-ാം ആണ്ടോടുകൂടി ഈ സ്ഥാപനം Co-op.Bank ആയിമാറുകയും Amententeലൂടെ 31-3-55 പെരുവെമ്പ് Co-op.Bank ആകുകയും 11-6-55 Co-opബാങ്ക് ആയി പ്രവർത്തനം തുടങ്ങുകയും ചെയ്തു. 1957-ൽAgri.Bank ആയി മാറുകയും 1-7-57 മുതൽ അഗ്രികൾച്ചറൽ Bank ആയി പ്രവർത്തിക്കുകയും ചെയ്തു. 1961-ൽ സംസ്ഥാന സർക്കാർ സഹകരണ ബാങ്കുകളെ സർവ്വീസ് സഹകരണ ബാങ്കുകളാക്കി മാറ്റുകയും 1-4-61 മുതൽ പെരുവെമ്പ് സർവ്വീസ് Co-op. Bank ആയി പ്രവർത്തിക്കുകയും ചെയ്തു.

50 വർഷത്തോളം പ്രവർത്തന പാരമ്പര്യമുള്ള ഈ സർവ്വീസ് സഹകരണ ബാങ്ക് അതിന്റെ ആദ്യകാല ഡയറക്ടർ 1957-മുതൽ ഈ സ്ഥാപനത്തിന്റെ പ്രസിഡന്റ് ആയ പെരുവെമ്പിലെ പ്രമുഖ കർഷകനും സഹകാരിയുമായ ശ്രീ. സി. വി. രാമചന്ദ്രനാണ്. അദ്ദേഹത്തിന്റെ കീഴിൽ ഈ സർവ്വീസ് സഹകരണ ബാങ്ക് ഗണ്യമായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ജീവിതത്തിന്റെ നാനാ തുറകളിലേക്കും ഈ ബാങ്ക് പ്രവർത്തിച്ചു വരുന്നു. ഈ ബാങ്കിനു് സ്വന്തമായി 5 കെട്ടിടങ്ങൾ ഉണ്ട് താനും പെരുവെമ്പ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബാങ്ക് കെട്ടിടവും അതിനോട് അനുബന്ധിച്ച് കിടക്കുന്ന കല്യാണമണ്ഡപം (മംഗല്യ) ഇതിനു കീഴിൽ പ്രവർത്തിക്കുന്നു. കൺസ്യൂമർ സ്റ്റോർ ബിൽഡിങ്ങും, ഓല ശ്ശേരിയിലെ ബാങ്ക് ആഫീസും സ്റ്റോറും കീടനാശിനി വളം മുതലായ ഗോഡൗണുകളും കടുന്തിരുത്തിയിലെ ബ്രാഞ്ച് ആഫീസ് വളം ഡിപ്പോയും മന്ദത്തു കാവിലെ വളം ഡിപ്പോ തുടങ്ങി അതാതു പ്രദേശത്തിന്റെ ആവശ്യങ്ങളും മനസ്സിലാക്കി പ്രവർത്തിച്ചു വരുന്നു. കൃഷിക്കാർക്കും അല്ലാത്ത ആളുകൾക്കും ധാരാളം വായ്പകളും സർവ്വീസ് ബാങ്കു മുഖേന കൊടുക്കുന്നു. അതുപോലെ തന്നെ പെരുവെമ്പ് ഡിസ്പെൻസറിയിൽ കിടന്നു ചികിത്സിതിക്കുന്നതിനുവേണ്ടി കെട്ടിടം നിർമ്മിച്ചു കൊടുത്തിട്ടുണ്ട് ഈ സ്ഥാപനം കൺടോളും തുണിത്തരങ്ങളും, സിമന്റ്, മാവേലി സ്റ്റോർ,

നെല്ല് സംഭരണം, റേഷൻകട (ഇപ്പോൾ ഇല്ല) സ്റ്റോർ എന്നി ഇങ്ങനെ ജീവിതത്തിന്റെ നാനാ തുറകളിൽപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. ഈ ജില്ലയിൽ തന്നെ ഒരു പ്രമുഖ സ്ഥാപന മാണ് പെരുവെമ്പ് സർവ്വീസ്സ് സഹകരണ ബാങ്ക് ഇപ്പോൾ ഈ സംഘത്തിൽ 8464 അംഗങ്ങളുണ്ട്. ഷെയർ സംഖ്യയായി 37.36 ലക്ഷം രൂപയുണ്ട്. കഴിഞ്ഞ 50 വർഷത്തിന്റെ പ്രവർത്തന റിപ്പോർട്ട് പരി ശോധിച്ചാൽ ശ്രീ. സി. വി. രാമചന്ദ്രൻ അവർകളുടെ നേതൃത്വത്തിൽ ഇതുയും അധികം പുരോഗമനം ഉണ്ടായിട്ടുള്ള ഒരു ബാങ്ക് പാലക്കാട് ജില്ലയിൽ വിരളമാണ്. അതുപോലെ തന്നെ ഇതിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ. പഴണിമല ഈ സ്ഥാപനത്തിന്റെ പുരോഗതിക്ക വേണ്ടി ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്.

പെരുവെമ്പ് പഞ്ചായത്തിലെ വ്യവസായ സഹകരണ സംഘങ്ങൾ

കൈത്തറി നെയ്ത്ത് സഹകരണ സംഘം Ltd. No. P. 1608.

1954-ൽ ആണ് പെരുവെമ്പ് കല്ലഞ്ചിറ ആസ്ഥാനമാക്കി പെരുവെമ്പ് നെയ്ത്ത് സഹകരണ സംഘം രൂപീകൃതമായത്. അന്നും ഇന്നും ഈ സംഘത്തിന്റെ പ്രവർത്തന പരിധി കല്ലഞ്ചിറയും പാലത്തുള്ളിയു മാണ്. 19-7-54-ൽ റജിസ്റ്റർ ചെയ്ത് 27-7-54 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിൽ ആദ്യമായി 36 അംഗങ്ങളാണ് ഉണ്ടായിരുന്നത്. ആദ്യത്തെ പ്രസിഡന്റ് ആയി പരേതനായ ശ്രീ. ബാലകൃഷ്ണൻ ചെട്ടി യാർ ആയിരുന്നു. അന്നത്തെ ഈ സ്ഥാപനത്തിലെ സെക്രട്ടറിയായി പരേതനായ ശ്രീ. കുമാരസ്വാമി ചെട്ടിയാർ ആയിരുന്നു. ആദ്യ കാലങ്ങ ളിൽ കല്ലഞ്ചിറയിൽ വാടക കെട്ടിടത്തിലായിരുന്നു ഈ സ്ഥാപനം പ്രവർത്തിച്ചു വന്നിരുന്നത്. നെയ്ത്തുകാർ ധാരാളം ഉള്ള കല്ലഞ്ചിറയിലും പാലത്തുള്ളിയിലെയും നെയ്ത്തുകാക്ക് നൂൽ ക്ഷാമം കൊണ്ടും മറ്റും പട്ടി ണിയോട് മല്ലിടേണ്ടി വന്നിരുന്നു. ഇപ്പോൾ നെയ്ത്തുകാക്ക് സാമാന്യം ഭേദപ്പെട്ട വേതനത്തോടു കൂടിയ കൂലിയും മറ്റും നൽകി വരുന്നു. ഈ സ്ഥാപനം ഇപ്പോൾ പെരുവെമ്പിന്റെ ഹൃദയഭാഗത്ത് നല്ല ഇരു നില കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിന്റെ ഇപ്പോഴ ത്തെ മെമ്പർമാർ 276 ആണ്. ഇതിന്റെ പ്രസിഡന്റ് നെയ്ത്തു തൊഴി ലാളിയായ ദേവരാജനാണ്. കഴിഞ്ഞ 25 വർഷമായി പ്രമുഖ സഹകാരി

കൂടിയായ കെ. രാജൂ സെക്രട്ടറിയായി പ്രവർത്തിച്ചു വരുന്നു. ദീർഘകാല മായി ഈ സൊസൈറ്റിയുടെ പ്രതിനിധിയായി ശ്രീ. കെ. എ. ചന്ദ്രൻ (M. L. A) Hantex ന്റെ ഡയറക്ടർ ബോർഡിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിർലോപമായ സഹകരണ സേവനം കൂടി ഈ സ്ഥാപനം ബഹു ദൂരം മുന്നോട്ട പോയിട്ടുണ്ട്. ഇപ്പോഴും ഈ സ്ഥാപനത്തിൽ 12.05 ലക്ഷം രൂപ പിരിഞ്ഞു കിട്ടിയ മൂലധനമായിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ 51.85 ലക്ഷം രൂപ ബാങ്കു വായ്പയായി കിട്ടിയിട്ടുണ്ട്. Govt. റിബേറ്റ് ആയി 59.86 ലക്ഷം രൂപയും 6.39 ലക്ഷം രൂപ Handex ൽ നിന്നും ഇപ്പോഴും പിരിഞ്ഞു കിട്ടേണ്ടതുണ്ട്. ഈ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നെയ്ത്തുകാർ സെറ്റ്മുണ്ട്, ഡബിൾ വേഷ്ടി, സാരികൾ, കോറപ്പട്ട്, കസവുമുണ്ട് മുതലായവ കൗതുക കരമായി നെയ്യുന്നുണ്ട്. ആയത് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിറ്റഴിക്കുന്നു.

പട്ടികജാതി കൈത്തറി നെയ്ത്തു വ്യവസായ സഹകരണ സംഘം No. P. H. 15, പെരുവെമ്പ്

1995-ൽ 25 മെമ്പർമാരോടുകൂടി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിനു 2000 രൂപയുടെ ഷെയർ ഉണ്ട്. 10 അംഗങ്ങളെ ചേർത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സ്ഥാപനത്തിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ. കെ. കൃഷ്ണൻകുട്ടി. ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. കെ. ചെല്ലൻ. ഈ സ്ഥാപനത്തിൽ സെറ്റ് മുണ്ട്, ഡബിൾ വേഷ്ടി മുതലായവ നെയ്ത് വിറ്റു വരുന്നു.

ഖാദി വ്യവസായ സഹകരണ സംഘം

ആദ്യകാലങ്ങളിൽ സഹകരണ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വന്നിരുന്നു. ഇപ്പോഴും ഈ സ്ഥാപനം പ്രവർത്തിക്കുന്നു. വ്യവസായ വകുപ്പിന്റെ ഒരു ഖാദി യൂണിറ്റ് പെരുവെമ്പ് കല്ലഞ്ചിറയിൽ പ്രവർത്തിച്ചു വരുന്നു.

പട്ടികജാതി വനിതാ പ്രിന്ററിംഗ് സൊസൈറ്റി

പെരുവെമ്പ് പഞ്ചായത്തിന്റെ പരിധിയിൽ സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ഈ സ്ഥാപനം.

പെരുവെമ്പ് പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാവിധ ജനങ്ങൾക്കും ആവശ്യമായ Printing ചെയ്തു കൊടുക്കുന്നു. ഇതിന്റെ പ്രസിഡണ്ട് ശ്രീമതി കമലം ആണ്. ഇപ്പോൾ ഒരുവിധം നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു 7 ഓളം വനിതാ ജീവനക്കാർ പരോക്ഷമായും അല്ലാതെയും പ്രവർത്തിക്കുന്നു. ഈ സ്ഥാപനം സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. അതു പോലെ തന്നെ പെരുവെമ്പ് ഭാഗത്ത് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്നതിനു വേണ്ടി ഒരു വനിത ടൈലറിംഗ് സൊസൈറ്റിയും പ്രവർത്തിച്ചുവരുന്നു. 15 ഓളം വനിതകൾ ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ ഈ പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ആളുകളുടെ സൗകര്യാർത്ഥം ഒരു Photo Stat സൊസൈറ്റിയും പ്രവർത്തിച്ചു വരുന്നു. ഈ സൊസൈറ്റി പെരുവെമ്പ് പട്ടികജാതി സിറോക്സ് വ്യവസായ സഹകരണ സംഘം Ltd S IND (P) 107 എന്നു ആണ്. 1994-ൽ പ്രവർത്തനം തുടങ്ങിയത് പുരോഗതി പ്രാപിച്ചുവരുന്നു. S-T-D ബൂത്തും ഇതിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. അതു പോലെ തന്നെ പരമ്പരാഗതമായി തൊഴിൽ ചെയ്തു വരുന്ന വാദ്യോപകരണങ്ങൾ ഉണ്ടാക്കുന്നവരുടെ വനിതാ വിഭാഗക്കാരെ ഉൾപ്പെടുത്തി ഒരു വാദ്യോപകരണ സഹകരണ സംഘം പ്രവർത്തിച്ചുവരുന്നു. 94-ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സൊസൈറ്റിയിലെ അംഗങ്ങൾ പരമ്പരാഗതമായി സ്വന്തമായി ഉപകരണങ്ങൾ ഉണ്ടാക്കിയിരുന്നു. ഇപ്പോൾ ലേത്തിൽ കൊടുത്ത് കടഞ്ഞ് ഉപകരണങ്ങൾ ഉണ്ടാക്കുന്നു. ഇതിനു ഇപ്പോൾ നല്ല മാർക്കറ്റ് ഉണ്ട്. 10 ഓളം മെമ്പർമാർക്ക് പരിശീലനം നൽകി ഈ പ്രവർത്തനം കൂടുതൽ മെച്ചമാക്കിയെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ പുൽപായ നെയ്ത്ത് സഹകരണ സംഘം മൺ പാത്ര വ്യവസായ സഹകരണ സംഘം മുതലായവയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

പെരുവെമ്പ് പഞ്ചായത്ത് പരിധിയിൽ ഒരു പട്ടികജാതി സർവ്വീസ്സ് സഹകരണ സംഘം പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിനു സ്വന്തമായി കെട്ടിടമുണ്ട്. 150 ഓളം മെമ്പർമാർ ഈ സ്ഥാപനത്തിലുണ്ട് കസേര, മേശ, പാത്രങ്ങൾ മുതലായവ കല്ല്യാണ ആവശ്യങ്ങൾക്കായും, മരുന്നു തെളിക്കുന്ന യന്ത്രവും ഇവിടെ നിന്നും വാടകക്കു നൽകുന്നു. ആടുവളർത്തുന്നതിനുള്ള ധനസഹായം ഈ സ്ഥാപനത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രസിഡന്റ് ചിരേക്കാട് ഷൺമുഖനാണ്.

ക്ഷീര വ്യവസായ സഹകരണ സംഘം

30-3-64-ൽ റജിസ്റ്റർ ചെയ്ത് 21-5-64-ൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സ്ഥാപനത്തിൽ 70 അംഗങ്ങളിൽ നിന്നും 700 രൂപ ഓഹരി മൂലധനത്തോടുകൂടി പ്രവർത്തിച്ച് വന്നിരുന്നു. ഇതിന്റെ ആദ്യ കാല പ്രസിഡന്റ് പരേതനായ ശ്രീ. പ്രഭാകരൻ നായർ ആയിരുന്നു. ഇപ്പോൾ ഈ സ്ഥാപനത്തിൽ 1249. അംഗങ്ങളും 1.48 ലക്ഷം രൂപ ഓഹരി മൂലധനവും ഉണ്ട്. ഈ സ്ഥാപനം ഇപ്പോൾ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ നിന്നും ക്ഷീര വ്യവസായ അംഗങ്ങൾക്ക് ജേഴ്സി പിണ്ണാക്ക് മുതലായവ മിതമായ നിരക്കിൽ നൽകി വരുന്നു.

സാദ്ധ്യതകൾ

ഏതെല്ലാം മേഖലയിൽ ഇതിന്റെ പ്രവർത്തനം മുന്നോട്ട കൊണ്ട പോകാം എന്ന് പരിശോധിച്ചാൽ എല്ലാ വാർഡുകളിലും ഓരോ പച്ചക്കറി സഹകരണ സംഘം രൂപീകരിച്ച് അന്നന്നാളത്തെ ജനങ്ങളുടെ ആവശ്യങ്ങൾ സംഘം മുഖേന നിറവേറ്റാൻ സാധിക്കും. പച്ചക്കറികൾ സാദ്ധ്യമായ സ്ഥലത്തു് ഉല്പാദിപ്പിക്കുകയും അത് സംഘങ്ങൾക്കു നൽകി പ്രവർത്തനം ശരിയായ രീതിയിൽ കാര്യക്ഷമമാക്കാൻ സാധിക്കണം. അതുപോലെ തന്നെ വളർച്ചു വരുന്ന വീടുകളുടെ ആവശ്യങ്ങൾക്കായി പെരുവെമ്പ് പഞ്ചായത്ത് പരിധിയിൽ ഒരു ഹൗസിങ്ങ് സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ തീച്ചയായും നല്ല രീതിയിൽ പ്രവർത്തിപ്പിക്കാവുന്നതാണ്. ഇപ്പോൾ ഈ ആവശ്യത്തിനു് പാലക്കാട് താലൂക്ക് ഹൗസിങ്ങ് സഹകരണ സംഘത്തെയാണ് ആശ്രയിക്കുന്നതു്.

തൃശ്ശൂർ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നതുപോലെ പഞ്ചായത്തിന്റെ മുഴുവൻ കൃഷിക്കാരുടെയും നെല്ല് സംഭരിച്ച് അവരുടെ മിതമായ ആവശ്യങ്ങൾ നിറവേറുന്നതിന് നെല്ല് ഉൽപാദന സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. ഇതിന്റെ കീഴിൽ ഒരു മോഡേൺ റൈസ് മില്ല് പ്രവർത്തിക്കുകയാണെങ്കിൽ ഈ പ്രദേശത്തെ കൃഷിക്കാരുടെ ആവശ്യങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും. കൂടാതെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ധാരാളം തൊഴിൽ രഹിതരായ

ഉദ്യോഗാത്ഥികൾ ഉണ്ട്. ടൈലറിങ്ങ് സൊസൈറ്റി രൂപീകരിക്കുകയാണെങ്കിൽ ഇപ്പോൾ ധാരാളം ഉടുപ്പുകളും മറ്റും ആവശ്യമുള്ള സ്ഥിതിക്ക് ധാരാളം ടൈലറിങ്ങ് അറിയാവുന്ന വനിതകളും മറ്റും ഉള്ളതിനാൽ ഒരു ടൈലറിങ്ങ് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

കൂടാതെ ഗെയിറ്റ്, ജനൽ, കട്ടള, ഇഷ്ടിക എന്നീ ഭവന നിർമ്മാണ സാമഗ്രികളും നിർമ്മിക്കാൻ അറിയുന്ന ധാരാളം ആളുകളും ഈ പഞ്ചായത്തും പ്രദേശത്തും ഉള്ളതുകൊണ്ടും അവരെ കൂടി ഉൾപ്പെടുത്തി വീട്ടുപകരണങ്ങളും നിർമ്മിക്കുന്ന ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.



" സഹകരണമാണ് സാമൂഹ്യ ജീവിതത്തിന്റെ
അടിസ്ഥാനം — കെ. പി. കേശവ മേനോൻ

വിജയത്തിന്റെ നിമിഷം വിനയത്തിന്റെ നിമിഷം
— ഗാന്ധിജി

പട്ടികജാതി പട്ടികവർഗ ക്ഷേമം

പെരുവെമ്പ് പഞ്ചായത്തിൽ ആകെ ജനസംഖ്യ 17,834 (1991 സെൻസസ്) ഇതിൽ പട്ടിക ജാതിയിൽപ്പെട്ടവർ 4279 ഉണ്ട്. ഇവർ ആകെ ജനസംഖ്യയുടെ 25% വരും. പഞ്ചായത്തിൽ ആകെ പതിനെട്ട് പട്ടികജാതി കോളനികളാണ് നിലവിലുള്ളത്. ഇതിൽ മൂന്നെണ്ണം മാത്രമെ I. H. D. P കോളനി ആയി അംഗീകാരം ലഭിച്ചിട്ടുള്ള. (ഈന്തക്കാട്, മേലേക്കാട്, പുളിന്നിരക്കോട്) ബാക്കിയുള്ളവ അംഗീകാരത്തിനായി കാത്തിരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റു വിഭാഗക്കാരും ഇടകലർന്നു ഇവിടെ ജീവിക്കുന്നുണ്ട്. പെരുവെമ്പ് പഞ്ചായത്ത് ഇപ്പോഴും പട്ടികജാതി പ്രസിഡന്റ് സംവരണ പഞ്ചായത്തുകൂടിയാണ്.

പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളുകളും പണ്ട് കാലത്തു് നിരവധി ദുരിതങ്ങളും കഷ്ടതകളും അനുഭവിച്ചവരാണ്. ജാതി വ്യവസ്ഥ നിലനിന്ന കാലത്തു് പല വിധ ചൂഷണത്തിനും ഉച്ച നീചത്വത്തിനും വിധേയമായിട്ടുണ്ട്. അന്നുകാലത്തു് ഇവരുടെ പ്രധാന ജോലി ഭൂവുടമസ്ഥരുടെ കൃഷിയിടങ്ങളിൽ പണിയെടുക്കുക മാത്രമാണ്. രാവും പകലും പണിയെടുത്താൽ ഇവർക്കു ലഭിക്കുന്ന വേതനം രണ്ടോ മൂന്നോ ഇടങ്ങഴി നെല്ല് മാത്രമാണ്. അന്നു കാലങ്ങളിൽ കടകളിൽ നെല്ല് കൊടുത്താണ് അവശ്യ സാധനങ്ങളും വാങ്ങുന്നതു്.

ഇതിനു് അവസാനം വന്നതു് പുതിയ സാമൂഹിക വ്യവസ്ഥ നിലവിൽ വന്നപ്പോഴും മാത്രമാണ്. അതിനു ശേഷമാണ് ഇവർക്കു് കുടികിടപ്പവകാശവും കുട്ടികൾക്കു് വിദ്യാഭ്യാസവും ലഭിയ്ക്കുവാൻ തുടങ്ങിയതു്. ഇതോടു കൂടി ജീവിത നിലവാരം ഒരു പരിധിവരെ മെച്ചപ്പെടാൻ തുടങ്ങിയെങ്കിലും എല്ലാ മേഖലയിലും അവർക്കു് പ്രാതിനിധ്യം കിട്ടിയിരുന്നില്ല. പെരുവെമ്പ് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇവർ എല്ലാ മതക്കാരുടെയും എല്ലാ ചടങ്ങുകളിലും എല്ലാ പൊതു പരിപാടികളിലും പങ്കെടുത്തുവരുന്നുണ്ട്. സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഇവർക്കു ലഭിക്കുന്നുണ്ടെങ്കിലും അതു പൂർണ്ണമായി വിനിയോഗിയ്ക്കാൻ കഴിയുന്നില്ല. ഇതിനു പുറമെ ഇവർക്കു് ലഭിക്കുന്ന മിച്ചഭൂമി സ്ഥലങ്ങളിൽ കൃഷിയിറക്കുന്നതിനും മറ്റും ശ്രമിയ്ക്കാറില്ല. ഇതിനു കാരണം സാമ്പത്തിക

പ്രശ്നമാണ്. ഗവണ്മെന്റ് സർവ്വീസിൽ ഈ വിഭാഗത്തിൽപ്പെട്ടവരുടെ പങ്കാളിത്തം വളരെ കുറവാണ്. ഇതുയുമാണെങ്കിലും ഇവരുടെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്നുണ്ട്. അത് പരിഹരിയ്ക്കുവാൻ കഴിഞ്ഞാൽ ഒരു നല്ല പുരോഗതി ഈ വിഭാഗത്തിനു് കൈവരിയ്ക്കാൻ കഴിയും.

പെരുവെമ്പ് പഞ്ചായത്തിലെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിരക്ഷരർ കുറവാണ്. പക്ഷെ വസ്തുതകൾ പരിശോധിക്കുകയാണെങ്കിൽ ഈ വിഭാഗത്തിൽപ്പെട്ട 20% കുട്ടികൾ കൃത്യമായി സ്കൂളിൽ പോകുന്നവരാണ്. ഉയർന്ന കുറച്ചു കുട്ടികൾ S. S. L. C കഴിഞ്ഞു് തുടർന്നു് പഠിയ്ക്കാൻ പോകാത്തവരാണ്. ബാക്കി S. S. L. C എത്തുന്നതിനു മുൻപ് പഠിത്തം നിർത്തുന്നവരാണ്. ഇതിനു പല കാരണങ്ങൾ ഉണ്ട്. അതിൽ പ്രധാനപ്പെട്ടവ (1) കുട്ടികൾക്കു് പഠിക്കാനുള്ള താൽപര്യമില്ലായ്മ (2) രക്ഷിതാക്കളുടെ ശ്രദ്ധക്കുറവു്. അവർ കുട്ടികളെ പറഞ്ഞു് മനസിലാക്കുന്നതിനോ അവരെ സ്കൂളിൽ അയക്കുന്നതിനോ ശ്രദ്ധിയ്ക്കാറില്ല. അതുപോലെ തന്നെ കൊയ്ത്തു തുടങ്ങുന്ന കാലങ്ങളിൽ കുട്ടികൾ സ്കൂളിൽ പോകാതെ അച്ഛനമ്മമാരെ സഹായിയ്ക്കാൻ പോകുന്നുണ്ട്. ഇതും ഒരു പരിധിവരെ അവരെ വിദ്യാഭ്യാസം ലഭിക്കുന്നതിൽ നിന്നും അകറ്റി നിർത്തുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ ആകെ 708 പട്ടികജാതിയിൽപ്പെട്ട കുട്ടികൾ പഠിയ്ക്കുന്നുണ്ട് (ഒന്നാം സ്റ്റാന്റേർഡ് മുതൽ 10-ാം സ്റ്റാന്റേർഡ് വരെ) ഇതിൽ 363 ആൺകുട്ടികളും 345 പെൺ കുട്ടികളുമാണ്. ഇതിൽ തന്നെ 68 പേരു് (39 ആൺകുട്ടികൾ, 29 പെൺ കുട്ടികൾ) തോറ്റു പഠിക്കുന്നവരാണ്. ഇതു് പരിഹരിയ്ക്കുണമെങ്കിൽ ടീച്ചർമാരും, കുട്ടികളും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം ദൃഢമാക്കണം. അതുപോലെ വിദ്യാസമ്പന്നരായ ആളുകൾ ബോധവൽക്കരണ പരിപാടികളിലൂടെ ഇവരെ ബോധവാന്മാരാക്കിയെടുത്താൽ നന്നായിരിക്കും.

S. C. Students	ആൺ	പെൺ	ആകെ
ഒന്നാം സ്റ്റാന്റേർഡ് മുതൽ 10-ാം സ്റ്റാന്റേർഡ് വരെ	363	345	708

പഞ്ചായത്തിൽ താമസിയ്ക്കുന്ന പട്ടിക ജാതിയിൽ പെട്ടവരിൽ ഭൂരിപക്ഷം കോളനികളിലും കുറച്ചു പേർ മറ്റു മത വിഭാഗങ്ങളുടെ ഇടയി

ലുമാണ് താമസിച്ചു വരുന്നത്. പഞ്ചായത്തിലുള്ള ബഹു ഭൂരിപക്ഷം പട്ടികജാതി കുടുംബങ്ങളും സർക്കാർ സഹായം ലഭിച്ചതു മൂലം വീടു നിർമ്മിച്ചവരാണ്. വീടു നിർമ്മിക്കുന്നതിനു അനുവദിച്ച സാമ്പത്തിക സഹായം അപര്യാപ്തമായതു കൊണ്ട് പണി പൂർത്തിയാകാത്ത വീടുകളും ഉണ്ട്. ഈ വീടുകളിൽ ഓരോ കുടുംബത്തിലും 4 മുതൽ 6 വരെ അംഗങ്ങൾ വീതം താമസിച്ചു വരുന്നുണ്ട്. പഞ്ചായത്തിലെ കോളനികൾക്ക് പരിമിതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. എങ്കിലും ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഏകദേശം 100 പട്ടിക ജാതി കുടുംബങ്ങൾ പഞ്ചായത്തിൽ ഓലപ്പുരയിൽ താമസിക്കുന്നവരാണ്. ഇതിനു കാരണം അവരുടെ കയ്യിൽ ഭൂമിയുടെ കൈവശ രേഖ ഇല്ലാത്തതും, അതു പോലെ തന്നെ കുറച്ചു കുടുംബങ്ങൾക്ക് വീടു വെയ്ക്കണമെങ്കിൽ വീടു വെയ്ക്കാനാവശ്യമായ സ്ഥലവുമില്ല. വീടിനുള്ള ധന സഹായവും സ്ഥലവും അനുവദിച്ചു കൊടുക്കേണ്ടതാണ്.

പല കോളനികളിലും ഭൂരിപക്ഷം വീടുകളും കക്കൂസ് ഇല്ലാത്തതാണ്. ഓരോ വീട്ടിനും കക്കൂസ് അനുവദിയ്ക്കണം. ഇത് പരിഹരിക്കണമെങ്കിൽ കക്കൂസ് കെട്ടുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കണം. അതുപോലെ കോളനികളിൽ ഒരു വീടിനും വൈദ്യുതി എത്തിയിട്ടില്ല. പല കോളനികളിലും റോഡു സൗകര്യം ഇല്ല. കോളനികളിലെ പ്രധാന പ്രശ്നം കുടിവെള്ള ക്ഷാമമാണ്. വേനൽ കാലത്ത് 100 മുതൽ 200 വരെ മീറ്റർ നടന്നിട്ടാണ് വെള്ളം കൊണ്ടു വരുന്നത്. അതുപോലെ പാടങ്ങളിലും കുളങ്ങളിലും കുഴി കുത്തിയാണ് വെള്ളം എടുക്കുന്നത്. പുളിന്തിരക്കോട്, ഈന്തക്കാട്, മേലേക്കാട് എന്നീ മൂന്നു കോളനികളിലാണ് കുഴൽ കിണർ ഉള്ളത്. മറ്റു കോളനികളിലൊന്നും കിണറുകളും ഇല്ല. വേനൽ കാലത്ത് ഉള്ള കിണറുകളും വറ്റി വരണ്ടു പോകുന്നു.

പെരുവെമ്പ് പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാഷ്ടിക മേഖലയിൽ തൊഴിലെടുത്തു ജീവിക്കുന്നവരാണ്. എന്നാൽ ഈ അടുത്ത കാലത്തുണ്ടായ കാഷ്ടിക മേഖലയിലെ തകർച്ച ഇവരേയും ബാധിച്ചിട്ടുണ്ട്. ഇവർ കാഷ്ടിക മേഖല വിട്ട് മറ്റു മേഖലകളിലേയ്ക്ക് (നിർമ്മാണ രംഗത്തേയ്ക്ക്) പോകുവാൻ തുടങ്ങി. അതിനു കാരണം ഈ മേഖലയിൽ പുരുഷനു 100 രൂപയും സ്ത്രീക്ക് 50 രൂപ കൂലിയും ലഭിക്കുന്നുണ്ട്. അതിനാൽ പുതിയ തലമുറ കാഷ്ടിക മേഖലയെ മുഴുവനായും അവഗണിച്ചതായിട്ടാണ് കാണുന്നത്. അതുകൊണ്ട് കാഷ്ടിക മേഖലയിൽ തൊഴിലാളികളുടെ അഭാവം കാണപ്പെടുന്നുണ്ട്. അതുപോലെ

തന്നെ ഈ വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാരും പെൺകുട്ടികളും ചെറുകിട വ്യവസായ മേഖലയായ നെയ്ത്തിനു പോകുവാൻ തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ 6-ാം വാർഡിലും 7-ാം വാർഡിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായിക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 6-ാം വാർഡിൽ പ്രിന്റിംങ്ങ് പ്രസ്സ്, ഫോട്ടോ സ്റ്റാറ്റ്, ടൈലറിങ്ങ് സൊസൈറ്റി മുതലായവ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ മൂന്നിലും കൂടി 25 പേരോളം ജോലി ചെയ്യുന്നുണ്ട്. ഒരുവിധം നല്ല രീതിയിൽ പ്രവർത്തനം നടക്കുന്നുമുണ്ട്. അതുപോലെ 7-ാം വാർഡിൽ ഒരു പട്ടികജാതി നെയ്ത്തു സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്. അത് 1995-ൽ റജിസ്ട്രേഷൻ ചെയ്തതു കാരണം അതിന്റെ പ്രവർത്തനം വിലയിരുത്തുവാനായിട്ടില്ല. മറ്റു വ്യാപാര സ്ഥാപനങ്ങളും ഒന്നും ഈ വിഭാഗത്തിൽപ്പെട്ടവർ നടത്തുന്നില്ല. പഞ്ചായത്തിൽ ഒരു ചായക്കട ഈ വിഭാഗത്തിൽപ്പെട്ടവർ നടത്തുന്നുണ്ട്.

പ്രശ്നങ്ങൾ

1) വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.
കുട്ടികളെ പാതിവെച്ച് പഠിത്തം അവസാനിപ്പിക്കുന്നു.

2) എല്ലാവർക്കും വീടു നിർമ്മിക്കുന്നതിനു സ്ഥലമില്ല.

3) വീടു നിർമ്മിയ്ക്കാൻ കൊടുക്കുന്ന ധനസഹായം ദുർവിനിയോഗം ചെയ്യുന്നു. അതുപോലെ മിച്ചഭൂമി ലഭിച്ചവർ അതു കൈമാറ്റം ചെയ്യുന്നു.

4) കോളനികളിൽ കുടിവെള്ള ക്ഷാമവും വൈദ്യുതി ക്ഷാമവും ഉണ്ട്.

5) കൈവശ ഭൂമിയ്ക്ക് പട്ടയം ലഭിച്ചിട്ടില്ല.

6) ഈ വിഭാഗത്തിനു പഞ്ചായത്തു ബ്ലോക്കു മുഖേന കൊടുക്കുന്ന ധനസഹായം ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

7) പട്ടികജാതി വികസന കോപ്പറേഷനും പട്ടികജാതി ക്ഷേമവകുപ്പും നൽകുന്ന ധനസഹായവും മറ്റും ലക്ഷ്യം നേടുന്നില്ല.

8) പട്ടികജാതി ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ.

9) കോളനികൾക്ക് റോഡ്, സ്ട്രീറ്റ്ലൈറ്റ്, കക്കൂസ് എന്നിവയുടെ അഭാവം

10) കോളനികളിലെ വീടുകളിലെ മണ്ണാലിപ്പ് കൂടുന്നു.

11) ചില സീസണിൽ കോളനികളിൽ പകച്ച് വ്യാധികൾ പകരുന്നു.

(മൂർദ്ദി, അതിസാരം, വൈറസ്പനി, ചിക്കൻ പോക്സ്)

പരിഹാര മാർഗ്ഗങ്ങൾ

1) വിദ്യാഭ്യാസത്തിന്റെ പ്രാധന്യത്തെകുറിച്ച് മനസ്സിലാക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

2) കോളനികളിൽ സാക്ഷരതാ പ്രവർത്തനം പുനഃസ്ഥാപിക്കുക.

3) വിദ്യാഭ്യാസ രംഗത്തു് കുട്ടികൾക്ക് കൊടുക്കുന്ന ഗ്രാന്റ് വർധിപ്പിക്കുക.

4) പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന വേണ്ടി പഞ്ചായത്തു് മുൻകൈ എടുത്തു് ഒരു ട്യൂഷൻ സെൻറർ സ്ഥാപിക്കുക.

5) എല്ലാ കോളനികളിലും വായനശാലകൾ സ്ഥാപിക്കുക.

6) കൊഴിഞ്ഞു പോകുന്ന കുട്ടികളെ വീണ്ടും പഠിപ്പിക്കുന്നതിന് പഞ്ചായത്തു് ഇടപെട്ട് നടപടികൾ സ്വീകരിക്കുക.

7) നെയ്ത്ത്, റെഡിമെയിഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനു് പട്ടികജാതിയിൽപ്പെട്ടവർക്കു് പരിശീലനം കൊടുക്കുക. സാമ്പത്തിക സഹായം ലഭ്യമാക്കുക.

8) പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

9) പായനെയ്ത്ത്, കുട്ട, വട്ടി, മൺപാത്ര നിർമ്മാണം തുടങ്ങി തൊഴിൽ വൈദഗ്ധ്യമുള്ള ആളുകൾക്കു് സാമ്പത്തിക സഹായം ലഭ്യമാക്കുക.

10) കോളനികളിലെ കുടിവെള്ളക്ഷാമം, വൈദ്യുതിപ്രശ്നം റോഡിന്റെ അഭാവം എന്നിവ പരിഹരിക്കുക.

11) വീട് നിർമ്മിക്കുന്നതിനു് സാമ്പത്തിക സഹായം നൽകുന്നതോടൊപ്പം കക്കൂസു് നിർമ്മിക്കുന്നതിനും ധനസഹായം നൽകുക.

12) വീടും സ്ഥലവും അനുവദിയ്ക്കുക.

13) കാഷ്ടിക മേഖല മെച്ചപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

14) ക്ഷേമ പദ്ധതികളെ കുറിച്ചു് അറിവു നൽകുന്നതിനു് ബോധവൽ കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

15) പട്ടികജാതി ക്ഷേമ വകുപ്പും, പട്ടികജാതി കോപ്പറേഷനും നടപ്പാ ക്കുന്ന പദ്ധതികളുടെ പ്രയോജനം ഇവർക്കു് ലഭിക്കുന്നുണ്ടു് എന്നു് ഉറപ്പുവരുത്തുക.

16) ത്രിതല പഞ്ചായത്തു് നിലവിൽവന്ന സ്ഥിതിക്കു് എല്ലാ വായ്പ കളും പഞ്ചായത്തിലൂടെ നടപ്പിൽ വരുത്തുകയും പദ്ധതികളിൽ ലക്ഷ്യം നേടുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനു് പഞ്ചായ ത്തിനു് അധികാരം നൽകുക.

17) കോളനികളും സമതലമല്ലാത്തതിനൽ മണ്ണൊലിപ്പു് ഉണ്ടാകുന്നുണ്ടു്. അതു തടയുന്നതിനു് മാർഗ്ഗങ്ങൾ സ്വീകരിക്കുക.

18) പുളിനിരക്കോടു് കോളനിയിലേക്കു് റോഡു സൗകര്യം ഏർ പ്പെടുത്തുക.

19) കോളനികളിൽ ഇടയ്ക്കിടയ്ക്കു് ഡോക്ടറുടെ സേവനം ഏർപ്പെടുത്തുക.

20) അംഗീകൃത കോളനിയായ ഓനാന്തറയും, I. H. D. P കോളനി ആയ പുളിനിരക്കോടു്, ഈന്തക്കാടു്, മേലേക്കാടു് ഒഴികെ മറ്റൊല്ല. കോളനികളും അംഗീകൃത കോളനിയായി അഗീകരിക്കണം.

21) പനം തൊടിക കോളനിയിലെ വൈദ്യുതി, കക്കൂസു് എന്നീ പ്രശ്ന ങ്ങൾ പരിഹരിക്കുക.

22) നൂലുപറമ്പക്കാടു്, ചേറാടു്, ചോറക്കോടു് കരുമൻകാടു്, ഒട്ടപറമ്പു് മടിയപ്പാടം, വെള്ളംകാടു് മേട്ടത്തെരുവു്, മൂച്ചിക്കാടു് തുടങ്ങിയ കോളനികളിൽ വൈദ്യുതി എത്തിക്കുക. കിണർ, കക്കൂസു് തുടങ്ങി യവ സ്ഥാപിക്കുക.

23) തോട്ടപാടം, ചേരുംകോടു്, മന്ദാട്ടകൊല്ലമ്പു്, മടിയപ്പാടം വെള്ളം കാടു് മേട്ടത്തെരുവു് തുടങ്ങിയ കോളനികളിൽ റോഡു് അനു വദിക്കുക.

വാർഡ്	ക്രമ നമ്പർ	കോളനിയുടെ പേര്	വീട് കളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	കിണർ	പൊതു പൈപ്പ്	കക്കൂസ്	റോഡ്	വൈദ്യുതി
വാർഡ് I	1	ഓനാന്തറ (അംഗകൃതം)	23	92	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
	2	പനംതൊടിക	20	103	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
	3	ഈന്തക്കാട് (IHDP)	33	165	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
വാർഡ് II	1	നൂലുപറമ്പക്കാട്	17	80	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
	2	ചോറക്കോട്	20	104	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
വാർഡ് III	1	മേലേക്കാട് (IHDP)	33	165	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
വാർഡ് IV		കരുമൻകാട്	15	67	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
വാർഡ് V	1	പുളിന്നിരക്കോട് (IHDP	43	225	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
വാർഡ് VI	1	ഒട്ടപറമ്പ്	20	94	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
	2	തോട്ടരക്കാട്	20	88	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
	3	തോട്ടപാടം	25	101	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
വാർഡ് VII	1	ചേരുംകോട്	15	72	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
		മന്ദാടത്തുകുളമ്പ്	22	102	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
വാർഡ് VIII	1	മടിയപ്പാടം	25	124	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
	2	വെളുംകാട്	20	102	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
വാർഡ് IX	1	ചീരിയംകാട്	25	112	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
	2	ചേറാട്ട്	15	74	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
	3	മേട്ടത്തെരുവ്	15	76	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
	4	മൂച്ചിക്കാട്ട്	15	69	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല

കോളനികളം ഉൾപ്പെടാത്ത കുടുംബങ്ങളുടെ കൃത്യമായ കണക്കു ലഭിക്കാത്തതിനാൽ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഏകദേശം 300 കുടുംബങ്ങളം വരും)

വിഭവ സമാഹരണം

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ എടുത്തു പറയത്തക്ക വ്യവസായ സ്ഥാപനങ്ങളും ഒന്നും തന്നെ ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. നിലവിലുള്ള പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം കെട്ടിട നികുതി, തൊഴിൽനികുതി, വിനോദനികുതി മുതലായവയാണ്. ഇതിനു പുറമെ ലൈസൻസ് ഫീസ്, കന്നുകാലിചന്ത, ഷോപ്പിങ്ങ് സെൻറർ മുതലായവ ലേലം ചെയ്യുന്നതിൽ നിന്നും ചുരുങ്ങിയ നിരക്കിലുള്ള വരുമാനവും ലഭിക്കുന്നുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തെ പഞ്ചായത്തിന്റെ മൊത്തവരുമാനവും തനതുവരുമാനവും പ്രധാനപ്പെട്ട ചെലവുകളും താഴെ പറയുന്ന പ്രകാരമാണ്.

വരവ്

	ഇനം	93-94,	94-95,	95.96.
(1)	തനതു വരുമാനം.	3,80,512 -	4,08,297/-	4,06,334/-
	കെട്ടിട നികുതി.	1,24,708/-	1,34,674/-	1,52,032/-
	തൊഴിൽ നികുതി.	78,915/-	85,240/-	94,775/-
	വിനോദ നികുതി.	26,006/-	22,685/-	28,649/-
	ലൈസൻസ് ഫീസ്.	3,058/-	3,320/-	3,742/-
(2)	ഉപാതി രഹിത ഫണ്ട്	1,23,000/-	2,00,000/-	1,80,000/-
	എസ്സ്. സി. പി.	71,000/-	83,000/-	1,16,000/-
(3)	ഗ്രാൻറ്കളും സംഭാവനകളും	1,84,997/-	2,86,347	3,61,915/-
(4)	ആകെ വരവ്	7,15,386/-	10,80,553/-	12,42,668/-
	പ്രധാനപ്പെട്ട ചെലവ് ഇനങ്ങൾ			
	ജീവനക്കാരുടെ ശമ്പളം	3,37,867/-	3,54,192/-	3,75,061/-
	കറൻറ് ചാർജ്ജ്	64,554/-	68,648/-	69,045/-
	പത്രമാസിക	13,265/-	13,005/-	17,290/-
	ഉപാതിരഹിത ഫണ്ട്	1,68,460/-	1,62,460/-	2,26,717/-

ഇതിനു പുറമേ കഴിഞ്ഞ മൂന്നു വർഷങ്ങളായി താഴെപറയും പ്രകാരം. ജെ. ആർ. വൈ പ്രവർത്തികൾക്ക് സംഖ്യ ലഭിക്കുകയും, ആകെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

വർഷം	വരവ്	ചെലവ്
93-94	6,84,400/-	6,00,150/-
94-95	3,92,700/-	6,05,892/-
95-96	4,65,600/-	1,57,561/-

1995-96 വർഷത്തെ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ നിന്നും 92% ജീവനക്കാരുടെ വേതനത്തിനും, 17% വൈദ്യുതി ചാർജ്ജ് ഇനത്തിലും. 1.5% പത്രമാസികകൾക്കും, ചെലവ് വന്നിട്ടുണ്ട്. പുതിയ നിർക്കണസരിച്ച് പഞ്ചായത്ത് കമ്മിറ്റിക്കായി പ്രതിവർഷം ഒരു ലക്ഷം രൂപ ചെലവുവരുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയിൽ നിന്നാണു്. പഞ്ചായത്ത് പ്രദേശത്തു നിന്നും 500 ഓളം പേർ അന്യ സംസ്ഥാനങ്ങളിലും 500 ഓളം പേർ വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുവരുന്നുണ്ടെങ്കിലും ഇവരിൽ ഉയർന്ന സാമ്പത്തികനില കൈവരിച്ചവർ കുറവാണു്. പഞ്ചായത്തിന്റെ ജനങ്ങളിൽ കൃഷിക്കാർക്കു പുറമേ കർഷക തൊഴിലാളികളും മറ്റു കൂലി പണികളിൽ ഏർപ്പെടുന്നവരുമാണു് നല്ലൊരു ശതമാനം.

പഞ്ചായത്തിലെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുവാൻ താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതു് ഉചിതമായിരിക്കും.

1. പഞ്ചായത്തുകളിലെ തൊഴിൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുപകരം വരുമാനമുള്ള എല്ലാ വിഭാഗം തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി പിരിക്കാനുള്ള നിയമമുണ്ടാകണം.

2. കെട്ടിടനികുതി കെട്ടിട നിർമ്മാണത്തിനുള്ള ചെലവുകണക്കാക്കി സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തണം.

3. എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് ഫീസ് ചുമത്താനുള്ള നടപടികൾ സ്വീകരിക്കുക.

4. വിനോദനികുതി പിരിക്കുന്നതു് തിയേറ്ററുകളെ എ. ബി. സി. ക്ലാസ്സുകളാക്കി തിരിച്ച് ഒരു നിശ്ചിത സംഖ്യ ഏർപ്പെടുത്തണം.

5. സൈക്കിൾകളെ ഒഴിവാക്കി കൊണ്ട് മറ്റുവാഹനങ്ങൾക്ക് വാഹന നികുതി ചുമത്തുവാനും പെർമിറ്റ് നൽകാനുള്ള അനുമതി പഞ്ചായത്തുകൾക്ക് നൽകണം.
6. വസ്തു കൈമാറ്റ നികുതി അതാത് കാലയളവിൽ തന്നെ പഞ്ചായത്തുകളിൽ ലഭ്യമാക്കണം.
7. പഞ്ചായത്തിന് വിവേചന അധികാരം നൽകാതെ എല്ലാ പഞ്ചായത്തിനും കെട്ടിട നിയമചട്ടവും സർവ്വീസ് ടാക്സ് പിരിക്കലും ബാധകമാക്കണം.
8. പഞ്ചായത്തിന്റെ അധീനതയിൽ സിനിമാ തിയേറ്റർ കല്യാണ മണ്ഡപം, ഷോപ്പിംങ്ങ് സെന്റർ, മാർക്കറ്റ് സ്റ്റാൾ മുതലായവ നിർമ്മിക്കുന്നതിനുള്ള സംഖ്യ പലിശ ഇല്ലാത്തവായ്പകളായി ലഭിക്കുമാറാക്കണം.

ഈ പഞ്ചായത്ത് അതിർത്തിയിൽ 1. പെരുവെമ്പ് സർവ്വീസ് സഹകരണ ബാങ്ക് 2. ധനലക്ഷ്മി ബാങ്ക് 3. സൌത്ത് ഇന്ത്യൻ ബാങ്ക്. എന്നീ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ മുഖാന്തിരം വിവിധ ഇനം വായ്പകൾ ഈ പ്രദേശ ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇതിനു പുറമേ കാഷ്ടിക വികസന ബാങ്ക് 160 പേർക്കായി വിവിധ ഇനം വായ്പകളായി 18,10,000/-രൂപ ഈ പഞ്ചായത്ത് അതിർത്തിയിൽ നൽകിയിട്ടുണ്ട്.

പഞ്ചായത്തിനു ലഭിക്കുന്ന സംഖ്യയിൽ ഭൂരിഭാഗവും റോഡ് പ്രവർത്തികൾക്കാണ് ചെലവഴിക്കുന്നത്. സാമ്പത്തിക പരാധീനത മൂലം പഞ്ചായത്തിന്റെ പല ആവശ്യങ്ങളും നിറവേറ്റാൻ കഴിയാതെ വരുന്നു. വൈദ്യുതി ചാർജ്ജ്, വാട്ടർ സപ്ലേമെൻറൻസ് ചാർജ്ജ് ജീവനക്കാരുടെ ശമ്പളം മുതലായ ഇനത്തിലും പഞ്ചായത്തിന്റെ ഭൂരിഭാഗം വരുമാനം ചെലവഴിക്കേണ്ടി വരുന്നു. പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം സർക്കാർ ഖജാനാവിൽ നിന്നു നൽകുകയാണെങ്കിൽ ~~പ്രസ്തുത സംഖ്യ ഒഴിച്ച്~~ പഞ്ചായത്തിന്റെ ആവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റാൻ കഴിയും കൂടാതെ മനുഷ്യനു അത്യാവശ്യമായ വെള്ളം വെളിച്ചം എന്നിവ സൌജന്യമായി ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഒരു നിശ്ചിത ശതമാനം പൊതു ജനങ്ങളിൽ നിന്നും മനുഷ്യ അദ്ധ്വാനമായോ സംഭാവനകളായോ ലഭിക്കുകയാണെങ്കിൽ ഒരു പരിധിവരെ പഞ്ചായത്തുമുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുരോഗതി ഉണ്ടാകും.

പെരുവെമ്പ് ഗ്രാമ പഞ്ചായത്ത്
പ്രവർത്തന രേഖ

പെരുവെമ്പ് ഗ്രാമ പഞ്ചായത്തിന്റെ അഞ്ചാമത്തെ ഭരണ സാരഥികം 30-9-95 ന കാലത്തു് പഞ്ചായത്ത് ഓഫീസ് അങ്കണത്തിൽ വെച്ചു് സത്യപ്രതിജ്ഞ ചെയ്തു് മെമ്പർമാരായി തീരുകയും 1995 ഒക്ടോബർ 2നു് ഗാന്ധിജയന്തി നാളിൽ അധികാരം ഏറ്റുവാങ്ങുകയും ചെയ്തു. പഞ്ചായത്തിന്റെ ഭൗതിക നേട്ടവും തദ്ദേശ വാസികളുടെ ക്ഷേമവും ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവത്തനമാണു് അന്നു് തുടക്കം കുറിക്കപ്പെട്ടതു്.

ചെറിയ ഒരു ഗ്രാമ പഞ്ചായത്തായ പെരുവെമ്പ് ഗ്രാമ പഞ്ചായത്തിനു് വളരെ പരിമിതമായ വരുമാന മാർഗ്ഗമാണുള്ളതു്. കിട്ടുന്ന വരുമാനം തന്നെ ജീവനക്കാരുടെ ശംമ്പളത്തിനും തെരുവുവിളക്കുകളുടെ കറൻറു് ചാർജ്ജിനും തന്നെ മതിയാകില്ല. വികസന പ്രവത്തനങ്ങളും സാമൂഹ്യ ക്ഷേമ പ്രവത്തനങ്ങളും സക്കാരിൽ നിന്നുള്ള ഗ്രാൻറുകളും മറ്റു സഹായങ്ങളും ലഭിച്ചാലെ നടത്താൻ കഴിയൂ എന്ന അവസ്ഥയിലാണു് പഞ്ചായത്തിന്റെ സാമ്പത്തിക നില. മൂന്നു ലക്ഷം രൂപയോളം മൈനസ് ഫണ്ടാണു്, പഞ്ചായത്തിന്റെ ഇപ്പോഴത്തെ ഫണ്ടു് പൊസിഷൻ. ഇത്രയധികം ഞെക്കി ഞെരുങ്ങി കഴിഞ്ഞിട്ടും ഒരു വെല്ലുവിളിയെന്നോണം വികസന പ്രവത്തനങ്ങളും നടത്താൻ തീരുമാനിക്കുകയും, ചില നിർമ്മാണ പ്രവത്തനങ്ങളും പൂത്തീകരിക്കുകയും ചില നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുകയും ചെയ്യുന്നുണ്ടു് എന്നു് അഭിമാനത്തോടെ പറയാം

പുതിയ ഭരണസമിതി നിലവിൽ വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങളുടെ ഒരവലോകനം

ക്രമ നമ്പർ	പ്രവർത്തിയുടെ പേരു്	അടങ്കൽ തുക (രൂപ)	പ്രവർത്തിയുടെ നില
1.	ജെ.ആർ.വൈ ഫണ്ടു് ഉപയോഗിച്ചു് 95-96 വഷ്ത്തിലേതു് അഞ്ചു് പട്ടിക ജാതി കുടുംബങ്ങൾക്കു് 15800/- രൂപ നിരക്കിൽ ഭവന നിർമ്മാണ ധന സഹായം	79000/-	പുരോഗമിച്ചു വരുന്നു

2.	പാലത്തുള്ളി - പഞ്ചേനകുളമ്പ് റോഡ് പുനരുദ്ധാരണം (ടാറിങ്ങ്)	195000/-	പുരോഗമിച്ചു വരുന്നു
3.	പരപ്പന - ഈന്തക്കാട് റോഡ് നിർമ്മാണം 7-ാം ഘട്ടം	255000/-	പുരോഗമിച്ചു വരുന്നു
4.	വാഴക്കോട് ലക്ഷം വീട് കോളനിയിൽ കിണർ നിർമ്മാണം	26000/-	പുരോഗമിച്ചു വരുന്നു
5.	96-97 വർഷത്തിലേതു് 127 പട്ടികജാതി കുടുംബങ്ങൾക്ക് 2000/- രൂപ നിരക്കിൽ കക്കൂസ് നിർമ്മാണ ധനസഹായം	254000/-	തുടങ്ങിയിട്ടില്ല
6.	വാഴക്കോട് - നൊച്ചൂർ റോഡ് പുനരുദ്ധാരണം (റീ മെറ്റലിങ്ങ്)	115000/-	പുരോഗമിച്ചു വരുന്നു
7.	പരപ്പന-ഈന്തക്കാട് റോഡ് പുനരുദ്ധാരണം (റീ മെറ്റലിങ്ങ്)	60000/-	പുരോഗമിച്ചു വരുന്നു
8.	കുറുമണി-മൂച്ചിക്കാട് റോഡ് പുനരുദ്ധാരണം (റീ മെറ്റലിങ്ങ്)	90000/-	പുരോഗമിച്ചു വരുന്നു
9.	തുക്കിയപാടം-കുന്നക്കാട് റോഡ് പുനരുദ്ധാരണം (റീ മെറ്റലിങ്ങ്)	193000/-	പുരോഗമിച്ചു വരുന്നു
	അൺടൈഡ് ഫണ്ട് ഉപയോഗിച്ച് 94-95 വർഷത്തിലേതു്		
10.	ഒനാന്തറ പട്ടികജാതി കോളനി റോഡ് പുനരുദ്ധാരണം (മെറ്റലിങ്ങ്) ഒന്നാംഘട്ടം	433000/-	പൂർത്തീകരിച്ചു
11.	വെട്ടുകാട്-തറക്കളം റോഡ് പുനരുദ്ധാരണം (മെറ്റലിങ്ങ്)	60000/-	പൂർത്തീകരിച്ചു
12.	ഒനാന്തറ പട്ടികജാതി കോളനി റോഡ് പുനരുദ്ധാരണം (മെറ്റലിങ്ങ്) രണ്ടാംഘട്ടം	25960/-	പൂർത്തീകരിച്ചു
13.	വാഴക്കോട് റോഡ് പുനരുദ്ധാരണം (മെറ്റലിങ്ങ്) രണ്ടാംഘട്ടം	24000/-	പൂർത്തീകരിച്ചു

95-96 വർഷത്തിലേതു്

14.	പനംതൊടി റോഡു് പുനരുദ്ധാരണം (മെറ്റലിങ്ങു്) ഒന്നാംഘട്ടം	70200/-	പൂർത്തീകരിച്ചു
15.	മാവുക്കാട്ടു്-കുന്നക്കാടു് റോഡു് പുനരുദ്ധാരണം (മെറ്റലിങ്ങു്)	70150/-	പൂർത്തീകരിച്ചു
16.	പനംകുറ്റി-തെക്കെ പനംകുറ്റി റോഡു് പുനരുദ്ധാരണം (ബോളർ പതിക്കൽ)	80200/-	പൂർത്തീകരിച്ചു
17.	40 പട്ടികജാതി കുടുംബങ്ങൾക്കു് 3000/- രൂപ നിരക്കിൽ കക്കൂസു് നിർമ്മാണ ധനസഹായം (പത്തെണ്ണം പൂർത്തീകരിക്കാനുണ്ടു്) പഞ്ചായത്തു് ഫണ്ടു് ഉപയോഗിച്ചു്	120000/-	പൂർത്തീകരിച്ചു
18.	ഇരുനൂറിലധികം പാവപ്പെട്ട വിദ്യാർത്ഥികൾക്കു് യൂണിഫോം വിതരണം	19909/-	പൂർത്തീകരിച്ചു
19.	വിദ്യാർത്ഥികൾക്കു് ക്യാഷു് അവാർഡു്	1000/-	പൂർത്തീകരിച്ചു
20.	200 രൂപ നിരക്കിൽ 50 പേർക്കു് പുരമേയൽ ധനസഹായം	10000/-	പൂർത്തീകരിച്ചു
21.	കുഴൽ കിണറുകളും പൊതു കിണറുകളും റിപ്പയർ	8605/-	പൂർത്തീകരിച്ചു
22.	പാറക്കൽ പറമ്പു് റോഡു് പുനരുദ്ധാരണം	40000/-	പൂർത്തീകരിച്ചു
23.	പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആറു് സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കൽ	29000/-	പുരോഗമിച്ചു വരുന്നു
24.	പുനരുപ്പണ ദിനത്തിനോടനുബന്ധിച്ചു് ഐശ്വര്യാ കോളനി റോഡു് പുനരുദ്ധാരണം (മെറ്റലിങ്ങു്)	150000/-	പുരോഗമിച്ചു വരുന്നു
25.	ചോറക്കോട്ടു്-മേലെക്കാട്ടു് റോഡു് പുനരുദ്ധാരണം (മെറ്റലിങ്ങു്)	100000/-	പുരോഗമിച്ചു വരുന്നു

26. കുടിവെള്ളം വിതരണത്തി
നായി ദിവസക്കൂലി വ്യവസ്ഥ
യിൽ പമ്പ് ഓപ്പറേറർ /
വാഹ്വ് ഓപ്പറേറ്ററെ നിയോ
ഗിച്ചിട്ടുണ്ട്

തുടർന്നു വരുന്നു

ജനകീയ ആസൂത്രണത്തിന്റെ പുതിയയുഗം പിറക്കുന്ന ഈ അവസരത്തിൽ പഞ്ചായത്തിനു് വികസന പ്രവർത്തനങ്ങൾക്കും സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കും കൂടുതൽ പണം ലഭിക്കുമെന്നു് പ്രതീക്ഷിക്കുന്നുണ്ടു്. ജനപങ്കാളിത്തത്തോടെ കൂടുതൽ കൂടുതൽ വികസന പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും ഭാവിയിൽ കാഴ്ചവെയ്ക്കാൻ കഴിയുമെന്നു് പ്രത്യാശിക്കുന്നു.



"പ്രതിബന്ധങ്ങളോടു് മല്ലിട്ടു് അവയെ
വിജയമാക്കി മാറ്റുന്നതാണു് ധീരത"

— കെ. പി കേശവ മേനോൻ.